Aikyadeepam

# ഐക്യദീപം

നവംബർ

Since 1976 വില ₹ 10



# ബോധന


## തിരുവല്ല സോഷ്യൽ സർവ്വീസ് സൊസൈറ്റി

പുഷ്പഗിരി റോഡ്, തുകലശ്ശേരി, തിരുവല്ല – 1

Ph: 0469 2730561, 2606063

e-mail : bodhanatiruvalla@gmail.com, web: www.bodhanatiruvalla.org








# മഴജല സംഭരണി നിർമ്മാണം




- താരതമ്യേന ചെലവുകുറഞ്ഞത്
- ദീർഘകാലം നിലനിൽക്കുന്നത്
- ലളിതമായ സാങ്കേതിക വിദ്യ
- ആവർത്തന ചെലവുകളില്ല
- വർഷങ്ങളോളം ജലം ശുദ്ധമായി സൂക്ഷിക്കാം
- പരിസ്ഥിതിക്ക് അനുയോജ്യം
- ആവശ്യാനുസരണമുള്ള വലുപ്പത്തിൽ ഭൂമിക്കടിയിലോ മുകളിലോ നിർമ്മിക്കാം

**മഴവെള്ളം സംഭരിക്കൂ...... കുടിവെള്ളം ഉറപ്പാക്കൂ......**

# എഡിറ്റോറിയൽ

editorial

"വാനിലെ ഒറ്റ നക്ഷത്രമേ
ഈ രാവിൽ നിർനിമേഷം
നിന്നെ നോക്കി നടക്കുന്നു;
തട്ടിയും തടഞ്ഞും കൈകളും മുട്ടുകളും മുറിഞ്ഞും
എങ്കിലും നിന്നിൽ നിന്നു കണ്ണുകൾ മാറ്റിയില്ല
ഏക നക്ഷത്രമേ മറയരുതേ''

നിരാശ പൂത്തുലഞ്ഞ വഴികളിൽ അസ്തമയകിരണങ്ങൾ പതിയെ പതിയെ പ്രതീക്ഷയുടെ നീലമേഘങ്ങളെ പുൽകുകയായിരുന്നു. തുറന്നുവച്ച ഹൃദയചെപ്പിൽ നിന്നും രാത്രിയുടെ നിറം ഭേദിച്ച് നിശാ ശലഭങ്ങൾ പറന്നുയർന്നു. പ്രകാശഗോപുരങ്ങൾ തീർത്ത് അവ ചിറകടിച്ചുയരുമ്പോൾ രാത്രിയുടെ യാമങ്ങൾ പ്രഭാതകിരണങ്ങൾപോലെ പരിശുദ്ധിയിൽ മുങ്ങിനിന്നു. പ്രതീക്ഷകൾ നെഞ്ചിലേറ്റിയവരുടെ ഒരേയൊരുപ്രാർത്ഥനയാണിത്, **"ഏക നക്ഷത്രമേ മറയരുതേ."**

85-ാം പുനരൈക്യവാർഷികം ഒരു ചരിത്രനിയോഗമായി തിരുവല്ലയുടെ മണ്ണിൽ പിറന്നപ്പോൾ പുതിയ ചിലദർശനങ്ങളുടെ പിറവികൂടി ആയിരുന്നു അത്. കടുകുമണിയുടെ ദൗത്യംപേറി ദൃഢതയോടെ, പിളർപ്പില്ലാതെ നിലകൊള്ളുവാനും സ്നേഹകാരുണ്യ ഭാവങ്ങൾ നിറഞ്ഞ് ഹൃദയം പറിച്ചുനൽകുവാനും നാം ഒരുങ്ങുമ്പോൾ; ഇതൊരു പുതിയ ജനനം തന്നെ; നാം കേൾക്കുന്നതോ ദൈവം ആഗ്രഹിച്ച മാറ്റത്തിന്റെ ശംഖൊലിയും. ആത്മീയ നവോന്മേഷവും സാമൂഹികപ്രതിബദ്ധതയും സ്നേഹസംസ്കാരവും ഇനിയും ചെന്നെത്താത്ത തീരങ്ങളോളം സഭയെ നയിക്കട്ടെ.

പുഴപോലെ ഒഴുകി....കടലോളംവളർന്നു....ഇനി അനന്തവിഹായസിനോളം ചിറകുവിരിച്ച ഒരു ആകാശഗോപുരം. നോക്കൂ..... നമുക്കുചുറ്റും പറന്നുയരുന്ന പ്രതീക്ഷയുടെ ഈ ചിത്രശലഭങ്ങൾ; ഓരോ ചിറകിലും അവ പണിതുയർത്തുന്നതോ ഒരു പുതിയ പ്രഭാതം.



# ഐക്യദീപം
Aikyadeepam

2015 നവംബർ പുസ്തകം 46 ലക്കം 9




രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. തോമസ് മാർ
കൂറിലോസ് മെത്രാപ്പോലീത്താ

സഹ രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. ഫീലിപ്പോസ്
മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ

ചീഫ് എഡിറ്റർ
ഫാ. വർഗ്ഗീസ് ചാമക്കാലായിൽ

പ്രസാധകൻ
തോമസ് കൊടിനാട്ടുകുന്നേൽ
കോർ എപ്പിസ്ക്കോപ്പാ

ഉപദേശക സമിതി
മോൺ. ആന്റണി ചെത്തിപ്പുഴ
റവ. ഫാ. ചെറിയാൻ താഴമൺ
റവ. ഫാ. പ്രേമാനന്ദ് ഒ.ഐ.സി.
ശ്രീ. ഷാജി കാരയ്ക്കൽ
പ്രൊഫ. ജേക്കബ് എം. ഏബ്രഹാം
ശ്രീ. ജോമി കലയപുരം
ശ്രീ. ജിജി മുളമൂട്ടിൽ
ശ്രീമതി ലീലാമ്മ കച്ചറയ്ക്കൽ



06 ഒരു ആദർശ സംഗമം
ഫാ. ജോൺ ബർക്കുമൻസ് ഒ.ഐ.സി.

12 കണ്ണുനീർതുള്ളികൾക്ക് അർത്ഥമുണ്ട്
ഫാ. ഡേവിസ് ചിറമ്മേൽ

16 SANYASA
Swami Veerabhadrananda
Translation by : Fr. Eldho Mozhasseril

20 കടുകുമണിയുടെ ദൗത്യവുമായ്
ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്

22 പ്രകാശം നല്കിയ കണ്ണുകൾ
ഗോപിക ബാലൻ

31 സച്ചിനെ കണ്ടു പഠിക്കണം
ടോംസ് ആന്റണി



Printing at: Dona Offset, Kottayam
Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas: $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE: ANDBINBB

Designed by :
Prasad P. S.
Greeshma Designs, Kottayam
Ph: 9447304348
gdesignktm@gmail.com

All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly, St. John's Complex , Kacheripady, Tiruvalla-1. Phone: 0469-2600626 E-mail: aikyadeepamtvla@gmail.com



# ഇടയശബ്ദം

മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്

## കുടുംബം ചിന്താവിഷയമാകുന്ന സന്ദർഭം; മാതാവിനെ ഓർക്കുന്ന മാസം

പരിശുദ്ധ ദൈവമാതാവിനെപ്പറ്റി ആംഗലേയ കവി വില്യം വേർഡ്സ്വർത്തിന്റെ നിരീക്ഷണം ശ്രദ്ധേയമാണ്: Mary is our tainted natures solitary boast - മറിയം മാനവകുലത്തിന്റെ ഏക അഭിമാന ഭാജനം. സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും എന്ന അമ്മയുടെ പ്രവചനപരമായ ഉദീരണം എത്രയും ശരിയായിരുന്നു എന്ന് കാലം തെളിയിക്കുന്നു. അമ്മയുടെ മാദ്ധ്യസ്ഥം നമുക്കെന്നും അഭയമാണ്. ഒക്ടോബർ മാസം ജപമാല ഭക്തിയുടെ മാസമാണ്. ചരിത്രത്തിൽ അമ്മയുടെ ഇടപെടൽ വ്യക്തമായിട്ടുള്ള എത്ര സന്ദർഭങ്ങളാണുള്ളത്. ജോൺ വിയാനി എന്ന യുവാവ് വൈദികനായത് മാതൃഭക്തിയുടെ പിൻബലത്തിൽ മാത്രമാണ്; പഠനത്തിന്റെ മികവിലായിരുന്നില്ല. കഴുതബുദ്ധി എന്ന ആക്ഷേപത്തെ കഴുതയും കർത്താവിനാവശ്യമായിരുന്നല്ലോ എന്ന വിനയപൂർവ്വമുള്ള മറുപടികൊണ്ട് നേരിടുന്നു. ബുദ്ധി വൈഭവം കുറഞ്ഞവനെന്ന് വിലയിരുത്തപ്പെട്ടു എങ്കിലും അജപാലന മേഖലയിൽ ഇത്രയധികം ശോഭിച്ച ഒരു വൈദികൻ ഇല്ല തന്നെ. വൈദികരുടെ മുഴുവൻ മദ്ധ്യസ്ഥനായി അദ്ദേഹം ഉയർത്തപ്പെട്ടെങ്കിൽ, പിൻബലമായി നിൽക്കുന്നത് മാതൃഭക്തിയത്രേ. പരിശുദ്ധ അമ്മയുള്ളിടത്ത് നന്മയുണ്ട്; അവിടെ കൃപയുടെ നിറവുണ്ട്; കുറവുകൾ അവിടെ നിറവുകളായി മാറ്റപ്പെടുന്നു.

ഓക്സ്ഫഡ് സർവ്വകലാശാലയിലെ ഉന്നതമായ ഡീൻ പദവിയും പേരും പെരുമയും ഉപേക്ഷിച്ച് കത്തോലിക്ക സഭയിൽ വരുവാൻ കാരണമെന്തെന്ന് കാർഡിനൽ ന്യൂമാനോടുള്ള ചോദ്യത്തിനുത്തരം: "മറ്റതെല്ലാം സുഖസൗകര്യങ്ങളുണ്ടെങ്കിലും ശരി, അമ്മയില്ലാത്ത വീട്ടിൽ കഴിയുന്നതിലുള്ള അസ്വസ്ഥതകൊണ്ടാണ് മാതാവിന്റെ നിറസാന്നിദ്ധ്യമുള്ള കത്തോലിക്കാ സഭയെ തേടിവന്നത്" എന്നായിരുന്നു. എത്ര ഉദാത്തമായ വാങ്മയം! 13-ാം നൂറ്റാണ്ടിൽ യൂറോപ്പിൽ വളർന്നുവന്ന ഭക്താനുഷ്ഠാനമാണ് ജപമാല. സ്വർഗ്ഗ കവാടം തുറക്കുന്ന താക്കോലായി ജപമാലയെ വിശുദ്ധർ ആദരിച്ചിരുന്നു. മൂന്നാമത്തെ സാർവ്വത്രിക സുന്നഹദോസിൽ (എഫേസൂസ് എ.ഡി. 431) അലക്സാണ്ട്രിയായിലെ വി. സിറിൾ നടത്തിയ വിശ്വാസപ്രഖ്യാപനം ആദരപൂർവ്വം ശ്രദ്ധിക്കേണ്ടതാണ്. "ലോകത്തിന്റെ മുഴുവൻ അനുഗ്രഹഭണ്ഡാ



രമായി ആദരിക്കപ്പെടുന്ന പ്രസാദവരപൂർണ്ണയായ മറിയം വിശ്വാസികൾക്ക് അണയാത്ത ദീപമാണ്. കന്യത്വത്തിന്റെ മകുടവും മണിവിളക്കും, സത്യവിശ്വാസത്തിന്റെ സംരക്ഷകയും നാരകീയ ശക്തികളുടെ പേടിസ്വപ്നവുമായ മറിയം, പരിശുദ്ധ ത്രിത്വം ആരാധിക്കപ്പെടുന്നതിനും മാനവ രക്ഷയുടെ പ്രതീകമായ കുരിശ് വണങ്ങപ്പെടുന്നതിനും കാരണഭൂതയാണ്. അന്ധകാരത്തിലും മരണഭയത്തിലും നിരാശയിലും അകപ്പെട്ടിരിക്കുന്നവർക്ക് യേശുനാഥന്റെ ദിവ്യവെളിച്ചം വെളിപ്പെടുന്നത് പ. മറിയം വഴിയാണ്." അമ്മയോടുള്ള ഭക്തിയിൽ നമുക്കും വളരാം. യേശുനാഥനിലേക്കുള്ള തെറ്റുപറ്റാത്ത വഴികാട്ടിയും ഉറപ്പുള്ള മാതൃകയുമാണവൾ.

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ വിളിച്ചുചേർത്ത 15-ാമത് സാധാരണ സുന്നഹദോസ് കുടുംബത്തെക്കുറിച്ചുള്ള പഠനത്തിലും ധ്യാനത്തിലും

(ശേഷം 38-ാം പേജിൽ)




# ഒരു ആദർശസംഗമം

## ആമുഖം

ആഘോഷങ്ങൾക്കുപരി, 85-ാം പുനരൈക്യ വാർഷികത്തെ ആദർശങ്ങളുടെ ഒരു സംഗമവേദിയാക്കി മാറ്റിയെടുത്തതിൽ പങ്കെടുത്തവർക്കെല്ലാം ഒന്നുപോലെ സന്തോഷമുണ്ട്, അഭിമാനമുണ്ട്. 'സംഗമം' എന്ന വാക്കിന്റെ അർത്ഥം തന്നേ ഒന്നു ചേർന്ന് മുന്നോട്ടുള്ള നീക്കം എന്നായിരിക്കുമല്ലോ. ഒന്നിച്ചുകൂടി അപ്പോസ്തലന്മാരുടെ പ്രബോധനം ഉൾക്കൊണ്ട്, അപ്പം മുറിച്ച് ഭക്ഷിച്ച്, സ്തോത്രയാഗം അർപ്പിച്ച് തങ്ങൾക്കുള്ളവ മറ്റുള്ളവരുമായി പങ്കുവച്ച ക്രിസ്തുശിഷ്യരുടെ സംഗമത്തിലൂടെയാണല്ലോ സഭ ജനിക്കുന്നതു തന്നേ (Acts 2:42-47). രക്ഷ പ്രാപിക്കേണ്ടവരുടെ ആ സമൂഹത്തിലേക്ക് കർത്താവ് പ്രതിദിനം അംഗങ്ങളെ ചേർത്തുകൊണ്ടിരുന്നപ്പോൾ (V. 47) അവരുടെ പങ്കുവയ്ക്കൽ ഭാവവും വളർന്നുകൊണ്ടിരുന്നു. (Acts 4:32-35). ഈ തിരുവചനങ്ങൾ ഒരു കാര്യം വ്യക്തമാക്കുന്നുണ്ട്. ക്രിസ്തീയ സമൂഹത്തിന്റെ വളർച്ചയുടെ മാനദണ്ഡം അംഗസംഖ്യയല്ല, ഒന്നിച്ചുചേർന്നവരുടെ കൂട്ടായ്മ (communion) മനോഭാവമാണ്. ആരാധന, അപ്പസ്തോലികത, കൗദാശികത, പങ്കുവയ്ക്കൽ ഇവയുടെ ശക്തമായ ഒരു സംഗമമായിരുന്നു തിരുമൂലപുരത്ത് സെപ്റ്റംബർ 19, 20, 21 തീയതികളിൽ ഒത്തുചേർന്നത്. ഇത്തരം സംഗമങ്ങളിൽ കൂടിയാണ് സഭ വളർന്നതും വളരുന്നതും.

## 1. രംഗപരിശുദ്ധി

ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി മുണ്ടൻമല യോട് വിടപറഞ്ഞ്, അനുചരന്മാരെ വെണ്ണിക്കുളത്താക്കിയിട്ട്, ഇനി എന്ത്, എങ്ങോട്ട് എന്നറിയാതെ, സ്വന്തസഭയുടേയോ, കത്തോലിക്കാ സഭയുടേയോ അംഗമല്ലാതെ, show me the next step and that is enough for me (lead kindly light) എന്ന് നെഞ്ചത്തടിച്ച് കണ്ണീർ വാർത്ത് കഴിഞ്ഞുകൂടിയ പർണ്ണശാലയുടെ സ്ഥാനത്തു സഭയുടെ കെട്ടുപണിയിൽ കണ്ണുനീരിനും ത്യാഗത്തിനുമുള്ള സ്ഥാനം പ്രഘോഷിച്ചുകൊണ്ട്



ഫാ. ജോൺ ബർക്കുമൻസ്
ഒ.ഐ.സി.

ഉയർന്നു വന്നിരിക്കുന്ന മാർ ഈവാനിയോസ് സ്മൃതി മന്ദിരം സമ്മേളന വേദിയുടെ കിഴക്കുവശത്ത്, പടിഞ്ഞാറുവശത്ത് മാർ ഈവാനിയോസ് തിരുമേനി 1925-ൽ റമ്പാൻ പട്ടം സ്വീകരിച്ച, മലങ്കര ഓർത്ത ഡോക്സ് സഭയ്ക്ക് സാക്ഷ്യം വഹിച്ചുകൊണ്ട് നിൽക്കുന്ന തിരുമൂലപുരം ഓർത്തഡോക്സ് പള്ളി. ഒരു വശത്ത് "കർത്താവിന്റെ സഭ ഒന്നാണ്" എന്ന കത്തോലിക്കാ സഭയുടെ വിട്ടുവീഴ്ച ഇല്ലാത്ത സഭാ ദർശനം. മറുവശത്ത് ഇൻഡ്യയിലെ, മാർത്തോമാ ശ്ലീഹായുടെ അന്ത്യോക്യൻ സഭ അപ്പോസ്തലിക മാണ്, അതുകൊണ്ട് അത് സ്വയശീർഷക (autocephalous) സഭയാണ് എന്ന മുട്ടാപ്പോക്ക് ആദർശം. ഈ രണ്ട് ആദർശങ്ങളുടെ ഒരു ഉന്നതതല സമ്മേളനം, സ്മൃതിമന്ദിരം ഇരിക്കുന്ന സ്ഥലത്തെ പർണ്ണ ശാലയിൽ 1930 ആഗസ്റ്റിൽ നടന്നു. (Cfr. Fr. Inchakkalody, Mar Ivanios (Malayalam) Vol. 1, PP 370-374) വട്ടശ്ശേരിൽ ദിവന്നാസിയോസ് തിരുമേനിയും മാർ ഈവാനിയോസ് തിരുമേനിയും ഒന്നുചേർന്ന് നടത്തിയ ആ സമ്മേളനം സംഭവിക്കാമായിരുന്ന ദൈവകൃപയുടെ ഒരു സംഗമമാവാതെ പിരിഞ്ഞു.

സ്മൃതിമന്ദിരത്തിനും ഓർത്തഡോക്സ് പള്ളിയ്ക്കും ഇടയ്ക്ക് രണ്ടിനെയും തൊട്ടുനിന്നിരുന്ന സമ്മേളനവേദിയിൽ വച്ച് ഓർത്തഡോക്സ് സഹോദരങ്ങളുടെ പരിപൂർണ്ണസഹകരണത്തോടെ നടത്തപ്പെട്ട പരിപാടികൾ ഒരു സത്യം വിളിച്ചു പറഞ്ഞു കൊണ്ടിരുന്നു. "നമ്മുടേത് ഒരു കർത്താവും, ഒരു വിശ്വാസവും, ഒരേ മാമോദീസായുമാണ്. നാം ഒരു കുടുംബത്തിലെ മക്കളാണ്, പിണങ്ങി മാറി നിൽക്കുന്നെന്നേയുള്ളൂ. സുവിശേഷത്തിന്റെ സന്ദേശം നാം ഒന്നുചേർന്ന് അനുഭവിക്കുകയും പ്രസരിപ്പിക്കുകയും അല്ലേ വേണ്ടത്"? തിരുമൂലപുരവും തിരുവല്ലായും സഭകളുടെ മാത്രമല്ല, മതങ്ങളുടെ തന്നേ ഒരു സംഗമവേദിയാണ്. തിരുമൂലപുരത്തെ NSS, SNDP കരയോഗങ്ങൾ, ആശംസാകമാനങ്ങൾ കെട്ടിയും, സ്വന്തസ്ഥല സൗകര്യങ്ങൾ അതിഥികൾക്ക് നേർന്നുകൊണ്ടും കാണിച്ച മതസൗഹാർദ്ദം, നൂറ്റാണ്ടുകളായി ഏകോദരസഹോദരങ്ങളായി കഴിയുന്ന മത വിഭാഗങ്ങളെ ശത്രുക്കളാക്കി മാറ്റാനുള്ള തത്പരകക്ഷികൾക്ക് ശരിയായ മാർഗ്ഗ നിർദ്ദേശം പകരുക തന്നെ ചെയ്തു.

## 2. ത്യാഗം സഭയെ വളർത്തുന്നു

1939-ൽ സഭകളുടെ കൂട്ടായ്മയിലേക്ക് കടന്നുവന്ന ക്നാനായ-യാക്കോബായ സഭയുടെ മെത്രാപ്പോലീത്താ മാർ ദിയസ്കോറോസ് തിരുമേനി കബറടങ്ങിയിരിക്കുന്നത് തിരുമൂലപുരം മലങ്കര കത്തോലിക്കാ പള്ളിയിലാണ്. അദ്ദേഹവും തൊഴിയൂർ സ്വതന്ത്ര സുറിയാനിസഭയുടെ മെത്രാപ്പോലീത്താ ആയിരിക്കുമ്പോൾ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ട മാർ പിലക്സിനോസ് തിരുമേനിയും നിശ്ശബ്ദ മായി എന്നാൽ അതിശക്തമായി ഒരു പുനരൈക്യ സന്ദേശം പ്രഘോഷിച്ചു കൊണ്ടിരിക്കുകയാണ്: സഭ കൾ തമ്മിൽ യോജിക്കുന്നതിന് സഭാനേതാക്കൾ ത്യാഗം ഏറ്റെടുത്തെങ്കിലേ മതിയാകൂ. തികഞ്ഞ ആദ്ധ്യാത്മികതയും ത്യാഗ സന്നദ്ധതയുമാണ് എക്യൂമെനിസം ശാക്തീകരിക്കുന്ന വ്യവസ്ഥകൾ. മാർ ഈവാനിയോസ്



പിതാവിനേയും തെയോ ഫിലോസ് തിരുമേനി യേയും പോലെ തപസ്സും പ്രാർത്ഥനയും കൊണ്ടും സഭയെ വളർത്താനാകും എന്ന് വിശ്വസിച്ച് തങ്ങളെത്തന്നെ വിട്ടുകൊടുത്തതാണ് മലങ്കര കത്തോലിക്കാ സഭയുടെ അത്ഭുതാവഹമായ വളർച്ചയ്ക്ക് ഒരു കാരണം എന്നതിന് സംശയമില്ല.

### 3. Ut Unum Sint (എല്ലാവരും ഒന്നാകുന്നതിന്)

പ്രസംഗങ്ങളുടെ വിപണി കുത്തനെ ഇടിഞ്ഞിരിക്കുന്ന ഇക്കാലത്ത് ചിലവുകൊടുത്ത് കൊണ്ടുവന്നിരിക്കുന്നവർ മാത്രം പ്രസംഗങ്ങൾക്ക് ഇരുന്നുകൊടുക്കുന്ന ഇന്ന്, ഇപ്രാവശ്യത്തെ സമ്മേളനങ്ങളിൽ ഒട്ടേറെപ്പേർ പങ്കെടുത്തതും, കേൾവിക്കാർ അവയുടെ സന്ദേശം ഉൾക്കൊള്ളാൻ ശ്രമിച്ചതും സമ്മേളനങ്ങളുടേയും പ്രസംഗങ്ങളുടെ ഗുണമേന്മയ്ക്കുള്ള വലിയ സർട്ടിഫിക്കറ്റായിരുന്നു. ഒരു ചെറിയ വിശകലനം, കേൾക്കാത്തവർക്ക് സഹായമാകുമല്ലോ. ഇന്ന്



മലങ്കരസഭാവേദികളിൽ എവിടെയും മുഴങ്ങികേൾക്കുന്ന “5ൽ നിന്ന് 5 ലക്ഷത്തിലേക്ക്” എന്ന വലിമ പറച്ചിലിന്, ഒരു നലം തികഞ്ഞ ദൈവശാസ്ത്രജ്ഞനായ പാലാരൂപതയുടെ മെത്രാൻ അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് തിരുമേനി കൊടുത്ത വ്യാഖ്യാനം വളരെ അർത്ഥവത്തായി തോന്നി: non multa sed multum എന്ന ലത്തീൻ ചൊല്ല്-ഇംഗ്ലീഷിൽ not too many but good many-മലങ്കര കത്തോലിക്കരെ സംബന്ധിച്ച് വളരെ അർത്ഥവത്താണ്. ഒരു സഭയുടെ സാരവത്തായ അഭിമാനം അതിന് എത്ര ലക്ഷം/കോടി അംഗങ്ങളുണ്ട് എന്നതല്ല, ഉള്ള അംഗങ്ങളുടെ ഗുണമേന്മയിലാണ്. Universal എന്ന പദം ലത്തീനിലെ unum (one) എന്നും versus (towards) എന്നും ഉള്ള രണ്ടു പദങ്ങൾ സമ്മേളിച്ചതാണ്. ഒരു സഭ യൂണിവേഴ്സൽ-കത്തോലിക് ആണെന്നു പറയുമ്പോൾ, അതിന്റെ സെന്ററിൽ നിന്ന് എപ്പോഴും പുറത്തേക്ക് (towards the periphery) ചലിച്ചുകൊണ്ടിരിക്കുന്ന, ജീവിക്കുന്ന ഒരു ഓർഗനിസം ആണെന്നാണ് നാം മനസ്സിലാക്കുന്നത്. Ut unum sint - എല്ലാവരും ഒന്നാകുന്നതിന് – എന്ന യേശുവിന്റെ പ്രാർത്ഥനയുടെ അതേ പേരിൽ അറിയപ്പെടുന്ന ജോൺ പോൾ II മാർപാപ്പയുടെ ചാക്രിക ലേഖനത്തിന്റെ മനോഹരമായ ഒരു ആവിഷ്കരണമാണ് ഇവിടെ നമുക്ക് ലഭിക്കുക. സഭ എപ്പോഴും അരികുകളിലേക്ക് (to the periphery) ഇറങ്ങിച്ചെന്നു കൊണ്ടിരിക്കുന്നു. അതേസമയം അരികുകൾക്ക് സ്വന്തമായ ഒരു അസ്ഥിത്വമില്ല. മൂലകാണ്ഡത്തോടുള്ള അരികുകളുടെ താദാത്മ്യപ്പെടലിലാണ് അവയുടെ ശക്തി, ജീവൻ. മൂലകാണ്ഡത്തിൽ നിന്നുള്ള വേർപെടൽ അവയെ ഫലങ്ങൾ പുറപ്പെടുവിക്കാൻ ശക്തിയില്ലാത്ത ഉണങ്ങിയ ശാഖകളാക്കി മാറ്റുന്നു.

### 4. സമർപ്പിതർക്ക് ആദരം

സമർപ്പിത വർഷത്തിൽ നടന്ന 85-ാം പുനരൈക്യവാർഷികത്തിൽ സമർപ്പിതരെ പ്രത്യേകമായി ആദരിക്കുകയുണ്ടായി. സന്യാസ സംഗമമെന്ന പേരിൽ നടന്ന ഈ ആദരിക്കൽ ഫലത്തിൽ സന്യാസത്തെപ്പറ്റി ചൂടുള്ള ഒരു പ്രബോധനമായിരുന്നു. മലങ്കര കത്തോലിക്കാ സഭ ഒരു monastic church ആണെന്ന സത്യം ഈ അടുത്ത കാലത്ത് കൂടുതൽ ശക്തമായി അംഗീകരിക്കപ്പെട്ടുവരികയാണ്. 2500-ഓളം സന്യസ്ഥരുണ്ടെന്നുള്ളതല്ല സഭ തന്നേ പാശ്ചാത്യ സുറിയാനിസഭയുടെ പ്രധാനപ്പെട്ട സന്യസ്ഥ ഭാവങ്ങളിൽ അധിഷ്ഠിതമാണെന്നതാണ് അതിന്റെ പൊരുൾ. ആണ്ടുവട്ടത്തിലെ 365 ദിവസങ്ങളിൽ 114-ഉം ആ സഭയിൽ നോമ്പ്, ഉപവാസം, പ്രാർത്ഥന ഇവയുടെ ദിവസങ്ങളാണ്. എല്ലാ ബുധനാഴ്ചയും/വെള്ളിയാഴ്ചയും, ഇതിൽ ഏതെങ്കിലും ഒന്നിലെങ്കിലും, സ്വന്തകാര്യസാദ്ധ്യങ്ങൾക്ക് ഉപരി, സഭയുടെ പൊതുവായ സുസ്ഥിതി, വളർച്ച, ഇവയ്ക്കുവേണ്ടി നോമ്പെടുത്ത് ഉപവസിക്കുന്ന വ്യക്തികളുടെ/കുടുംബങ്ങളുടെ സംഖ്യ മലങ്കര കത്തോലിക്കാസഭയിൽ വർദ്ധിച്ചുവരികയാണ്. സമർപ്പിതർക്ക് കല്പിക്കപ്പെട്ടിരിക്കുന്ന യാമ പ്രാർത്ഥനകൾ, ചെറിയ ക്രമത്തിലായിരിക്കാം, രണ്ടുനേരമെങ്കിലും നടത്തുന്ന വ്യക്തികളും കുടുംബങ്ങളും മറ്റേതെങ്കിലും സഭയിൽ ഉണ്ടോ എന്നറിവില്ല. പുനരൈക്യവാർഷികത്തോടനുബന്ധിച്ച് നടന്ന സന്യാസസമ്മേളനം മലങ്കരസഭയുടെ സന്യാസഭാവത്തിന് അടിവരയിട്ട് ഉറപ്പിച്ചു.



## 5. സന്യാസം ആർഷഭാരതസംസ്കാരത്തിന്റെ ഭാഗം: വലയിൽനിന്ന് പിടിവിടാതെ വള്ളത്തിൽ നിന്ന് ഇറങ്ങാതെ

സന്യാസസമ്മേളനത്തിൽ സ്വാമി വീരഭദ്രാനന്ദ പറഞ്ഞു: സന്യാസം ഒരു ഹിന്ദുമത വീക്ഷണം മാത്രമല്ല, ആർഷഭാരത സംസ്കാരത്തിന്റെ തന്നേ ഭാഗമാണ്. സ്വത്ത്, ഏത് മാർഗ്ഗമായാലും വേണ്ടതില്ല വാരികൂട്ടുന്നതിനുള്ള പ്രവണത, ആരെ ഇടിച്ചുതാഴ്ത്തിയാണെങ്കിലും സാരമില്ല, അധികാരം കയ്യാളുന്നതിനുള്ള പ്രവണത, ഇവകൊണ്ട് ഇന്ന് ഇൻഡ്യാക്കാർ ശ്വാസം മുട്ടുകയാണ്. ആർഷഭാരത സംസ്കാരം തന്നേ ഊർദ്ധ്വശ്വാസം വലിക്കുകയാണ്. അത് വെറുമൊരു സങ്കല്പം മാത്രമായിമാറുകയാണ്. ത്യാഗം ഏറ്റെടുക്കുന്ന, വേണ്ട, ഇത്രയും മതി എന്ന് വയ്ക്കുന്ന സന്യാസസംസ്കാരം മാത്രമാണ് ഏക പരിഹാരം. "വല ഉപേക്ഷിച്ച് അവർ അവനെ അനുഗമിച്ചു. (Mc1/18) പിതാവായ സെബദിയെ സേവകരോടൊപ്പം വള്ളത്തിൽ വിട്ട് അവനെ അനുഗമിച്ചു. (V.20) എന്ന തിരു വചനങ്ങൾ വ്യാഖ്യാനിക്കുമ്പോൾ അഭിവന്ദ്യനായ പ്ലാസിഡച്ചൻ പറഞ്ഞു: "വലയിൽനിന്ന് പിടിവിടാതെ അതിൽ മുറുകെ പിടിച്ചുകൊണ്ട് വള്ളത്തിൽനിന്ന് ഇറങ്ങാതെ അപ്പനോട് (സ്വന്തകുടുംബത്തോട്) വിടപറയാതെ സന്യാസ /സമർപ്പിത ജീവിതങ്ങളെ വെറുമൊരു തൊഴിലായി (profession) ജീവസന്ധാരണ മാർഗ്ഗമായി മാത്രം മാറ്റിയിരിക്കുന്ന സന്യാസി/ സന്യാസിനി/സമർപ്പിതർ ഇന്ന് ധാരാളം. അങ്ങനെയുള്ളവർ M.D സെമിനാരി പ്രിൻസിപ്പൽ ഉദ്യോഗം, സെറാമ്പൂർ കോളേജ് പ്രൊഫസർ ഗൗൺ ഉപേക്ഷിച്ച്, കാഷായ വസ്ത്രം അണിഞ്ഞ് മുണ്ടൻ മലകയറിയ, 400 ഏക്കർ റബ്ബർതോട്ടം ഒരു സെന്റുപോലും സ്വന്തമാക്കാതെ എഴുതിക്കൊടുത്ത് മുണ്ടൻമല ഇറങ്ങിയ, തിരുമൂലപുരത്തെ പർണ്ണശാലയിൽ (ഇപ്പോഴത്തെ സ്മൃതിമന്ദിരം) നെഞ്ചത്തടിയും കണ്ണീരും പ്രാർത്ഥനയും മാത്രം ദിനചര്യയാക്കിയ മാർ ഈവാനിയോസ് ആണ് തങ്ങളുടെ സന്യാസ ഗുരുഭൂതൻ എന്നതു വിസ്മരിക്കാതിരിക്കുക. സന്യാസികൾ ആകാശത്തുനിന്നുള്ള ശബ്ദം ശ്രവിക്കുന്നവരാണ്. അതാതുകാലങ്ങളിൽ തങ്ങളോട് സംവദിക്കുന്ന ആകാശത്തുനിന്നുള്ള ശബ്ദത്തിന് കാതോർക്കുന്നവരാണ്. ഒരു ക്രിസ്തുശിഷ്യനെ പാട്ടിലാക്കാൻ ശക്തിയുള്ള എല്ലാത്തരത്തിലുമുള്ള ശബ്ദങ്ങൾ കൊണ്ട് മലിനീകൃതമാണ് ഇന്നത്തെ അന്തരീക്ഷം. അവകൊണ്ട് മലിനമാകാതെ നോക്കികൊള്ളുക. "രാജ്യസഭാഉപാദ്ധ്യക്ഷൻ പ്രൊഫ. പി. ജെ. കുര്യന്റെ സന്യാസത്തെപ്പറ്റിയുള്ള പരാമർശങ്ങൾ ഏതൊരു കത്തോലിക്കനേയും പുളകം കൊള്ളിക്കുന്നവയായിരുന്നു. സമർപ്പിതരായ സന്യസ്ഥരുടെ പ്രാർത്ഥനയും ത്യാഗവുമാണ് ലോകത്തെ ത്തന്നേ നിലനിർത്തുന്നത്. അവരുടെ ത്യാഗ ജീവിതത്തോടു താരതമ്യപ്പെടു



ത്തിയാൽ രാഷ്ട്രീയനേതാക്കന്മാരുടെ സേവനങ്ങൾ ഒന്നുമല്ല. അംഗസംഖ്യയിൽ ചെറുതായ മലങ്കര കത്തോലിക്കാ സഭയിൽ സേവനമനുഷ്ഠിക്കുന്ന 2500-ഓളം സമർപ്പിതരാണ് അതിനെ ഇത്രമാത്രം വലുതാക്കിയിരിക്കുന്നത്. സന്യാസത്തിന് പേരുകേട്ട പാശ്ചാത്യസഭകളിൽ ഇന്ന് സന്യാസത്തിന് സംഭവിച്ചിരിക്കുന്ന ധാർമ്മിക അധ:പതനം നമ്മെ ഇരുത്തി ചിന്തിപ്പിക്കേണ്ടതാണ്. സന്യാസസമ്മേളനത്തിൽ അലതല്ലിയ പ്രബോധനങ്ങൾ മലങ്കരസഭയെ ഒട്ടേറെ പ്രബുദ്ധമാക്കിയിരിക്കുകയാണ്.

### 6. കൊടുക്കുക, കൊടുക്കുക, കൊടുക്കുക

Kidney Federation of India-യുടെ പ്രസിഡന്റായ



Fr. Davis Chiramel-ന്റെ സഹകാരികളോടൊപ്പം ഉള്ള സാന്നിദ്ധ്യവും വാക്കുകളും കൊടുക്കുക, കൊടുക്കുക, തന്നെ തന്നെ മുറിച്ചു കൊടുക്കുക എന്ന സുവിശേഷ ദൗത്യം സമ്മേളനത്തെ മാത്രമല്ല മലങ്കര കത്തോലിക്കാ സഭയെ ഒന്നടങ്കം കയ്യടക്കി എന്ന പ്രതീതിയാണ് ഉണ്ടാക്കിയത്. ലോകത്തിന് ജീവൻ പകരുകയും അത് സമൃദ്ധമായി കൊടുക്കുകയും ചെയ്യുന്ന സഭയുടെ ദൗത്യത്തിന്റെ ആവിഷ്കരണവേദിയായി 21-ാം തീയതി നടന്ന പൊതുസമ്മേളനം. സഭയിലെ 12 മെത്രാപ്പോലിത്തമാർ ഒന്നിച്ച് അവരുടെ അവയവദാനപത്രം ഡേവിസ് അച്ചനെ ഏൽപ്പിച്ചത് സഭയെ ആകമാനം പ്രബുദ്ധമാക്കിയിട്ടുണ്ട്. അതൊരു ദാനധർമ്മമല്ല ഒരു വലിയ പ്രബോധനമായിരുന്നു. മുൻകാലത്തെ പുനരൈക്യ വാർഷികങ്ങൾ ചിലപ്പോഴെക്കെയെങ്കിലും ഒരു ശക്തി പ്രകടനമോ, പ്രദർശനമോ, (show piece) ആയി പോയിട്ടുണ്ട്. 85-ാം പുനരൈക്യ വാർഷികം അഘോഷങ്ങളെ അങ്ങേയറ്റം പരിമിതപ്പെടുത്തുകയും സമൂഹനിർമ്മാണ പദ്ധതികൾക്ക് മുൻതൂക്കം കൊടുക്കുകയും ചെയ്തു. അത് പുതുതായ ഒരു സഭാ ചൈതന്യം രൂപപ്പെടാൻ സഹായിച്ചു. മുമ്പ് മലങ്കര കത്തോലിക്കാ സഭയെ നയിച്ച 5 പിതാക്കന്മാരുടെ പേരിൽ രൂപപ്പെട്ട 3000 ഡയാലിസുകൾ, 85 ഹൃദയശസ്ത്രക്രിയകൾ, 10 മംഗല്യ സായൂജ്യ പദ്ധതികൾ, 10 ഭവന സാക്ഷാത്കാര പദ്ധതികൾ, 1 ലക്ഷം അവയവദാന പദ്ധതി, എല്ലാം ഭാവി പുനരൈക്യവാർഷികങ്ങൾക്കുമാത്രമല്ല, സഭാമക്കളുടെ വിവാഹ, ആദ്യകുർബ്ബാന, ജൂബിലി ആഘോഷങ്ങൾക്കെല്ലാം ഒരു പുതിയ ദിശാബോധം പകർന്നിട്ടുണ്ട് എന്നത് തീർച്ചയാണ്.

### 7. സുവിശേഷ സന്ധ്യ

ബത്തേരിയിലും തിരുമൂലപുരത്തും വച്ചു നടന്ന പുനരൈക്യ വാർഷികങ്ങളുടെ ഗുണമേന്മ ഉയർത്തിയ അവിസ്മരണീയ അനുഭവമായിരുന്നു സുവിശേഷ (സംഘ)സന്ധ്യ. 2011 സെപ്റ്റംബർ 21-23 വരെ നടന്ന ഒന്നാമത്തെ മലങ്കര കത്തോലിക്കാ സഭാ അസംബ്ലിയുടെ ആഹ്വാനമനുസരിച്ച് രൂപപ്പെട്ട സുവിശേഷസംഘം ഇതിനോടകം സഭാ, രൂപതാ, ഡിസ്ട്രിക്റ്റ് ഇടവകകളുടെ ആഭിമുഖ്യത്തിൽ 178 ഇടവകകളിൽ, 15598 കുടുംബങ്ങളിൽ സുവിശേഷത്തിന്റെ സന്തോഷം/പരിമളം പരത്തുവാൻ ശ്രമിച്ചിട്ടുണ്ട്. സുവിശേഷസംഘം മലങ്കരകത്തോലിക്കാ സഭയിൽതന്നെയുള്ള മറ്റ് സംഘടനകൾ പോലെ മറ്റൊരു സംഘടനയല്ല, അത് വേദപുസ്തകവായന, വിചിന്തനം, ധ്യാനം, (Sravana, manana, nidhidhyasana) യാമപ്രാർത്ഥന, കൂദാശാ പരികർമ്മം/ ജീവിതം ഇവയിൽ അധിഷ്ഠിതമായ ഒരു മലങ്കര കത്തോലിക്കാ ജീവിതശൈലിയാണ്. സംഘാംഗങ്ങൾ ഉൾക്കൊണ്ടിരിക്കുന്ന, പ്രസരിപ്പിക്കുന്ന സുവിശേഷ ചൈതന്യം/ പരിമളം ഒന്നുവേറെതന്നെ. സുവിശേഷസംഘത്തിന്റെ ആഭിമുഖ്യത്തിൽ 20-ാം തീയതി രാത്രിയിൽ നടന്ന പ്രാർത്ഥന, സുവിശേഷ- പ്രാർത്ഥനാജീവിതമാണ് സുവിശേഷപ്രഘോഷണത്തിന്റെ ആത്മാവ് എന്ന് വ്യക്തമാക്കുന്നതായിരുന്നു.

### 8. ആദർശങ്ങളുടെ സംഗമം

85-ാം പുനരൈക്യ വാർഷികം മറ്റ് പല ആദർശങ്ങളുടേയും ആശയങ്ങളുടേയും സംഗമവേദി കൂടിയായിരുന്നു:

1930-ൽ നടന്ന പുനരൈക്യം ദൈവത്തിന്റെ പ്രവൃത്തിയായിരുന്നു. അത് കേരളത്തിലെ അന്ത്യോ

ക്യൻ പാരമ്പര്യ സഭകൾക്ക് ദൈവം വച്ചു നീട്ടിയ അനുഗ്രഹമായിരുന്നു. ആ ദൈവം തന്നെ മലങ്കര കത്തോലിക്കാ സഭയെ കൃപയിൽനിന്ന് കൃപയിലേക്ക് കൈപിടിച്ച് ഉയർത്തിക്കൊണ്ടിരിക്കുന്നു. ആഡംബരം കഴിവതും കുറച്ച്, 19-ാം തീയതി വൈകിട്ട് കത്തീഡ്രലിൽനിന്ന് ആരംഭിച്ച ദീപശിഖ-ഛായാചിത്ര-പതാക പ്രയാണം മുതൽ 21-ാം തിയതി അവിടെ തന്നെ നടന്ന പുനരൈക്യ വാർഷിക പതാക കൈമാററം വരെ നടന്ന പരിപാടികൾ ഒന്നടങ്കം വാചാലമായ ഒരു അഖണ്ഡ പ്രബോധന പരമ്പരയാക്കി മാറ്റിയത് സഭയ്ക്ക് ഒരു വലിയ അവർക്ക് യാഥാർത്ഥ്യമാകുന്നതിനുള്ള അവസരമായിരുന്നു 85-ാം പുനരൈക്യ വാർഷികം. പ്രേഷിത റാലി ഒഴിവാക്കി തിരുമൂലപുരത്തുനിന്നും കത്തീഡ്രൽവരെ വെയിലത്ത് രക്തതിളപ്പുള്ള യുവാക്കന്മാർ സഭാനേതൃത്വത്തെ ആദരിച്ച് മുദ്രാവാക്യങ്ങൾ ഒഴിവാക്കി പ്രാർത്ഥനാ മന്ത്രങ്ങൾ മാത്രം ഉരുവിട്ട്, നടത്തിയ തീർത്ഥാടന പദയാത്ര, ഏതുതരത്തിലുള്ള ആഘോഷമാണ് സഭയുടെ കെട്ടുപണിക്ക് പ്രയോജനകരമാകുന്നത് എന്ന വലിയ പ്രഖ്യാപനമായിരുന്നു.




അനുഗ്രഹമായി മാറി. അതിന് നേതൃത്വം നൽകിയ അഭിവന്ദ്യ കൂറിലോസ് മെത്രാപ്പോലീത്തായ്ക്കും അഭിവന്ദ്യ സ്തേഫാനോസ് തിരുമേനിക്കും അകൈതവമായ അനുമോദനങ്ങൾ.

തിരുവനന്തപുരത്തിനും മദ്ധ്യതിരുവിതാംകൂർ മലങ്കര കത്തോലിക്കാ രൂപതകൾക്കും പുറത്ത് നിന്ന് ഇൻഡ്യയിലെ വൻ നഗരങ്ങളിൽനിന്ന് ഗൾഫ് രാജ്യങ്ങളിൽനിന്നും വന്ന മലങ്കര കത്തോലിക്കാ വിശ്വാസികൾക്ക് ഒരു യാഥാർത്ഥ്യത്തെ കാണുകയും കേൾക്കുകയും, സ്പർശിക്കുകയും ചെയ്യുന്നതിൽനിന്ന് ലഭിച്ച മലങ്കര കത്തോലിക്കാ സഭാബോധം വളരെ വിലപ്പെട്ടതാണ്. “ഒരു മലങ്കര കത്തോലിക്കനായിരിക്കുന്നതിൽ അഭിമാനം കൊള്ളുവിൻ” എന്ന മാർ ഈവാനിയോസ് പിതാവിന്റെ ആഹ്വാനം

## 9. ഒരു ദുഃഖം മാത്രം

എല്ലാ സന്തോഷങ്ങളുടേയും സംതൃപ്തിയുടേയും ഇടയ്ക്ക് തോന്നിയ ഒരു ദുഃഖം കൂടി പറഞ്ഞ് അവസാനിപ്പിക്കാം. പാശ്ചാത്യ സുറിയാനി സഭയുടെ കേദാരമായിരുന്ന അന്ത്യോക്യാ, സിറിയ, ഇറാഖ് പ്രദേശങ്ങളിൽനിന്നെല്ലാം ആ പൈതൃകം തുടച്ചുമാറ്റപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, ആ പൈതൃകം ഏറ്റുവാങ്ങുന്നതിനും അവയുടെ സൂക്ഷിപ്പുകാരിയായിരിക്കുന്നതിനും മലങ്കര കത്തോലിക്കാ സഭയ്ക്ക് ഇപ്പോൾ വന്നുചേർന്നിരിക്കുന്ന ദൈവിക നിയോഗത്തെപ്പറ്റി 85-ാം പുനരൈക്യ വാർഷികം പോലെയുള്ള ഒരു സുപ്രധാന മുഹൂർത്തത്തിൽ ആർക്കും ഒന്നും പറയാനായില്ല എന്ന ദുഃഖം കൂടി രേഖപ്പെടുത്തുന്നു.





85th Reunion speech

# കണ്ണുനീർ തുള്ളികൾക്ക് അർത്ഥമുണ്ട്

**ഫാ. ഡേവിസ് ചിറമ്മേൽ**
പ്രസിഡന്റ് കിഡ്നി ഫൗണ്ടേഷൻ ഓഫ് ഇൻഡ്യ

മതസൗഹാർദ്ദത്തിന്റെയും സ്നേഹത്തിന്റെയും ഈ സംഗമവേദിയിൽ, ഒരു നിമിഷം നിൽക്കാൻ സാധിച്ചതിൽ ദൈവത്തോട് ഞാൻ നന്ദി പറയുകയാണ്. 2012 സെപ്റ്റംബർ 2-ാം തീയതി നമ്മിൽനിന്ന് കടന്നുപോയ എ.പി.ജെ. അബ്ദുൾ കലാമിന്റെ കൈയിൽ മൃതസഞ്ജീവനി എന്ന കേരള സംസ്ഥാനത്തിന്റെ ആദ്യ അവയവ ദാന സമ്മതപത്രം കൊടുക്കുമ്പോൾ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ഒരു യാത്ര, അതിന്റെ തുടക്കം കുറിച്ചത് എന്റെ സമ്മതപത്രം കൊടുത്തുകൊണ്ടായിരുന്നു. അതിൽ ഞാൻ ഇപ്രകാരം എഴുതി, മരണശേഷം എന്റെ അവയവങ്ങൾ മാത്രമല്ല ശരീരവും മെഡിക്കൽ കോളജിലേ കുട്ടികൾ കീറിമുറിച്ച് പഠിച്ച് നല്ല ഡോക്ടർമാർ ആകട്ടെ. അത് വളരെ ഏറെ സംവാദങ്ങൾ ഉണ്ടാക്കിയിരുന്നു. അവയവങ്ങൾ കൊടുക്കാൻ പറ്റുമോ? അതും ഒരു വൈദികൻ? ഇങ്ങനെ പല പല ചർച്ചകൾ. മനുഷ്യരുടെ നന്മയ്ക്ക് വേണ്ടി ജീവിതം മാറ്റിവയ്ക്കുമ്പോഴല്ലേ പ്രിയമുള്ളവരേ ജന്മം സന്തോഷം കൊണ്ട് നിറയുന്നത്? ഞാൻ പോയിട്ടുള്ള എല്ലാ സ്ഥലങ്ങളിൽനിന്നും എനിക്ക് ഫോൺകോളുകൾ വരാറുണ്ട്. കൊച്ചൗസേപ്പ് ചിറ്റിലപ്പള്ളി എന്ന മനുഷ്യനെ ഞാൻ കണ്ടിട്ടുപോലും ഇല്ലായിരുന്നു. കത്തോലിക്കാ സഭയിലെ 15 വൈദികരും 120 സന്യസ്തരും ജീവിച്ചിരിക്കുമ്പോൾതന്നെ അവയവങ്ങൾ ദാനം ചെയ്തുകഴിഞ്ഞു. ഇതെല്ലാം ദൈവത്തിന്റെ വലിയ ഇടപെടലാണ്. ഈ കാലഘട്ടം ആവശ്യപ്പെടുന്ന സഹനത്തിന്റെ മൂല്യം

ലോകം തിരിച്ചറിയണം. ഈ പുനരൈക്യവേദിയിൽ അഭി. പിതാക്കന്മാർ പറഞ്ഞില്ലേ കണ്ണുനീർ തുള്ളികൾക്ക് അർത്ഥമുണ്ടെന്ന് . അപരർക്കുവേണ്ടി നാം കണ്ണുനീർ ചിന്തുമ്പോൾ, അപരർക്കുവേണ്ടി രക്തം ചിന്തുമ്പോൾ, ഈ ലോകത്തിൽ ദൈവത്തിന്റെ സ്നേഹം പൂത്തുവിരിയുന്നുണ്ടെന്നത് തെളിവാണ്.

അവയവദാനം ഇന്ന് ഏത് കൊച്ചുകുട്ടികളുടെ മനസ്സിൽപോലും സ്ഥാനം പിടിച്ചിരിക്കുന്നു. ഞാൻ ഇന്നലെ പൂതൃക്ക എന്ന ഗ്രാമത്തിൽ ആയിരുന്നു. ലോകത്തിലെ സമ്പൂർണ്ണ അവയവദാന ഗ്രാമം. ലണ്ടനിൽനിന്ന് പി.എച്ച്.ഡി. എടുക്കുന്ന ഒരു വിദ്യാർഥിനി ആ ഗ്രാമവാസികളെ പഠിക്കാനായി 6 മാസത്തോളമായി അവിടെ വന്ന് താമസിക്കുകയാണ്. 'ലിംകാ ബുക്ക് ഓഫ് റെക്കോർഡ്'ിൽ ഈ ഗ്രാമം സ്ഥാനം പിടിച്ചിരിക്കുന്നു. അതിന്റെ സ്മാരകമായ ശിലാകർമ്മം നടത്തിയിട്ടാണ് ഞാൻ വന്നിരിക്കുന്നത്. നമ്മൾ എല്ലാം ദൈവത്തിന്റെ നിയോഗങ്ങളാണ്. അതും മനുഷ്യകുലത്തിന് നന്മ ചെയ്യാൻ. മരിക്കുമ്പോഴും നമ്മുടെ ജീവിതത്തിന് മൂല്യം കൊടുക്കാൻ സാധിക്കണം. യേശുക്രിസ്തു മരിച്ചപ്പോഴാണ് ഈ ലോകത്തിന് ദൈവത്തിന്റെ സ്നേഹം തിരിച്ചറിയാനായത്.

തന്റെ ഭർത്താവിന്റെ അകാലമരണം എന്ന ഞെട്ടിപ്പിക്കുന്ന ആ വാർത്ത തന്റെ കൊച്ചുകുഞ്ഞുങ്ങളെ ഹൃദയത്തോട് ചേർത്തുപിടിച്ച് പ്രഷ ഏറ്റുവാങ്ങി. തന്റെ കുഞ്ഞുങ്ങളെ ചേർത്തുനിർത്തി തന്റെ ഭർത്താവിന്റെ അവയവങ്ങൾ കൊടുക്കൂ എന്നു പറയാൻ ധൈര്യം കാണിച്ച ആ സഹോദരി ഇന്ന് ഈ സമൂഹത്തിലുണ്ട്. നിങ്ങൾ കാണണം ആ സഹോദരിയെ. നമുക്ക് പഠിപ്പും സമ്പത്തും അറിവും മാത്രമല്ല ഉണ്ടാകേണ്ടത്. തന്റെ കൂടെ ജീവിച്ചിരുന്ന തന്റെ ഭർത്താവ് വേർപെട്ട് പോയപ്പോൾ എല്ലാം നഷ്ടപ്പെട്ടെന്ന് കരുതിയ പ്രഷയ്ക്ക് ഇന്ന് ഈ സമൂഹം കൂടെയുണ്ട്. അതേ പ്രിയമുള്ളവരേ, നാമൊക്കെ ചെറിയ മനുഷ്യരാണ്. ചെറുതാകുമ്പോഴാണ് നാമൊക്കെ വലുതാകുന്നത്. ഭർത്താവിനെ ആ സഹോദരിക്ക് നഷ്ടപ്പെട്ടപ്പോൾ ഈ സമൂഹം ഒപ്പം നിന്നു. സമൂഹം പറഞ്ഞു, നിങ്ങളുടെ കൂടെ ഞങ്ങളുണ്ട്.


ഇരിങ്ങാലക്കുടയിലെ ഒരു മൃതസംസ്കാരത്തിൽ പങ്കെടുക്കാൻ ഒന്നര മാസം മുൻപ് ഞാൻ പോയി. മരിച്ചുകിടക്കുന്ന ആളുടെ ശവമഞ്ചത്തിലേക്ക് സാധാരണ അധികം ആരും നോക്കില്ല. അല്ല എന്ത് നോക്കാൻ? മൂക്കിൽ പഞ്ഞിയും വച്ച് കിടക്കുന്ന ആളെകാണാൻ എന്ത് ഭംഗി? നാം മരിക്കുന്നിടംവരെ മാത്രമേ ഭംഗിയുള്ളൂ. മരിച്ചുകഴിഞ്ഞാൽ ഭംഗിയില്ല. പക്ഷേ ഇരിങ്ങാലക്കുടയിലെ ആയിരങ്ങൾ ആ ശവമഞ്ചത്തിൽ നോക്കി നിന്നു. ചിലർ കരയുന്നു, ചിലർ ശവമഞ്ചത്തിൽ നോക്കി നിൽക്കുന്നു, ചിലർ വിങ്ങിപ്പൊട്ടുന്നു. ആ മഞ്ചലിൽ കിടക്കുന്ന കുട്ടിയുടെ സവിശേഷത എന്താണ്? ആ കുഞ്ഞിന്റെ ശരീരത്തിൽ ഹൃദയമില്ല. ഹൃദയം എവിടെ പോയി? ആ കുഞ്ഞിന്റെ ഹൃദയം ഭാരതം വിട്ട് പറന്നുപോയി. പാക്കിസ്ഥാനിലെ ഒരു കുട്ടിയുടെ ശരീരത്തിൽ ഇരുന്ന് ആ ഹൃദയം തുടിക്കുന്നു. ശരീരം മഞ്ചലിൽ നിശ്ചലമായി കിടക്കുമ്പോൾ ഹൃദയം ജീവിക്കുന്നു. "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" എന്ന ദൈവത്തിന്റെ വചനം അന്വർത്ഥമായിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. ആദിത്യ എന്ന കുട്ടി അപകടത്തിൽപ്പെട്ടു, പ്രഷയുടെ ജീവിതത്തിൽ സംഭവിച്ചതുപോലെ. അച്ഛനും അമ്മയ്ക്കുമൊപ്പം യാത്രചെയ്യുമ്പോൾ അപകടത്തിൽപെട്ട് ആദിത്യന്റെ ജീവൻ നഷ്ടപ്പെടുമ്പോൾ പിതാവ് അത്യാസന്നനിലയിൽ ഐ.സി.യു.വിൽ കിടക്കുകയാണ്, അവിടേക്ക് ഒരു സ്ട്രക്ച്ചർ ആരോ ഉന്തിക്കൊണ്ടു വന്നു. നിങ്ങളുടെ മകന്റെ മൃതശരീരം അവസാനമായി ഒന്നു നോക്കാം. ഇനി നിങ്ങൾ കാണില്ല. നിങ്ങൾക്ക് ഐ.സി.യു.വിൽനിന്ന് പുറത്തുപോകാനും കഴിയില്ല.





ഇതാ നിങ്ങൾ പറഞ്ഞതുപോലെ അവന്റെ കിഡ്നിയും കരളും കണ്ണും ഹൃദയവും എല്ലാം പറിച്ച് കൊടുത്തിട്ടുണ്ട്. പ്രിയമുള്ളവരേ ഈ മൃതശരീരത്തി ലേക്കാണ് ഇരിങ്ങാലക്കുടയിലെ ആയിരങ്ങൾ നോക്കി നിന്നത്. കണ്ണുനീരിനാണ് വിലയുള്ളത് പ്രിയമുള്ളവരേ, അപരനുവേണ്ടി നാം മുറിച്ചുകൊടു ക്കുമ്പോൾ നഷ്ടമല്ല എന്നത് മനസ്സിലാക്കണം. ജന മനസ്സുകളിലേക്ക് ഈ സ്നേഹത്തിന്റെ സന്ദേശം എത്തിക്കാൻ മലങ്കര സുറിയാനി കത്തോലിക്കാ സഭ കാണിച്ച ഈ വലിയ ആവേശം എന്നെ വളരെയ ധികം സന്തോഷിപ്പിക്കുന്നു. എനിക്ക് ഒരു ആഗ്രഹം കൂടിയുണ്ട്. മാർപാപ്പ തിരുമേനി കൂടി ഈ സന്ദേശം ലോകത്തോടൊന്ന് പറഞ്ഞിരുന്നെങ്കിൽ. ഒരു ഇന്ത്യക്കാരന്റെ ഹൃദയം പാക്കിസ്ഥാനിൽ ചെന്നിരി ക്കട്ടെ. പാക്കിസ്ഥാൻകാരന്റെ ഹൃദയം ഇന്ത്യയിൽ വന്നിരിക്കട്ടെ. ഒരു അമേരിക്കക്കാരന്റെ ഹൃദയം ചൈനയിൽ ചെന്നിരിക്കട്ടെ. ലോകത്തിൽ സമാധാനം ഉണ്ടാകും. ലോകരാജ്യങ്ങൾ തമ്മിൽ ഹൃദയങ്ങൾ കോർക്കുന്ന ഒരു ദൈവരാജ്യം രൂപീകരിച്ചാൽ എങ്ങനെ യുദ്ധം ചെയ്യാൻ പറ്റും?

അവയവദാനത്തെപ്പറ്റി അവതരിപ്പിക്കുവാൻ ഒക്ടോ ബർ 5-ാം തീയതി ഞാൻ യു.എൻ. ലേക്ക് പോകുക യാണ്. നമ്മൾ ചെറിയ മനുഷ്യർ എങ്കിലും ദൈവ ത്തിന് നമ്മെക്കൊണ്ട് അത്ഭുതങ്ങൾ ചെയ്യാൻ കഴിയും എന്നതിന്റെ തെളിവാണ് ഈ കാലഘട്ടം നമ്മെ പഠിപ്പിക്കുന്നത്. അടുത്തിടെ ഞാൻ അഹമ്മ ദാബാദിലേക്ക് പോവുകയുണ്ടായി. പോകുന്നിട ത്തൊക്കെ അവയവദാനത്തെപ്പറ്റി ഞാൻ പറയുന്നു ണ്ട്. കാരണം അവരുടെ വേദനകൾ അടുത്തറിയുന്ന ഒരു മനുഷ്യനാണ് ഞാൻ. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള കിഡ്നിരോഗികളുടെ വീട്ടിൽ ഞാൻ താമസിച്ചിരുന്നു. അവരുടെ വേദന കൾ കണ്ടുനിന്നിട്ടുണ്ട്. എന്തിന് ഞാൻ രാത്രി അവ രുടെ വീടുകളിൽ താമസിച്ചു? അവരുടെ വേദനകൾ അറിയാൻ. നമ്മൾ ചിന്തിക്കുന്നതുപോലെയോ കാണുന്നതുപോലെയോ അല്ല അവരുടെ കുടുംബ ങ്ങൾ. അവരുടെ വീടുകളിൽ കോമഡി ഷോകൾ വയ്ക്കില്ല. അവരാരും സിനിമയ്ക്ക് പോകില്ല. അവ രുടെ വീടുകളിൽ ആഘോഷങ്ങളില്ല. അവരാരും മനസ്സ് തുറന്ന് സന്തോഷത്തോടെ ഒന്ന് ചിരിക്കില്ല.




## ശരീരത്തിലെ അരിപ്പ

ഇങ്ങനെ അറിയപ്പെടുന്നത് വൃക്കയാണ്. നെഫ്രോമുകൾ എന്ന സൂഷ്മകോശങ്ങൾ കാണുന്നത് വൃക്കയിലാണ്. നെഫ്രോണുകൾ നേർത്ത രക്തകുഴലാണ്. രണ്ടു വൃക്കകളും ചേർന്ന് പ്രതിദിനം1900 ലിറ്ററോളം രക്തം അരി ക്കുന്നു. ആരോഗ്യമുള്ള ഒരാളുടെ വൃക്കകൾ പ്രതിദിനം 0.95 മുതൽ 1.9 ലിറ്റർ മൂത്രംവരെ ഉൽപാദിപ്പിക്കുന്നു. കാൽസ്യം ലവണങ്ങൾ അടിഞ്ഞുകൂടിയാണ് വൃക്കയിലെ കല്ല് രൂപ പ്പെടുന്നത്. ഇത് രാസപരമായി കാൽസ്യം ഓക്സലേറ്റാണ്. വൃക്ക പുറപ്പെടുവിക്കുന്ന എൻസൈമാണ് റെനിൻ. ചുവന്ന രക്താണു ക്കളുടെ ഉത്പാദനത്തെ നിയന്ത്രിക്കുന്ന എറ്ത്രോപൊയ്റ്റിൻ എന്ന ഹോർമോണും വൃക്ക പുറപ്പെടുവിക്കുന്നു. ലോകവൃക്കദിനം മാർച്ച് 8




25000 രൂപയോളം ചെലവു വരും ഒരു മാസം ഡയാലിസിസ് നടത്താൻ. എവിടെനിന്ന് ലഭിക്കും പണം? രണ്ടായിരത്തോളം ഡയാലിസിസ് കഴിഞ്ഞ അരവിന്ദാക്ഷൻ എന്നെ വിളിക്കുമായിരുന്നു. അച്ചോ, അച്ചനെ എനിക്കൊന്ന് കാണണം. പക്ഷേ ഒന്ന് നേരിൽ കാണാനാവും മുമ്പേ, അദ്ദേഹത്തെ മരണം കൂട്ടിക്കൊണ്ടുപോയി. രണ്ട് ആൺകുട്ടികളാണ് അദ്ദേഹത്തിനുള്ളത്. ഒരു മോൻ ഗൾഫിലായിരുന്നു. അവൻ സമ്പാദിച്ചത് മുഴുവൻ അപ്പനുവേണ്ടി ചെലവഴിച്ചു. ഇളയമകൻ തിങ്കളാഴ്ച വീട്ടിൽനിന്നു പോകും. ശനിയാഴ്ച തിരിച്ചെത്തും. പല പല സംഘടനകൾ, പ്രസ്ഥാനങ്ങൾ നൽകുന്ന സഹായങ്ങൾ സ്വരുക്കൂട്ടി പിതാവിന്റെ ചികിത്സയ്ക്കായി. പ്രിയപ്പെട്ടവരേ, എനിക്കും നിങ്ങൾക്കും ഈ രോഗം വന്നില്ലല്ലോ? രോഗം ഒരു പാപമാണോ? രോഗം ഒരു പാപമല്ല. കിഡ്നി രോഗികൾ എന്ത് തെറ്റുചെയ്തു? കാൻസർ രോഗികൾ എന്ത് തെറ്റ് ചെയ്തു? ഹൃദ്രോഗികൾ എന്ത് തെറ്റു ചെയ്തു? രോഗമില്ലാത്തവരുടെ കടമയാണ് രോഗികളായവരെ സംരക്ഷിക്കുക എന്നത്. ഈ മാതൃകയാണ് ഈ പുനരൈക്യം നമുക്ക് കാണിച്ചുതന്നത്. അഹമ്മദാബാദിൽ ഞാൻ പോയപ്പോൾ അവിടെ ദീപക് പട്ടേൽ എന്ന ഒരു ബിൽഡറെ കാണാൻ പോയി. കാരണം അദ്ദേഹമാണ് അവയവദാനത്തിന്റെ പ്രചാരകനായി അവിടെ പ്രവർത്തിക്കുന്നത്. എന്റെ കൂടെ ഉണ്ടായിരുന്നവർ പറഞ്ഞു, അയാൾ ആരെയും കാണില്ല അച്ചോ. ഞാൻ എന്റെ ഡീറ്റെയ്ൽസ് എല്ലാം അദ്ദേഹത്തിന് കൊടുക്കാൻ ആവശ്യപ്പെട്ടു. അദ്ദേഹം എന്നെ അകത്തേക്ക് ക്ഷണിച്ചു. അയാൾ ഓടിവന്ന് എന്നെ കെട്ടിപ്പിടിച്ച് പറഞ്ഞു, "ഫാദർ, കോടികൾ വിലയുള്ള ഈ ഫ്ളാറ്റുകൾ എന്റേതാണ്. ഇത് എന്റെ ഭാര്യയാണ്, ഇത് എന്റെ മക്കൾ, എന്റേതാണ്. എന്റേതല്ലാത്ത ഒന്ന് എന്റെ കൈവശമുണ്ട്, എന്റെ ഹൃദയം. 2004 മുതൽ ഒരു സൗത്ത് ആഫ്രിക്കന്റെ ഹൃദയംവെച്ചാണ് ഞാൻ ജീവിക്കുന്നത്. അന്നു തുടങ്ങിയതാണ് ഈ പ്രവർത്തനങ്ങൾ. ഇതൊരു സുവിശേഷമാണ്. നിങ്ങളും ഇതുപോലെ ചെയ്യുവിൻ." ശരീരം കിഡ്നി അല്ലേ? ശരീരം ഹൃദയം അല്ലേ? 'ഇതെന്റെ ശരീരമാണ്, നിങ്ങൾ ഭക്ഷിക്കുവിൻ.' നിങ്ങൾ ജീവിക്കട്ടെ. "ജീവൻ നൽകാൻ, അത് സമൃദ്ധമായി നൽകാൻ ഞാൻ വന്നു" എന്ന് കർത്താവ് പറഞ്ഞിട്ടുണ്ടെങ്കിൽ നാമും അത് ചെയ്യാൻ കടപ്പെട്ടവരാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭ വി. ബലി ഇവിടെ തുടരുവാൻ തീരുമാനിച്ചിരിക്കുന്നു. ലക്ഷക്കണക്കിന് ഹൃദയങ്ങളിലേക്ക് ഈ സ്നേഹസംഗമം കടന്നുചെല്ലുമ്പോൾ വലിയ സുവിശേഷസാക്ഷ്യമാണ് ഈ സമ്മേളനം പ്രദാനം ചെയ്യുന്നത്. അറിയാമോ സഹോദരങ്ങളേ, ഈ ഭാരതത്തിൽ ജനിച്ചു വീണിട്ട് ഇതുവരെ പെറ്റമ്മയെ കാണുവാൻ പറ്റാത്ത മനുഷ്യനുണ്ട്. കാഴ്ചയില്ല, വിവാഹം കഴിഞ്ഞു. ഭാര്യയെ കണ്ടിട്ടില്ല. കാഴ്ചയില്ല. കുട്ടിയുണ്ടായി, കുഞ്ഞിനെ കണ്ടിട്ടില്ല, കാഴ്ചയില്ല. കണ്ണാടി എടുത്തുനോക്കി മുഖം കാണുന്നില്ല, കാഴ്ചയില്ല. സ്വന്തം മുഖം പോലും ഇതുവരെ കണ്ടിട്ടില്ലാത്ത മനുഷ്യർ. ഇരുട്ടുമാത്രം, ഇരുട്ട് മാത്രം.

ലോകത്തിൽ ജീവിക്കുന്ന 10 ലക്ഷത്തിലധികം അന്ധന്മാർ ഭാരതത്തിലാണ്. കർത്താവ് പറഞ്ഞല്ലോ നിങ്ങൾ ലോകത്തിനു വെളിച്ചമാകണമെന്ന്. മോൻസ് ജോസഫ് എം.എൽ.എ.യുടെ മകന്റെ കണ്ണ് വെളിച്ചമായി. സുവിശേഷത്തെ സാക്ഷ്യമാക്കി ആ കണ്ണുകൾ ഇന്നും ജീവിക്കുന്നു. ആ കണ്ണുകളാണ് ഗോപിക എന്ന ഈ സഹോദരിയുടെ കണ്ണുകൾക്ക് പ്രകാശം നൽകിയത്. കിഡ്നിക്കും കണ്ണിനും ഹൃദയത്തിനും ജാതിയില്ല, മതമില്ല. പ്രിയപ്പെട്ടവരെ 10 വർഷം കഴിയുമ്പോൾ ഒരു തോമസിന്റെ കിഡ്നി മുഹമ്മദിനും ഒരു നാരായണന്റെ കിഡ്നി ജോസഫിലും ഉണ്ടാവും, തീർച്ച. ഏത് വിശ്വാസത്തിൽ ഒരുവൻ നിലനിൽക്കുന്നുവോ അതിൽ അവനെ സ്നേഹിക്കുക. പ്രിയപ്പെട്ടവരേ, വെറും 5 ശതമാനത്തിൽപ്പെട്ടവരാണ് നമ്മൾ. 95% അപ്പുറത്ത്. നമുക്ക് അപ്പനുണ്ട്, അമ്മയുണ്ട്, ഭാര്യയുണ്ട്, ഭർത്താവുണ്ട്, മക്കളുണ്ട്, കിഡ്നിയുണ്ട്, ഹൃദയവുമുണ്ട്. എന്നാൽ ഇതൊന്നുമില്ലാത്ത ഒരു ജനസമൂഹം നമുക്ക് ചുറ്റും ഉണ്ട്. ഇത് നമ്മുടെ ഔദാര്യമല്ല, കടമയാണ്. നമ്മുടെ ജീവിതം ലാഭമാണോ നഷ്ടമാണോ എന്ന് തീരുമാനിക്കുന്നത് മരണശേഷമാണ്.

സൗജന്യമായി ലഭിച്ചത് സൗജന്യമായി കൊടുക്കണം. നമ്മുടെ ജീവിതംകൊണ്ട് മറ്റുള്ളവർക്ക് നൽകുമ്പോൾ കിട്ടിയവനല്ല, കൊടുക്കുന്നവനാണ് ലാഭം. പ്രിയമുള്ളവരെ, അവയവങ്ങൾ ദാനം ചെയ്യുമ്പോൾ നാം ജീവനാണ് ദാനം ചെയ്യുന്നത്. ജീവൻ കൊടുക്കാം അതിലൂടെ ഇരുളടഞ്ഞ ജീവിതത്തിൽ ആനന്ദം നിറയ്ക്കാം. ●

# 85th Reunion speech



# Sanyasa

SWAMY VEERABHADRANANDA

Sanyasa is the enlightening factor of the society. Sanyasa means a way of life without any frontiers. Sanyasa is a sea without shores. Sanyasa life is the primordial state of life. While speaking about this way of life the mind undergoes a process of purification. I am asked by the organizers to speak on Indian Sanyasa but Sanyasa itself is a vast topic and if you really want to go through it, Indian Sanyasa is a extensive subject and complex in nature. And today when I participate with you in the 85th Re-union celebrations of the Malankara Syrian Catholic Church, I am extremely glad to witness this huge congregation of Sanyasis and Swami Vivekananda would hence between much glad if he had seen such a

wonderful congregation of Sanyasis here are outbeaten by the great number of Sanayasinis (nuns) who are present here. This is the speciality and beauty of Kerala. Swami Vivekananda says, "If one man is educated, only one man is educated, if a woman is educated the whole family, and country is benefitted. One thing that has caught my attention is to see such a large community of sisters comings together to celebrate this marvalous ideal of Sanyasa. This ideal is a great universal ideal which had its birth in India.

The concept of the Global village has its seed and root in the idea of Sanyasa. Instead of sticking to the vast topic of Sanyasa, I would speak of Sanayasa in general. As Sanyasa has a large segment to delve with. It may be classified into the Sanyasa of the vedic time, Buddhist Sanyasa, Jain Sanyasa, Christian Sanyasa and Hindu Sanyasa. We see a large varities of Sanyasa concept get assembled when we talk about Indian Sanyasa because India has been craddle of Sanayasa. It has been the matrix of Indian Sanyasa.

Before entering into the topic, I would like to share the thoughts from a book which I recently read. “Monks, Yesterday and today”, by Dom Mayfeul De Dreuille from the St. Paul’s publication, Bangalore. Where the author mention about the Sanyasa of India too. He says, Christian monasticism proper began in the third century A.D. with St. Antony of Egypt who lived as a hermit in the deserts of Egypt followings he saw thousands of people became hermits. After a few decades semi - semetic way of life known as Laura was situated at Nifria and Skepi in the region of community life was written by St. Pachomius in the fourth century. This way of monastic life spread to Europe in the fifth century. The rule of St. Benedict which lays down the definite rules for the monk’s conduct and regulation of community life is followed to this day in those catholic monastries. St. Benedict confessess that this monasticism has its craddle in India and it is from India that if spread to every nook and corner of the globe so when we say Hindu Sanyasa no person can claim that he is the sole originator of the Sanyasa. Swami Vivekananda presents the ideal and universal concept of Sanyasa as a way of life which if laid by a man can bring untold blessings to the whole humanity irrespective of the religion to which he belongs, to the country he belongs, the language he speaks or the cult or sect to which he belongs that is the reason why Sanyasa is a philosophy without any frontiers. Though for all the terminological convienence we use the word Hindu Sanyasa, in the vedantic approach Sanyasa itself means transcending everything that is in this phenomenon. It is a transcendental way of life and the approach is from the transcendental realm looking into the phenomenon where the one appears as many. This is the world of plurralism. The diversity seen in this universe in turn shows the unity of the universe. (The one appearing as many). When we think about this ideal we have to know what exactly is this ideal. In our world, we find two types of ideal based on the concepts of mind. We find out and create certain ideals. Socialism, Family system, Communism, Marxism, Capitalism, Feudalism, any ism which we see in the world is the creation of mind when it comes in contact with the problems that we face in society. As the society changes, as the situation changes, we also find the ideals changing and they become obsolete and unsuitable for the existing times. The way of life undergoes change with the changing times and this ideals seems to be ill fit for the society and people who lived with these ideals at that time.

The second ideal is based on the perception of truth. The perception of truth is based on a vision or philosophy of truth, This ideals are based on the perception of life on truth. Many of the inventions of science are based on this perception of truth. They never change. The law of gravitation will not change. The sun rising in the east and setting in the west will never change whether it was discovered by a man in Europe or a man from Asia. This truth will never change.

Another greatest truth in our life is that every creature that is born must die. Nobody can change it. Swami Vivekananda gives a marvelous expression to this idea which really forms the seed for the original Indian idea of Sanyasa. He goes into ecstacy and says there was a time when the trumpet

call of the Rome went into the air, whole the earth trembled. The eagle flag of the Greece floated on everything that was covetable on the earth but where are they now? Spider weaves itself where Ceaser once ruled gone are they with not even a tail left to tell their tales. What a beautiful expression! Within days we all vanish and we go away and nothing is left. Impermanency is the only permanent thing that is in the world. So this ideal of Sanyasa is based on the perception of truth that everything is impermanent in the world. Saints died, sinners died, peasants died, beggers died, ministers died. Death is the goal towards which we all are moving. So what great is there in imitatings nature? Sanyasa ideal is how to transcend nature. Nature is created constantly changing. It is mortal, it dies, it changes. In this changing world, Where is security? Where is protection? So the sages thought of all these things and they discovered the great truth that there is something underlaying which is unchanging behind the flux. If we can reach the shores of that unchanging, permanent thing. We have discovered the real joy of living. They found out that the joy or the aspiration of a human heart for continuously enjoying that bliss man can achieve in the transcendental realm where they find that birth and death, disceases and all the sorrows and anxcities vanish without a shadow behind Indian sages in the evolutionary process found out that where Darwian came and ended that was only the biological stage of evolution from amoeba to Adam and they say Sanyasa life or the real spiritual life pushes this evolution on its on word and forward movement from Adam. He must become can Atmanjani - a realised soul or a seer. A person who can perceive that immortalilty, the one residing in many. So this spiritual journey is from Amoeba to Adam and from Adam to Atmanjani, that is, a knower of oneself. There is a movement to know oneself. Then there is no more sorrow or disease Swami Vivekananda says Mother India seeks sacrifice from you. Can you sacrifice your life for her. What a proposition, what a call it was and India became free. Renunciation and service is the twin ideal of India and not of Sanyasis alone. Even in the family system, we see these ideals of Thyaga and seva. Gradually we are drifting a way from these ideals. Indian society is now limping with a lot of problems whether if belongs to a christian, hindu or muslim family. We had a culture of renunciation and service. Renunciation for the King of the country: The Rajaguru relied, “The boy whom your wife wants to be the king is your son as a father. But as a king everybody in this kingdom is your son. Now you choose”.



Immediately the king feld at Rajaguru;s feet and appreciated his proposal. The Rajaguru said, "Seva and thyaga are the ideals of a king and go and follow this. Give up the attachment to your son if you want to rule the kingdom."

Find the best man to rule India and not one belonging to you.

All the Sanyasis are not born in the jungles or brought down from sky, or from the sea. They are all from ordinary households. When the father and mother has got the seeds of Sanyasa, only then is a Sanyasi born. Because everyman selects his birth and house according to his Karma (It is a belief and a principle in Indian philosophy). This is the great concept that India developed the idea of renunciation and service was embedded from the family life and the family lilfe was so designed that from the Brahmacharya, Grahasta, Vanaprastha Ashramas, everybody was supposed to give up and renounce and become a sanasi. But some where something

was lacking and that is why now we find at sake of the whole village society and nation. Can you renounce? Every king was suppose to renounce. There is a beautiful story of a king who was in the dilemma to choose a successor for himself. His son was a fool and the queen insisted on placing him on the throne but the king perplexed sought the advice of the Rajaguru. The Rajaguru asked



him what his problem was. The king explained his dilemma. The Rajaguru put this questions to the king. "Are you putting this question is the father of the son, or as the king of this country? And the king relied "I am asking this question as the whole phenomenon changes with all its flux vanishes. When you reach the shores of immortality. Renunciation and services are the twin ideals of not Sanyasis but India. When we intensity this channels, the rest will come by itself. It is really a beautiful statement. Subhash Chandra Bose, Chandra Sekhar Azad, Bhagat Singh, Vir Sarvarkar all these people gave up their families and jumped into the Maha Yagna of India's freedom struggle. Their family also was sacrified in the great fire of sacrifice for freedom struggle. They all gave up their pleasures for the freedom of the nation all the top levels of Indian all the top levels of Indian governance even after 70 years of life nobody is willing to quet the chair of power. What has happened to the theme of renunciation? Last few years back, we celebrated the 150 years of Swami Vivekananda's birth. Swami Vivekananda said, "My faith is in the younger generation, modern generation out of them will come the workers who will solve the problems of India like tours.'


But in our case even after 60-65 crores in the vanaprastha - sanyasa ashramas nobody is willing to give up power and position. Can you cease to be an englishman or Indian or an African? As we are all following and investigating into the truth, we will ultimately end in knowledge. As it is said in the Indian darsana, "Athatho brahmajignasa". So through these two concepts we have to understand even in our family life, we have to give up attachment to the sensual way of life. It you do not give up then the whole society will get infected with the sensuality and in a society fall of sensuality, it is difficult to get a Sanyasi in a society. Even if a Sanyasi is born, he is beset with hundreds of temptations. We know that it is very difficult. It is like a fire walk for a Sanyasi in the modern world as we are surrounded by temptations. Continuously tempting and asking us to bring our mind down Swamu Vivekananda says Satan is as powerful as God. What is the difference between Satan and God. And he says, "The greatest blemish with Satan is, his selfishness. God is totally unselfish."

Unselfishness is the breeding ground for Sanyasa (renunciation). How to put this message, these are people who are detached? Who say we do not want anything is dangerously involued and how? No job, no employment, no bank balance, no relation, nothing. As Budha teaches this complete renunciation process through his own life.

With my prayers to the almighty God, may the idea of renunciation and service which is not exclusive to monks alone, pervade and inspire the Indian society.

Om.

**ഉപകാരസ്മരണ**



ഒരു വിശ്വാസി
കുമളി



# കടുകുമണിയുടെ ദൗത്യവുമായ്

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**

സുവിശേഷ പ്രഘോഷണത്തിനായി ശ്ലീഹന്മാർ വിവിധ സ്ഥലങ്ങളിലേക്ക് പോയെങ്കിലും അവർ ജറുസലേമിനോട് ചേർന്നുനിന്നു എന്ന് വി. ബൈബിളിൽ നാം കാണുന്നുണ്ട്. വിവിധ സ്ഥലങ്ങളിൽ നിന്ന് അവർ സുന്നഹദോസിനായി ജറുസലേമിൽ വന്നു. വേദശാസ്ത്ര പുതിയനിയമ പണ്ഡിതന്മാർ പറയുന്നു. ഒന്നിച്ചുപ്രാർത്ഥിക്കുവാനും ഒന്നിച്ച് ഭക്ഷിക്കുവാനും ഒന്നിച്ചുജീവിക്കുവാനുമുള്ള പാഠങ്ങൾ പഠിച്ചത് ജറുസലേമിൽ നിന്നായിരുന്നു. ഇന്ന് എല്ലാവരും തിരുമൂലപുരത്ത് ആയിരിക്കുന്നതിന്റെ കാരണവും അതുതന്നെയാണ്. സഭാ ജീവിതത്തോട് ബന്ധപ്പെട്ട എല്ലാ പിതാക്കന്മാരും പുണ്യചരിതനായ മാർ ഈവാനിയോസ്, മാർ ദിയസ്കോറസ് പിന്നെ സഭയുടെ തലവന്മാരായ സിറിൽ ബസേലിയോസും ബസേലിയോസ് ക്ലീമിസ് പിതാവും ഒക്കെ മെത്രാൻ പട്ടം സ്വീകരിച്ച സ്ഥലം എന്ന നിലയിൽ ജറുസലേമിനുള്ള സ്ഥാനവും പ്രാധാന്യവുമാണ് തിരുവല്ലാ പ്രാദേശിക സഭയ്ക്കും തിരുമൂലപുരത്തിനും ഉള്ളത്. ഈ കാരണംകൊണ്ടാണ് 'ബേസ് ആബോ' പിതാക്കന്മാരുടെ ഭവനം ഇവിടെ ആയിരിക്കണമെന്ന് തീരുമാനിക്കപ്പെട്ടതും. പുണ്യചരിതനായ മാർ ഈവാനിയോസിന്റെ സഭാവിജ്ഞാനീയപരമായ ചിന്തയും ആത്മീയചിന്തകളും സഭൈക്യവീക്ഷണവും സാർവ്വത്രിക കൂട്ടായ്മയെക്കുറിച്ചുള്ള കാഴ്ചപ്പാടും എല്ലാം ഏറ്റവും അമ്പരപ്പിക്കുന്ന തരത്തിലുള്ളതായിരുന്നു. മലങ്കര കത്തോലിക്കാ പുനരൈക്യത്തിന് ഈ സഭയ്ക്ക് അപ്പുറത്തേക്ക് കരംനീട്ടി നിൽക്കുന്ന ദൈവശാസ്ത്രപരമായ മാനങ്ങളാണ് ഉള്ളത്. ഇന്ന് പരി. കത്തോലിക്കാ സഭയിൽ ഇത്രമാത്രം ദൗത്യം ഉള്ള മറ്റൊരു സഭ ഉണ്ട് എന്ന് ഞാൻ കരുതുന്നില്ല. പരി. സിംഹാസനത്തിന് ഈ സഭയോടുള്ള വാത്സല്യത്തിന്റെ കാരണവും അതുതന്നെയാണ്. സുവിശേഷത്തിൽ എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാരെപ്പറ്റി നാം വായിക്കുന്നു. ഈശോ ആ കൂട്ടത്തിൽ കൂടി. അവരോട് ചോദിച്ചു, നിങ്ങളുടെ മുഖമെന്താണ് വാടിയിരിക്കുന്നത്? നിങ്ങളുടെ മുഖത്ത് സന്തോഷമില്ലല്ലോ? നിങ്ങളുടെ കണ്ണുകൾ നിദ്രാഭാരത്താൽ വിവശമാണല്ലോ? നിങ്ങൾ എന്താണ് തർക്കിക്കുന്നത്? ഈശോയുടെ അജപാലനപരമായ സമീപനം. മാർ ഈവാനിയോസ് പിതാവ് ചെയ്തതും ഇതുതന്നെയായിരുന്നു. കേരള സുറിയാനി സഭയിൽ പിളർപ്പിനുശേഷം അകന്നുനിന്ന

വരോട് മാർ ഈവാനിയോസ് ചോദിച്ചു. എന്താണ് നമുക്കൊരു സന്തോഷമില്ലാത്തതും മുഖം വാടിയിരിക്കുന്നതും? അതുമൂലം പരി. സിംഹാസനത്തോട് ഉണ്ടായിരിക്കേണ്ട തുറവിയും ആദരവും കാണിച്ചുകൊടുക്കുകയുമായിരുന്നു. എമ്മാവൂസുകാരോട് ഈശോ പെട്ടെന്ന് ഒരു വിശദീകരണം നൽകി വിടുകയല്ലായിരുന്നു. ഈശോ അവരുടെ കൂടെ കൂടി സാവകാശം നടന്നു, വീട്ടിൽ പ്രവേശിച്ചു, ദൈവവചനം വ്യാഖ്യാനിച്ചു, അപ്പം മുറിച്ചു. അപ്പോൾ അവർക്ക് രഹസ്യങ്ങൾ മനസ്സിലായി. വേഗത്തിൽ ആ ശിഷ്യന്മാർ ജറുസലേം ലക്ഷ്യമാക്കി യാത്ര തിരിച്ചു. മാർ ഈവാനിയോസിന്റെ ഇടപെടലുകൾ ഇത്തരത്തിലുള്ളതായിരുന്നു. പരി. സിംഹാസനത്തോട് ചേർന്നു നിൽക്കുമ്പോഴാണ് സഭയുടെ അച്ചടക്കം, ആരാധനാക്രമത്തിന്റെ സംരക്ഷണം, സുവിശേഷത്തിന്റെ സന്തോഷം ഒക്കെ അനുഭവിക്കുവാൻ സാധിക്കുന്നത്. അജപാലന പരമായ പിതൃത്വം ആ സമൂഹത്തിന് നൽകിയത് മാർ ഈവാനിയോസ് ആയിരുന്നു. മാർ ഈവാനിയോസിന്റെ കത്തുകൾ, ലേഖനങ്ങൾ ഒക്കെ പരിശോധിക്കുമ്പോൾ മനസ്സിലാകും, They need to be fed and they need to be led. നയിക്കുക എന്ന വാക്ക് പത്രോസിനോട് കർത്താവ് പല പ്രാവശ്യം പറയുന്നുണ്ട്. ബോസ്കോ എന്ന ഗ്രീക്കു പദത്തിന് കൊടുത്തിരിക്കുന്ന ഒന്നാമത്തെ അർത്ഥം തീറ്റിപ്പോറ്റുക എന്നാണ്; ദൈവവചനം കൊണ്ട്, ദൈവാരാധന കൊണ്ട്. അങ്ങനെ സഭാബോദ്ധ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുവാൻ മാർ ഈവാനിയോസ് തിരുമേനിക്ക് സാധിച്ചു. അങ്ങനെയാണ് മാർ ഈവാനിയോസ് ഒരു അജപാലന ആപ്തവാക്യം തന്നെ രൂപീകരിച്ചത്. Ut Unnum Sint ഈശോയുടെ സ്വപ്നം തന്നെയായിരുന്നു അത്. പിതാവിന് മനസ്സിലായി ഈ സമൂഹത്തിന് ഒരു symphony, communion harmony ആവശ്യമാണ്. വി. മത്തായിയുടെ സുവിശേഷം 23-ാം അദ്ധ്യായം 20 മുതലുള്ള തിരുവചനത്തിൽ കടുകുമണിയെപ്പറ്റി നാം വായിക്കുന്നുണ്ട്. ലത്തീൻ ഭാഷയിൽ ഒരു ആപ്തവാക്യമുണ്ട്, non multa sed multum. എത്ര വലിപ്പം എന്നല്ല പക്ഷേ എത്ര കാര്യക്ഷമത എന്നതിലാണ് കാര്യം. മാർ ഈവാനിയോസിന്റെ കൂട്ടത്തിൽ ഒരു ചെറിയ സമൂഹം മാത്രമേ കത്തോലിക്കാ സഭയിലേക്ക് വന്നുള്ളൂ. അത് വേദപുസ്തക അടിസ്ഥാനത്തിൽ കടുകുമണിയാണ്. ചെറുതാണെങ്കിലും കരുത്തുള്ളതാണ്. പിളർപ്പില്ലാത്ത ഒരു വിത്താണ് കടുക്. Ut unnum sint എന്ന ചിന്ത കടുകുമണിയിൽ നന്നായി യോജിക്കുന്നുണ്ട്. മലങ്കര സുറിയാനി കത്തോലിക്കാ സഭ ഇത്തരമൊരു നിയോഗത്തിലാണ് ആയിരിക്കുന്നത്. പുനരൈക്യത്തിന്റെ 85 വർഷങ്ങൾ നാം നമ്മുടെ ഓർമ്മയാക്കുകയാണ്, വികാരം ആക്കുകയാണ്. ഇന്ന് കേരള സഭയുടെ പ്രത്യേകത ആദ്യ നൂറ്റാണ്ടുകളിൽ മദ്ധ്യപൂർവ്വദേശങ്ങളിലെ അവസ്ഥയാണ്. നമ്മുടെ 2 സുറിയാനി സഭകളുടെ തലവന്മാർ അവർ രണ്ടുപേരും കർദ്ദിനാളന്മാർ, ഓർത്തഡോക്സ്, യാക്കോബായ, മർത്തോമ്മാ സഭകളുടെ തലവന്മാർ ഒരുമിച്ച് താമസിക്കുന്ന പ്രദേശമാണ് കേരളം. ഈ സാഹചര്യത്തെ മിഡിൽ ഈസ്റ്റുമായി മാത്രമേ താരതമ്യപ്പെടുത്തുവാൻ സാധിക്കൂ. തിരുവനന്തപുരവും തിരുവല്ലയും മാവേലിക്കരയും ഒക്കെ സിറിയായും അന്ത്യോഖ്യായും നിസിബിസും പോലെയാണ്. നമ്മുടെ ആരാധനാക്രമത്തിന്റെ പാരമ്പര്യത്തിന്റെ നല്ല പടർപ്പ് നടന്ന സ്ഥലങ്ങളാണിവ. നമ്മുടെ സഭയുടെ തലവനായ ബസേലിയോസ് ക്ലിമീസ് പിതാവ് പൂർവ്വ യൗസേപ്പിനെപ്പോലെയാണ്. ക്ഷാമകാലത്തെ മുന്നിൽ കണ്ട് യൗസേപ്പ് ഈജിപ്തിൽ സ്റ്റോർ ഹൗസുകൾ പണിതു. ക്ലിമീസ് പിതാവ് ഇന്ത്യ മുഴുവൻ സ്റ്റോർ ഹൗസുകൾ പണിതുകഴിഞ്ഞു. സുവിശേഷം പ്രസംഗിക്കുന്നതിനുള്ള വലിയ സ്വാതന്ത്ര്യം. ഉത്തമഗീതത്തിൽ പറയുന്നത് നിങ്ങൾക്ക് പ്രാവിന്റെ കണ്ണുകൾ വേണമെന്നാണ്. പ്രാവിന്റെ കണ്ണുകൾ പുറത്തേക്ക് ഉന്തി നിൽക്കുന്നതും എല്ലാം നന്നായി കാണുന്നതുമാണ്. ക്ലിമീസ് പിതാവിന്റെ കണ്ണുകൾ അങ്ങനെയാണ്. കർദ്ദിനാൾ എന്ന പദത്തിന്റെ അർത്ഥം വിജാഗിരി എന്നാണ്. മലങ്കര കത്തോലിക്കാ സഭയുടെ പ്രധാന വാതിൽ ഈ വിജാഗിരിയിൽ ബലമായി ഉറപ്പിക്കപ്പെട്ടിരിക്കുന്നു. ഞാൻ ഇതാണ് എന്ന് വാക്കിലും പ്രവൃത്തിയിലും ബോദ്ധ്യപ്പെടുത്തിക്കൊണ്ട് ലത്തീൻ സഭയിലേക്കും സീറോ മലബാർ സഭയിലേക്കും ഓർത്തഡോക്സ്, യാക്കോബായ, മാർത്തോമ്മാ സഭകളിലേക്കും തുറവിയോടെ നോക്കുവാൻ സാധിക്കുന്ന ഇടയൻ. മലങ്കര സഭ എനിക്ക് എന്റെ കുടുംബത്തിലേക്ക് വരുന്ന അനുഭവമാണ് നൽകുന്നത്. ഈ ആരാധനാക്രമം അതിമനോഹരമാണ്. ഇത്ര വേദശാസ്ത്രപരവും പരിശുദ്ധവുമായ ഒരു ആരാധനാക്രമം ലോകത്തിൽ തന്നെ ഇല്ല. 85-ാം പുനരൈക്യ വാർഷികാഘോഷത്തിന് എല്ലാവിധമായ ആശംസകളും പ്രാർത്ഥനകളും നേരുന്നു. ദൈവത്താൽ അയയ്ക്കപ്പെട്ട ഒരു മനുഷ്യൻ ഉണ്ടായിരുന്നു. ആ മനുഷ്യന്റെ പേര് ഈവാനിയോസ് എന്നായിരുന്നു.

●



# പ്രകാശം നല്കിയ കണ്ണുകൾ

85th Reunion sharing

**ഗോപിക ബാലൻ**



ഒന്നര വയസ്സിൽ തന്നെ പാതിമങ്ങിയ കാഴ്ചയുടെ ബാല്യമായിരുന്നു എന്റേത്. ഒന്നര വയസ്സിൽ അയൽവാസികളുടെ കൈയിൽനിന്ന് സംഭവിച്ച ഒരബദ്ധം അതായിരുന്നു എന്റെ ഇടതുകണ്ണിന്റെ കാഴ്ച പൂർണമായും നഷ്ടപ്പെടാൻ കാരണമായത്. സംഭവം നടന്ന അതേ ദിവസം തന്നെ പല ആശുപത്രികളിലും ചികിത്സയ്ക്കായി പോയിരുന്നു എങ്കിലും യഥാർത്ഥത്തിൽ എന്താണ് കണ്ണിന് സംഭവിച്ചത് എന്നറിയാത്തതിനാൽ തന്നെയും വേണ്ട രീതിയിൽ ഉള്ള കൃത്യമായ ചികിത്സകൾ നൽകാൻ ഡോക്ടർമാർക്കും ബുദ്ധിമുട്ടുകൾ നേരിട്ടു. പല ആശുപത്രികൾ കയറിയിറങ്ങി അവിടെ എല്ലാം തന്നെ കേവലം തുള്ളി മരുന്നുകൾ മാത്രം നൽകി. സമീപത്തുള്ള ഒരു സ്വകാര്യാശുപത്രിയിലെ ഡോക്ടറുടെ നിർദ്ദേശ പ്രകാരം പിന്നീട് ഒട്ടും താമസിയാതെ തന്നെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചേർന്നു. നേത്രരോഗ വിഭാഗത്തിലെ ഓരോ ഡോക്ടർമാരും മാറി മാറി പരിശോധിച്ചു. അപ്പോഴും എന്താണ് സംഭവിച്ചത് എന്നറിയാൻ ഓരോ ഡോക്ടർമാരും ഒരുപാട് ശ്രമിച്ചു. സംഭവം നടന്ന ദിവസം അച്ഛനും അമ്മയും വീട്ടിൽ ഉണ്ടായിരുന്നില്ല. വല്യച്ചനും വല്യമ്മയും മാത്രമേ അന്ന് വീട്ടിൽ ഉണ്ടായിരുന്നുള്ളൂ. അതിനാൽ തന്നെയും അയൽവാസികൾ എന്നെ അവരുടെ വീട്ടിലേക്ക് കൊണ്ടുപോകുക പതിവായിരുന്നു. അന്നും അവർ എന്നെ കൊണ്ടുപോയി. വൈകുന്നേരം ആയപ്പോഴേക്കും തിരികെ കൊണ്ടുവരികയും ചെയ്തു. അപ്പോൾ ഞാൻ നല്ല ഉറക്കമായിരുന്നു. മുഖം ആകെ വീങ്ങിയിരിക്കുന്നത് കണ്ട് വല്യച്ചനും വല്യമ്മയും എന്താണ് കണ്ണിന് സംഭവിച്ചതെന്ന് ചോദിച്ചു. അപ്പോൾ അവരുടെ മറുപടി ഇതായിരുന്നു. ‘കണ്ണിൽ അസുഖം’ ആണെന്ന് തോന്നുന്നു. പിന്നീട് അച്ഛനും അമ്മയും എന്തിന് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡോക്ടർമാർപോലും പലതവണ വിളിച്ച് അന്വേഷിച്ചുവെങ്കിലും എന്താണ് യഥാർത്ഥത്തിൽ സംഭവിച്ചത് എന്നു പറയാൻ അവർ തയ്യാറായില്ല. വേണ്ട വിധത്തിലുള്ള ചികിത്സ ചെയ്യാൻ ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടതും അതിനാൽ തന്നെയാണ്. പിന്നീട് ഉള്ള പരിശോധനകളിലെ റിസൾട്ട് കണ്ണ് പഴുത്തു

തുടങ്ങി എന്നതായിരുന്നു. കണ്ണിലെ പഴുപ്പ് പരിശോധനയ്ക്കയച്ച് അതിന്റെ റിസൾട്ട് വന്നപ്പോഴാണ് കണ്ണിൽ കമ്പുകൊണ്ട് മുറിവുണ്ടായി എന്നു മനസ്സിലായത്. വിവരം അറിഞ്ഞ് വേണ്ട ചികിത്സ ചെയ്ത് തുടങ്ങിയപ്പോഴേക്കും ദിവസങ്ങൾ പലതും കടന്നുപോയി. അപ്പോഴേക്കും കണ്ണിനെ കാഴ്ചയിലേക്ക് തിരിച്ചുകൊണ്ടുവരാൻ വേണ്ടിയുള്ള ചികിത്സയുടെ അവസാന പഴുതും അടഞ്ഞിരുന്നു. കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഒരു മാസത്തെ ചികിത്സയ്ക്കുശേഷം ഡോക്ടർമാരുടെ മറുപടി ഇതായിരുന്നു. കേവലം ചികിത്സയിലൂടെ കണ്ണിന് പഴയതുപോലെ കാഴ്ച തിരിച്ചു കിട്ടില്ല. എന്നാൽ ഒരു വഴി ഉള്ളത് കണ്ണ് മാറിവയ്ക്കൽ മാത്രമാണ്. മാതാപിതാക്കളും കുടുംബാംഗങ്ങളും ആകെ തകർന്നുപോയ ഒരു അവസ്ഥയായിരുന്നു അത്. പിന്നീടുള്ള കാത്തിരിപ്പ് കണ്ണുമാറ്റിവയ്ക്കലിനുവേണ്ടിയായിരുന്നു. അങ്ങനെയിരിക്കെ വർഷങ്ങൾ കടന്നുപോയി. പല തവണ ഓപ്പറേഷനുവേണ്ടി പല ആശുപത്രികളിൽനിന്നും വിളിച്ചു. രണ്ടു തവണ ഓപ്പറേഷനു ചെന്നപ്പോഴും ഒരേ കാരണം കൊണ്ടുതന്നെ അത് നടന്നില്ല. അങ്കമാലി ലിറ്റിൽ ഫ്ളവർ, കോട്ടയം മെഡിക്കൽ കോളേജ് എന്നീ ആശുപത്രികളിൽ കണ്ണു മാറിവയ്ക്കലിനു തയ്യാറായി ചെന്നു. എങ്കിലും നിരാശയായിരുന്നു ഫലം. എന്റെ കണ്ണുമായി സാമ്യമുള്ള കണ്ണായിരുന്നില്ല അവിടെ ഉണ്ടായിരുന്നത്. അതിനാൽ തന്നെയും രണ്ട് തവണ ഓപ്പറേഷൻ മുടങ്ങി. ദൈവാനുഗ്രഹമുണ്ടെങ്കിൽ ഓപ്പറേഷൻ നടക്കും എന്ന ഉറച്ച വിശ്വാസത്തോടെയും പ്രാർത്ഥനയോടെയും കഴിഞ്ഞ നാളുകളായിരുന്നു അന്നുണ്ടായിരുന്നത്.

ഇടതുഭാഗം പൂർണ്ണമായും ഇരുട്ടായതിനാൽ തന്നെയും പഠനത്തിലും മറ്റുള്ള എല്ലാക്കാര്യങ്ങളിലും അതിന്റേതായ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുക ഉണ്ടായി. അദ്ധ്യാപകരും സുഹൃത്തുക്കളും പഠനത്തിലും പഠനാനുബന്ധ കാര്യങ്ങളിലും ഒരുപാട് സഹായിച്ചു. അങ്ങനെ പഠനം എസ്.എസ്.എൽ.സി. വരെ അല്ലെങ്കിൽ പത്താംക്ലാസ് വരെ എത്തി. അങ്ങനെ പത്താംക്ലാസിൽ പഠിക്കുന്ന സമയത്ത് സ്കൂൾ വിട്ട് വീട്ടിലേക്ക് നടന്നുവരുമ്പോൾ വീടെത്തുന്നതിന് ഏതാനും മിനിട്ടുകൾക്കു മുമ്പ് ഒരു കാർ പുറകിൽ നിന്നിടിച്ച് അപകടം ഉണ്ടായി. അന്ന് കാര്യമായ പരുക്കുകൾ ഒന്നും ഉണ്ടായില്ല എങ്കിലും ഒരാഴ്ചയോളം ചികിത്സ ആവശ്യമായി വന്നു. വീഴ്ചയിൽ തലയ്ക്കും മുഖത്തിനും പരുക്കുകൾ ഉണ്ടായിരുന്നു. അങ്ങനെ കാര്യമായ കുഴപ്പങ്ങൾ ഇല്ലായിരുന്നു എങ്കിൽ കൂടിയും കണ്ണിന് നേരത്തെ മുതലേ പ്രശ്നം ഉള്ളതുകൊണ്ട് കോട്ടയം മെഡിക്കൽ കോളേജിൽ ഒന്നുകൂടി കാണിക്കാം എന്ന് തീരുമാനിച്ച് വർഷങ്ങൾക്കുശേഷം മെഡിക്കൽ കോളേജിലെ നേത്രരോഗ വിഭാഗത്തിൽ എത്തി. അന്ന് അവിടെ ആ വിഭാഗത്തിനും ഡോക്ടർമാർ എല്ലാം സ്ഥലം മാറിപ്പോയിരുന്നു. നേരത്തെ ചികിത്സിച്ച ഡോക്ടർമാരൊന്നും അവിടെ ഇല്ലായിരുന്നു. പക്ഷേ വിവരങ്ങൾ എല്ലാം പറഞ്ഞപ്പോൾ ഡോക്ടർ പറഞ്ഞു, കണ്ണിന് കാഴ്ച കിട്ടാനുള്ള അവസരം ഇനിയും ഉണ്ട്, സമയം വൈകിയിട്ടില്ല എന്ന്. പിന്നീട് വർഷങ്ങൾക്കുശേഷം അന്ന് ഓപ്പറേഷനുവേണ്ടി എന്റെ പേര് രജിസ്റ്റർ ചെയ്തു. ആശുപത്രിയിൽനിന്ന് തിരികെ വീട്ടിൽ എത്തുന്നതിനു മുമ്പുതന്നെ ആശുപത്രിയിൽനിന്നും ഒരു കോൾ വന്നു. കണ്ണു മാറ്റിവയ്ക്കലിന് തയ്യാറായെങ്കിൽ വേഗം തന്നെ എത്തണം എന്നാണ് പറഞ്ഞത്. പക്ഷേ നിർഭാഗ്യവശാൽ അന്നും ഓപ്പറേഷൻ നടന്നില്ല.

പലതവണ കാത്തിരുപ്പുകൾ ഉണ്ടായി. എങ്കിലും അപ്പോഴൊന്നും ഓപ്പറേഷൻ നടന്നിരുന്നില്ല. പ്രാർത്ഥ



**ഇമ്മാനുവൽ മോൻസ് ജോസഫ്**

നയോടെയുള്ള നീണ്ട കാത്തിരിപ്പ് തുടർന്നു. പിന്നീട് 2013 സെപ്റ്റംബർ 8-ാം തീയതി വീണ്ടും ഓപ്പേറേഷനായി വിളിച്ചു. അന്ന് ഒരു പ്രത്യേക ദിവസം ആയിരുന്നു. ഹൈന്ദവ കുടുംബം ആയിരുന്നു ഞങ്ങളുടേത്. എങ്കിലും എട്ടുനോമ്പ് എടുക്കുന്ന ശീലം ചെറുപ്പം മുതലേ തുടർന്നു പോന്നിരുന്നു. അന്ന് നോമ്പ് തീരുന്ന ദിവസമായിരുന്നു. അതുകൊണ്ടു തന്നെ മാതാവിന്റെ വലിയ ഒരു അനുഗ്രഹമായി ആ ദിവസത്തെ കാണുന്നു.

കോട്ടയം മെഡിക്കൽ കോളേജിൽ നിന്നായിരുന്നു ആ കോൾ. അവിടെ ഒരു കണ്ണ് റെഡിയായിട്ടുണ്ട് എന്ന് പറഞ്ഞു. എന്തുകൊണ്ടോ അന്ന് ഓപ്പറേഷൻ നടക്കും എന്ന പ്രതീക്ഷ ഇല്ലായിരുന്നു. വെറുതെ പോയി നോക്കാം എന്ന രീതിയിൽ ഞങ്ങൾ മാതാവിന് നേർച്ച ഇട്ട് പ്രാർത്ഥിച്ച് അന്ന് രാത്രി 8

മണിയായപ്പോൾ ആശുപത്രിയിൽ എത്തി. വളരെ വേഗം ടെസ്റ്റുകൾ എല്ലാം നടന്നു. റിസൾട്ട് എല്ലാം പോസിറ്റീവ് ആയിരുന്നു. ഡോക്ടർ പറഞ്ഞു, നാളെത്തന്നെ ഓപ്പറേഷൻ നടത്തണം എന്ന്. ശരിക്കും വിശ്വസിക്കാൻ കഴിഞ്ഞിരുന്നില്ല. സത്യമാണോ കേൾക്കുന്നത് എന്ന് ഒരു നിമിഷം ചിന്തിച്ചുപോയി. പക്ഷേ അത് സത്യമായിരുന്നു. ഇതുവരെ കരഞ്ഞ് പ്രാർത്ഥിച്ചപ്പോൾ ദൈവം തന്ന പ്രതിഫലം വളരെ അപ്രതീക്ഷിതമായിരുന്നു. ഓപ്പറേഷൻ വിജയകരമായി കഴിഞ്ഞു. പിറ്റേ ദിവസം തന്നെ കണ്ണിന്റെ കെട്ടഴിച്ചു. കണ്ണു പരിശോധിച്ചപ്പോൾ കാഴ്ചയുണ്ട് എന്ന സന്തോഷമായിരുന്നു എല്ലാവർക്കും. പക്ഷേ സന്തോഷം എല്ലാം ആകെ ഇല്ലാതായൊരു നിമിഷമായിരുന്നു പിന്നീട്, എനിക്ക് കാഴ്ചകിട്ടാനുള്ള കാരണം ഞാൻ മനസ്സിലാക്കിയപ്പോൾ. അതായത്, കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ എം.എൽ.എ.യും മുൻ മന്ത്രിയുമായിരുന്ന മോൻസ് ജോസഫ് സാറിന്റെ മകൻ ഇമ്മാനുവേലിന്റെ അകാലമരണമാണ് എന്റെ ഇടതുകണ്ണിന് കാഴ്ചകിട്ടാൻ കാരണമായത് എന്ന് ഞാൻ മനസ്സിലാക്കിയപ്പോൾ അടക്കാനാവാത്ത എന്തോ ഒരു വിഷമമായിരുന്നു ഉണ്ടായിരുന്നത്. എന്റെ മരണം വരെ എനിക്കും എന്റെ കുടുംബാംഗങ്ങൾക്കും അവർ ദൈവങ്ങൾ തന്നെ ആയിരിക്കും. സ്വന്തം മകന്റെ മരണത്തിലും മകന്റെ ജീവനുള്ള അവയവങ്ങൾ മറ്റാർക്കെങ്കിലും പ്രകാശമാവട്ടെ എന്ന് തീരുമാനിച്ച അച്ഛനമ്മമാർ, അവർ ഇന്നീ ലോകത്തിന് മാതൃകയാണ്. ഒപ്പം പാതിമങ്ങിയ എന്റെ കാഴ്ചയ്ക്ക് പൂർണ്ണത നൽകിയ എന്റെ ദൈവങ്ങളും.

ഇന്ന് ഞാൻ ആ കുടുംബത്തോടും ഈ സമൂഹത്തോടും ഒരുപാട് കടപ്പെട്ടവൾ ആണ്. സമൂഹം എനിക്ക് നൽകിയ ഒരു വലിയ നന്മയ്ക്ക് എന്നാൽ കഴിയുന്ന പ്രതിഫലം നൽകാൻ ഞാനും കടപ്പെട്ടിരിക്കുന്നു. അതിനാൽ തന്നെ ഒരു നല്ല സോഷ്യൽ വർക്കർ ആകാൻ ഞാൻ ഇന്ന് തയ്യാറെടുക്കുകയാണ്. ഇപ്പോൾ കുട്ടിക്കാനം മരിയൻ കോളേജിൽ 1-ാം വർഷ B.S.W. വിദ്യാർത്ഥിനിയാണ്. അവയവദാനം എന്താണ് എന്ന് ഞാൻ മനസ്സിലാക്കിയത് കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ ചെയർമാൻ ആയ ഫാ. ഡേവിസ് ചിറമ്മലിൽ നിന്നാണ്.

ലോകം മുഴുവൻ അവയവദാനത്തിനെക്കുറിച്ച് മനസ്സിലാക്കിക്കൊടുക്കുന്ന ആ മഹദ്വ്യക്തിയാണ് എന്റെയും മാതൃക. ജീവിതത്തിൽ ഒരിക്കലും അദ്ദേഹത്തെപ്പോലെ ആകാൻ സാധിക്കില്ല എങ്കിലും. എന്നാൽ കഴിയുന്ന ചില കാര്യങ്ങൾ ഈ ജീവിതത്തിൽ ചെയ്ത് തീർക്കാൻ ഞാനാഗ്രഹിക്കുന്നു, പ്രാർത്ഥിക്കുന്നു. ഇത്രയേറെ നന്മകൾ എന്റെ ജീവിതത്തിൽ നൽകിയ ദൈവത്തോട് ഒരുപാട് നന്ദി പറയുന്നു. അവയവദാനത്തെക്കുറിച്ച് ഇന്ന് ഞാൻ എന്തെങ്കിലും പറയുന്നുണ്ടെങ്കിൽ അതിന് എന്നെ നയിച്ച രണ്ടു പേരുണ്ട്. എന്റെ പ്രിയപ്പെട്ട സെബാസ്റ്റ്യൻ മണ്ണംപ്ലാക്കൽ, ബേബിച്ചായൻ, മാതാപിതാക്കൾ, സഹോദരൻ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

# Where to Begin...?



Jerin George

Can you write a poem said my teacher
I got confused at the instant
what to write?. where to begin
I got immersed in confused
one someone told me and I remember
That poem are the strongest emotions
Hidden in this musterious world
Now it time for me to find them
Is it about this wonderfull world?
Or about the creation of mother earth?
Is it about the happiest moments
of my childhood mischiefs and quarrels
And my parents who made my life
Meaningfull,truthfull,and colourfull
Is it better to write about the
beauty of rain which brings me
Memories both good and bad
And the morning dew drops which
Made my days refreshing
I reached everywhere for memories
Which at the moment made me
Laugh and cry of the other
Having thought of all these
I canduled adding up my feelings
About someone hiding behind
playing the great rule
And thats love.............
The strongest feeling creted by
Almighty for leading this diverse worid
And thats where I should begin......!...........

കുടുംബവേദി

വർഗീസ് വെള്ളാപ്പള്ളിൽ

# ദൈവാനുഭവത്തിന്റെ ആഴങ്ങളിലേക്ക്

പഞ്ചേന്ദ്രിയങ്ങൾക്ക് വിഷയീഭവിക്കുന്നതെല്ലാം സ്വന്തമാക്കാനുള്ള വ്യഗ്രത ഇന്നു മനുഷ്യനിൽ വർദ്ധിച്ചുവരുകയാണ്. തന്റെ ഭൗതിക നേട്ടങ്ങൾ തന്നെ സമൂഹത്തിൽ മാന്യനാക്കിത്തീർക്കുമെന്ന് അവൻ വിശ്വസിക്കുന്നു. അതിനാൽ ആത്മീയമൂല്യങ്ങൾക്ക് കുടുംബങ്ങളും സമൂഹവും വലിയ വില കല്പിക്കുന്നില്ല. കുടുംബത്തിൽനിന്നും ആത്മീയത ഏറെക്കുറെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അതിന്റെ പ്രതിഫലനം സമൂഹത്തിലും വ്യക്തമാണ്. ഏറ്റവും വില കൂടിയ ആഡംബരവസ്തുക്കൾ സ്വന്തമാക്കുന്നതും കോടികൾ വിലമതിക്കുന്ന ഭവനങ്ങൾ നിർമ്മിക്കുന്നതും മറ്റുള്ളവരെ പാപത്തിലേക്കു നയിക്കും വിധം ശരീരത്തിന്റെ മോടിപിടിപ്പിക്കലും വസ്ത്രധാരണരീതിയും ഒക്കെ ഈ ലോകത്തിന്റെ പ്രവണതകളാണ്.

സമൂഹത്തിൽ വലിയവനാകാനുള്ള വ്യഗ്രത ഇന്ന് വളരെ വ്യാപകമാണ്. മറ്റുള്ളവരെ തേജോവധം ചെയ്തും അക്രമവും അനീതിയും കൊലപാതകവും നടത്തിയും മാന്യന്മാരായി വിലസുന്ന ഒരു സമൂഹം തന്നെ നമുക്ക് ചുറ്റിലുമുണ്ട്. എന്നാൽ ഈ നേട്ടങ്ങളുടെ എല്ലാം നടുവിലും സ്വസ്ഥതയും സമാധാനവും നഷ്ടപ്പെട്ട് നിസഹായതയോടെ ഇവർ ജീവിത സായാഹ്നം തള്ളിനീക്കുന്നതും നമുക്ക് കാണാൻ കഴിയും.



എന്റെ ജീവിതം ധന്യമാകുവാൻ ദൈവാനുഭവത്തിലേക്ക് ഞാൻ തിരിച്ചുവരേണ്ടതായുണ്ട്. ദൈവാനുഭവത്തിന്റെ ആഴങ്ങളിലേക്ക് പ്രയാണം ചെയ്യാൻ ആഗ്രഹിക്കുന്ന ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം തന്റെ മുന്നിലുള്ള പ്രധാന തടസ്സം ഈ ലോകത്തിന്റെ വ്യഗ്രതകളാണ്. "ലോകത്തേയോ ലോകത്തിലുള്ള വസ്തുതകളെയോ നിങ്ങൾ സ്നേഹിക്കരുത്. ആരെങ്കിലും ലോകത്തെ സ്നേഹിച്ചാൽ പിതാവിന്റെ സ്നേഹം അവനിൽ ഉണ്ടായിരിക്കുകയില്ല." (1 യോഹ.2:15)

ലോകത്തിൽ മറ്റു


ള്ളവർ ചെയ്യുന്നതുപോലെയൊക്കെ ചെയ്യുവാനും ലോകത്തോടു താരതമ്യപ്പെടുവാനുമുള്ള പ്രണത യാണ് യഥാർത്ഥ പാപം. സമൂഹത്തിന്റെ ഗതിക്കനു സരിച്ച് നീങ്ങാതെ ഈ സമൂഹത്തിലെ ആനന്ദജീ വിതം എന്ന ചിന്തയാണ് നമ്മെ ഭരിക്കുന്നത്. എല്ലാ വരും കൈക്കൂലി വാങ്ങുമ്പോൾ ഞാൻ മാത്രം എന്തിനു മാറി നിൽക്കണം? എല്ലാവരും മായം ചേർത്ത് വില്പന നടത്തുമ്പോൾ ഞാൻ മാത്രം ചെയ്യാതിരുന്നാലോ? സർക്കാരും ബാങ്കുകളും പണ ത്തിനു പലിശ വാങ്ങുമ്പോൾ ഞാനൊരു ബ്ലേഡുകാ രനാകുന്നതിൽ എന്താണ് തെറ്റ്? ഒത്തുചേരുമ്പോൾ എല്ലാവരും മദ്യം കഴിക്കുന്നു. ഞാൻ മാത്രം എന്തിന് ഒറ്റപ്പെടണം?

എല്ലാറ്റിനും നമുക്ക് ന്യായീകരണമുണ്ട്. പക്ഷേ കർത്താവ് നമ്മോടു പറയുന്നു, "നീ ഭൂരിപക്ഷ ത്തോടു ചേർന്ന് തിന്മ ചെയ്യരുത്" എന്ന്. (പുറ. 23:2)

ഒരു ക്രിസ്ത്യാനി വിശുദ്ധിയിലേക്ക് വിളിച്ചു വേർതിരിക്കപ്പെട്ടവനാണ്. "നിങ്ങൾ ലോകത്തിന്റേ തായിരുന്നെങ്കിൽ ലോകം സ്വന്തമായി നിങ്ങളെ സ്നേഹിക്കുമായിരുന്നു. എന്നാൽ നിങ്ങൾ ലോക ത്തിന്റേതല്ലാത്തതുകൊണ്ട്, ഞാൻ നിങ്ങളെ ലോക ത്തിൽനിന്ന് തെരഞ്ഞെടുത്തതുകൊണ്ട് ലോകം നിങ്ങളെ ദ്വേഷിക്കുന്നു." (യോഹ. 15:9). ഒരു യഥാർത്ഥ വിശ്വാസിയുടെ അനുഭവം ലോകത്തിന്റെ


# തിരുവസ്ത്രങ്ങൾ വിൽപ്പനയ്ക്ക്

വൈദികരുടെ വെള്ളക്കുപ്പായം, കാപ്പ, വിരിക്കൂട്ട്, ഊറാറ, ചിത്തോല, ശോശപ്പ, പള്ളിമറ തുടങ്ങിയ പള്ളിയാവശ്യങ്ങൾക്കുള്ള എല്ലാത്തരം തിരുവസ്ത്രങ്ങളും വിൽപ്പനയ്ക്ക്. തയ്ച്ചും നൽകപ്പെടും.



**The Tur-Abdin Village**
Ac Road, Koraha Valavu
Mampuzhakery
**PH: 8943705534**


തിരസ്കരണമായേക്കാം. അവൻ എല്ലാവരാലും നിന്ദി ക്കപ്പെടുകയും പരിത്യജിക്കപ്പെടുകയും ചെയ്തേ ക്കാം. വി. പൗലോസ് ഇങ്ങനെ പറയുന്നു, "ഞങ്ങൾ ലോകത്തിൽ ദൂതന്മാർക്കും മനുഷ്യർക്കും പ്രദർശന വസ്തുക്കൾ ആയിത്തീർന്നിരിക്കുന്നു. ഞങ്ങൾ ഇപ്പോൾ ലോകത്തിന്റെ ചപ്പും ചവറുംപോലെയും എല്ലാറ്റിന്റെയും ഉച്ഛിഷ്ടം പോലെയുമായിത്തീർന്നിരി ക്കുന്നു." (1കൊരി 4:9-13). എങ്കിലും നിങ്ങൾ ഭയപ്പെ ടേണ്ട. "എന്തെന്നാൽ നിങ്ങളുടെ ഉള്ളിലുള്ളവൻ ലോകത്തിലുള്ളവരേക്കാൾ വലിയവനാണ്." (1.യോഹ. 4:4). "ദൈവത്തിൽനിന്നു ജനിച്ച ഏവനും ലോകത്തെ കീഴടക്കിയിരിക്കുന്നു" (1യോഹ.5:4).

ആയതിനാൽ ലോകത്തിനൊത്തു ജീവിക്കുന്നവ രാകാതെ, ലോകത്തെ ജയിക്കുവാൻ തക്ക വിശ്വാസം നാം വളർത്തിയെടുക്കണം. "യേശു ദൈവപുത്രനാണെന്ന വിശ്വസിക്കുന്നവനല്ലാതെ മറ്റാ രാണ് ലോകത്തെ ജയിക്കുന്നത്." (1യോഹ. 5:9). "ആകയാൽ സഹോദരങ്ങളെ നിങ്ങളുടെ വിളിയും തെരഞ്ഞെടുപ്പും ഉറപ്പിക്കുന്നതിൽ കൂടുതൽ ഉത്സാ ഹമുള്ളവരായിരിക്കുവിൻ." (2 പത്രോ.1:10).

ഒരിക്കൽ ഒരു പണ്ഡിതൻ ജ്ഞാനസമ്പാദനത്തി നായി കാടും മലയും താണ്ടി ആ ഋഷിവര്യന്റെ ആശ്ര മത്തിലെത്തി. ധ്യാനത്തിൽ മുഴുകിയിരുന്ന ഗുരു ആഗതന്റെ സാന്നിദ്ധ്യം മനസ്സിലാക്കി കണ്ണുതുറന്നിട്ട് ഇരിക്കുന്നതിന് ആംഗ്യം കാണിച്ചു. മനസ്സില്ലാമന സ്സോടെ അയാൾ നിലത്തിരുന്നു. അപ്പോൾ മുളന്ത ണ്ടുകൊണ്ടുണ്ടാക്കിയ ഒരു കോപ്പ അയാളുടെ കൈയിൽ വച്ചുകൊടുത്ത്, ഔഷധസസ്യങ്ങൾ പിഴി ഞ്ഞുണ്ടാക്കിയ പാനീയം ഒരു വലിയ പാത്ര ത്തിൽനിന്ന് കപ്പിലേക്ക് ഒഴിക്കാൻ തുടങ്ങി. കപ്പ് നിറഞ്ഞ് നിലത്തേക്ക് പാനീയം വീണുതുടങ്ങിയിട്ടും അദ്ദേഹം ഒഴിച്ചുകൊണ്ടേയിരുന്നു. നിലത്ത് പരന്നൊ ഴുകിയ പാനീയത്തിൽ പണ്ഡിതന്റെ വസ്ത്രങ്ങൾ നനഞ്ഞു കുതിർന്നപ്പോൾ അയാൾ അസ്വസ്ഥത യോടെ ചാടിയെഴുന്നേറ്റു. അപ്പോൾ ആ മുനിശ്രേ ഷ്ഠൻ നിശബ്ദത വെടിഞ്ഞു. "മകനെ ഇതുപോ ലെയാണ് നിന്റെ മനസ്സ്. അതിൽ ലോകത്തിന്റെ ചിന്തകളും ഭൗതികജ്ഞാനവും നിറഞ്ഞുനിൽക്കു ന്നു. അതിനു മുകളിലേക്ക് ഞാൻ എന്തു പകർന്നു തന്നാലും നിനക്ക് സ്വീകരിക്കാനാവുകയില്ല. ആദ്യം നീ നിന്നെത്തന്നെ ശൂന്യവത്കരിക്കുക. അനശ്വര മായ അറിവ് സമ്പാദിക്കാനുള്ള മാർഗ്ഗം അതുമാത്ര മാണ്."

നമ്മുടെ അവസ്ഥയും ഭിന്നമല്ല. ലോകത്തിന്റെ വ്യാമോഹങ്ങളിൽ നമ്മുടെ മനസും ഹൃദയവും നിറഞ്ഞു നിൽക്കുന്നു. അതിനെ പുറത്തു കള യാതെ പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ സ്വീകരിക്കു വാൻ നമുക്ക് കഴിയുകയില്ല. ദൈവാത്മാവിനെ സ്വീക രിക്കുവാൻ തക്കവിധം നാം ഒരുക്കമുള്ളവരായിത്തീ രുമ്പോൾ നമ്മുടെ ജീവിതം ധന്യമാകും. ഒപ്പം നമ്മുടെ കുടുംബവും സമൂഹവും നന്മയിലേക്കും ഐശ്വര്യത്തിലേക്കും ഉയർത്തപ്പെടുകയും ചെയ്യും.

**അമ്മ മനസ്സ്**



ഡോ. ജിനു എജി പാറപ്പാട്ട്

# അമ്മ കുടുംബത്തിന്റെ ഹൃദയം

നന്മകളാൽ സമൃദ്ധമായ ഒരു ഭൂതകാലത്തിന്റെ പ്രതിദ്ധ്വനി സ്നേഹത്തിന്റെ ശീതളഛായയും സാന്ത്വനത്തിന്റെ മന്ദമാരുതനും പകർന്നുതന്ന നന്മമരമായ കുടുംബത്തെക്കുറിച്ചും കുടുംബ ബന്ധങ്ങളെക്കുറിച്ചും ചിന്തിക്കുന്ന പ്രായഭേദമെന്യേ ഏവരുടെയും മനസ്സിൽ ഗൃഹാതുരത്വമുണർത്തുന്ന ചിന്താശകലം; 'അമ്മ – കുടുംബത്തിന്റെ ഹൃദയം.'

മാതൃസ്നേഹവും നിസ്വാർത്ഥ സഹകരണവും ആത്മസമർപ്പണവും അന്യമാക്കപ്പെടുന്ന ആധുനിക കുടുംബങ്ങളിൽ കൊഴിഞ്ഞുവീണ ഇന്നലെയിലെ മധുരമാർന്ന ഒരു ഓർമ്മയായി ഇത് മാറിയിരിക്കുന്നു. ഇന്നത്തെ കുടുംബങ്ങൾക്ക് സുസ്ഥിതി നഷ്ടപ്പെട്ടിരിക്കുന്നു. കുടുംബാംഗങ്ങളെ ഒരുമിച്ചു ചേർത്തുനിർത്തിയിരുന്ന നിസ്വാർത്ഥ സമർപ്പണത്തിന്റെ ആൾരൂപമായിരുന്ന ഒരു സ്ത്രീരൂപം അകന്നുപോകുന്നത് കുടുംബത്തിന്റെ ശൈഥില്യത്തിന് വഴിയൊരുക്കുന്നു. പ്രതിസന്ധിയുടെയും നിരാശയുടെയും അവസരങ്ങളിൽ ഒരു ഭാര്യയുടെ ചാഞ്ചല്യമില്ലാത്ത സ്നേഹം, നേട്ടങ്ങളിൽ പങ്കുവയ്ക്കപ്പെടുന്ന അവളുടെ സന്തോഷം, ഒരു അമ്മയുടെ മനഃശക്തി, ധൈര്യം, പ്രവർത്തനപാടവം, അർപ്പണബോധം, ഓരോ കുടുംബാംഗങ്ങളോടുമുള്ള പരിധിയില്ലാത്ത സ്നേഹം – ഇതൊക്കെയാണ് ഒരു യഥാർത്ഥ കുടുംബത്തെ പണിതുയർത്തുന്നത്. ഒരു അമ്മയെ കുടുംബത്തിന്റെ കേന്ദ്രം അഥവാ ഹൃദയം ആക്കിത്തീർക്കുന്നത്.

ഒരു കുടുംബത്തിന്റെ ഹൃദയമായിത്തീരുന്ന അമ്മ ഓരോ അംഗത്തിന്റെയും ചെറുതും വലുതുമായ ആവശ്യങ്ങളിലേക്കിറങ്ങിച്ചെല്ലുവാൻ പര്യാപ്തയാകുന്ന നിസ്വാർത്ഥത നേടിയെടുക്കുന്നു. ഇങ്ങനെ മറ്റുള്ളവർക്കുവേണ്ടി സ്വയം താഴുന്നത് അവളുടെ വ്യക്തിത്വത്തെ തരംതാഴ്ത്തുകയോ സേവനത്തെ വിലകുറച്ച് കാണുകയോ അല്ല ചെയ്യുന്നത്. അവൾ തന്റെ താത്പര്യങ്ങളെ പൂർണ്ണമായും ബലികഴിക്കുന്നു എന്നും അർത്ഥമാക്കേണ്ടതില്ല. താനുൾപ്പെടെയുള്ള ഓരോ കുടുംബാംഗങ്ങളും വ്യതിരക്തങ്ങളായ കഴിവുള്ളവരും ദൈവിക പദ്ധതി പ്രകാരം വിവിധ ജോലികൾ പൂർത്തിയാക്കാൻ നിയോഗിക്കപ്പെട്ടവരും ആണെന്ന് ഒരു നല്ല അമ്മ തിരിച്ചറിയുന്നു. അതേ സമയം തന്റെ കുടുംബം ഒന്നാകെ സ്നേഹത്തിന്റെയും സേവനത്തിന്റെയും പരസ്പര ബഹുമാനത്തിന്റെയും പ്രാർത്ഥനയുടെയും സന്തോഷത്തിന്റെയും നൂലിഴകൾകൊണ്ട് ഒന്നാക്കപ്പെടേണ്ടതാണെന്ന ബോദ്ധ്യം അവളെ നയിക്കുന്നു. അതിനായി സ്വയം സമർപ്പിക്കുമ്പോൾ ആത്മസമർപ്പണത്തിന്റെ മാതൃകയായി തന്റെ



മക്കൾക്കു മുൻപിൽ അവൾ ജീവിക്കുന്നു. കാലക്രമേണ മക്കളുടെ ജീവിതത്തിലും സമർപ്പണചൈതന്യം നിറയ്ക്കുകയും അത് അവരുടെ സമൂഹജീവിതത്തിൽ പ്രതിഫലിക്കുകയും ചെയ്യും. ഇങ്ങനെ നിസ്വാർത്ഥയായ അമ്മ സമൂഹത്തെയും സ്നേഹത്തിന്റെ പാതയിലേക്ക് കൊണ്ടുവരുന്നു.

ഒരു അമ്മ അവളുടെ വീടിന്റെ അകത്തളങ്ങളിൽ സ്വയമറിയാതെ തന്നെ ഒരു ക്ലാസ് മുറിയും കളിസ്ഥലവും ഒരു പ്രാർത്ഥനാമുറിയും ഒരുക്കുന്നുണ്ട്. ഇവ മൂന്നും സമന്വയിപ്പിച്ചുകൊണ്ടുപോകുന്ന അമ്മയുടെ മക്കൾ ആ കുടുംബത്തിന്റെ യശസ്സ് ഉയർത്തിപ്പിടിക്കുന്നവരായിരിക്കും.



ഇവിടെ ഔദ്യോഗികമായി ഒന്നും പഠിപ്പിക്കുകയോ പരിശീലിപ്പിക്കുകയോ ചെയ്യുന്നില്ല. മറിച്ച്, അവൾ മക്കൾക്ക് ആവശ്യഘട്ടങ്ങളിൽ വഴികാട്ടിയും നിരന്തരം ഉദാഹരണവുമായി തീരുന്നതിലൂടെയാണ് ഈ നേട്ടം കൈവരുന്നത്.

കുടുംബത്തിൽ വിനോദം അത്യാവശ്യ ഘടകമാണ്. പക്ഷേ, ഇത് പണം മുടക്കി ചെയ്യണമെന്ന നിർബന്ധം ആവശ്യമില്ല. കുടുംബാംഗങ്ങൾ എല്ലാവരും പങ്കെടുക്കുന്ന ഏതെങ്കിലും ഒരു വിനോദം അത് കുട്ടികളിൽ നേതൃപാടവവും കുടുംബാംഗങ്ങൾ തമ്മിൽ ഐക്യവും വളർത്തും.

ഒരുമിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒരുമിച്ച് നിലനിൽക്കുന്നു എന്നാണല്ലോ? ഒരു യഥാർത്ഥ കത്തോലിക്കാവിശ്വാസിയായ അമ്മ തന്റെ പിഞ്ചുകുഞ്ഞിനെ മടിയിലിരുത്തി കുരിശു വരയ്ക്കാൻ പരിശീലിപ്പിക്കുന്നു, പ്രാർത്ഥനകൾ പഠിപ്പിക്കുന്നു, കുട്ടികളുടെ വേദപഠനകാര്യങ്ങളിൽ അവർ ശ്രദ്ധ പതിപ്പിക്കുന്നു. അവരുടെ വിശ്വാസപൂർണ്ണമായ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു. അവരുടെ സഭാത്മക ജീവിതത്തിൽ സന്തോഷിക്കുന്നു. പ്രാർത്ഥിക്കുന്നതിന് ഒരു ശരിയായ സമയമുണ്ടെന്ന് നല്ല അമ്മ അറിയിക്കുന്നു. ദൈവം ആഗ്രഹിക്കുന്ന

# ഫുട്പാത്തിലെ ക്രിസ്തു

വഴിവക്കിൽ ഓരം ചേർന്നിരിക്കുന്നവനായി ക്രിസ്തുനാഥാ ഞാൻ അങ്ങയെ കണ്ടു. അങ്ങ് നഗ്നനായിരുന്നു. എന്നാൽ പൂർണ്ണ നഗ്നനായിരുന്നില്ല, ആയിരുന്നെങ്കിൽ ഒരു പക്ഷെ എനിക്ക് അങ്ങയെ കാണാൻ സാധിക്കില്ലായിരുന്നു. പണ്ട് ഗോഗുൽത്തായിൽ ചെയ്തതുപോലെ സൂര്യൻ അതിന്റെ കിരണങ്ങളെ മറച്ചേക്കുമായിരുന്നു ഇരുട്ടു വ്യാപിക്കുമായിരുന്നു.

അങ്ങയുടെ ദീനരോദനം സത്യമായും ഞാൻ കേട്ടു. എന്റെ ദൈവമേ, എന്റെ ദൈവമേ എന്നുള്ള ആ നിലവിളി. അങ്ങിപ്പോഴും ക്രൂശിൽ കിടക്കുകയാണോ എന്ന് ഞാൻ ശങ്കിച്ചു.അങ്ങയുടെ കണ്ണുനീർ കണങ്ങൾ ഞാൻകണ്ടു. അത് ധാരധാരയായി ഒഴുകികൊണ്ടിരുന്നു. ആ ക്ഷീണിച്ചശരീരം കണ്ടു ഞാൻ ഞെട്ടിപ്പോയി. ഒട്ടിയ വയറും ഉയർന്ന നെഞ്ചും. എനിക്കത് സഹിക്കാനായില്ല.വെറോനിക്കയെപ്പോലെ,മഗ്ദലനയോപ്പോലെ നിന്നെ ആശ്വസിപ്പിക്കുവാൻ ഞാൻ ആഗ്രഹിച്ചു. പക്ഷെ എനിക്കുചുറ്റും തുറിച്ചുനോക്കിനിൽക്കുന്നവരെ ഞാൻ കണ്ടു. അവരുടെ വെറുപ്പ് സഹിക്കേണ്ടെന്ന്കരുതി ആ ആഗ്രഹം ഞാൻ ഉപേക്ഷിച്ചു. ഞാൻ അത് പലരോടും പറഞ്ഞു അവരെന്നെ പരിഹസിച്ചു. ഒരു പുണ്യവാൻ, വഴിവക്കിലെ ക്രിസ്തുവിനെ അവർക്കുൾകൊള്ളാനായില്ല. അവരെന്നെ വിഡ്ഢിയെന്നു വിളിച്ചു പരിഹസിച്ചു. എല്ലാം എന്റെ തോന്നലായിരിക്കാം. ഞാൻ സ്വയം സമാധാനിച്ചു. നാളുകൾ കഴിഞ്ഞു. പള്ളിയിലെ വികാരിയച്ചൻ പ്രസംഗിച്ചപ്പോൾ ഞാൻ ഓർത്തു. ഞാൻ മാത്രമല്ലല്ലോ വിഡ്ഢി.

നിറഞ്ഞൊഴുകുന്ന നദി കുറുകെ കടക്കാൻ ക്രിസ്തുവിനെ സഹായിച്ച ക്രിസ്റ്റഫർ ഒരു പൈതലിനെ തോളിലേറ്റിപോലും. മറുകര ചെന്നപ്പോൾ അത് ക്രിസ്തുവാണെന്ന് തിരിച്ചറിഞ്ഞു. പാവം ക്രിസ്റ്റഫർ. എന്നെപ്പോലെ അങ്ങയെ ആരും വിഡ്ഢിയെന്നു വിളിച്ചില്ലല്ലോ എന്ന് ഞാൻ ഓർത്തു. അപ്പോൾ എന്റെ കാതുകളിൽ ക്രിസ്തുനാഥാ അങ്ങയുടെ സ്വരം മുഴങ്ങികേട്ടു. എന്റെ നാമത്തിൽ പരിഹസിക്കപ്പെടുമ്പോൾ നിങ്ങൾ സന്തോഷിക്കുവിൻ.

തുപോലെ സന്തോഷത്തോടെ കുടുംബസമേതം അവൾ അത് നിർവഹിക്കുന്നു. മക്കൾ ദൈവം തനിക്കു നൽകിയ വിലമതിക്കാനാവാത്ത ഭാഗമാണെന്നും ദൈവം അവൾക്കായി പ്രത്യേക പദ്ധതികൾ നിർദ്ദേശിച്ചിട്ടുണ്ടെന്നും അമ്മ മനസ്സിലാക്കിയാൽ ദൈവിക നിയോഗത്തിനായി സ്വയം ഒരുക്കുവാൻ, സ്വയം സമർപ്പിക്കുവാൻ അവൾ തന്റെ മക്കളെ പരിശീലിപ്പിക്കും. ഇത് മതപരമായ ഒരു ചര്യയായി വിലയിരുത്തപ്പെടേണ്ടതല്ല. സ്വന്തം ആത്മരക്ഷയ്ക്കാവശ്യമായവ ചെയ്യണമെന്നും അപരനെ അവന്റെ ആത്മരക്ഷയിൽ സഹായിക്കണമെന്നും ഉള്ള ബോദ്ധ്യം കുട്ടിയിൽ ഉണ്ടാക്കിയാൽ അവൻ സ്വാഭാവികമായി അത് ജീവിതത്തിൽ പ്രാവർത്തികമാക്കും. സഹോദരങ്ങളുടെ ആവശ്യങ്ങളെ തൃണവത്ഗണിച്ച് സ്വന്തം നേട്ടത്തിനായി ഓടാനല്ല, സഹോദരന്റെ വഴിയിൽ തടസ്സങ്ങൾ സൃഷ്ടിക്കാതെ അവനെ സഹായിക്കുവാനുള്ള മനഃസ്ഥിതി കുട്ടികളിൽ വളർത്തിയെടുക്കുവാൻ അമ്മമാർക്ക് കഴിയണം.

കുടുംബത്തിന്റെ ഹൃദയമായി വർത്തിക്കേണ്ട സ്ത്രീയുടെ പ്രാധാന്യം അമ്മയിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല. ഭാര്യ എന്ന നിലയിലെ സ്ത്രീയുടെ പ്രാധാന്യവും കുടുംബ സുരക്ഷിതത്വത്തിന് അത്യന്താപേക്ഷിതമാണ്. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള യഥാർത്ഥ, ആഴമായ സ്നേഹബന്ധം കുടുംബത്തെ കുട്ടികളുടെ ആശ്വാസകേന്ദ്രവും രക്ഷാസങ്കേതവുമാക്കി മാറ്റും. ഏതു പ്രശ്നത്തിന്റെ മദ്ധ്യത്തിലും മാതാപിതാക്കളുടെ സ്നേഹത്തണലിൽ ഓടിയെത്തുന്ന മക്കൾ വഴിപിഴയ്ക്കുന്നതിനുള്ള സാദ്ധ്യത വളരെ കുറവാണ്. ആയതിനാൽ ആരോഗ്യപൂർണ്ണമായ, മൂല്യാധിഷ്ഠിതമായ ജീവിതം കുട്ടികളിൽ കരുപ്പിടിപ്പിക്കുവാൻ മാതാപിതാക്കളുടെ പരസ്പര സ്നേഹം കുടുംബത്തിൽ ഉറപ്പുവരുത്തേണ്ടതാണ്. അപ്പനും അമ്മയും ഒന്നുചേർന്ന് മക്കളെ ദൈവസന്നിധിയിലേക്ക് കൈപിടിച്ചു കൊണ്ടുവരുന്ന രംഗം എത്ര ഹൃദയഹാരിയാണ്


ഇപ്രകാരം സ്നേഹത്തിൽ ഒന്നാകുന്ന കുടുംബങ്ങൾ, സാമൂഹിക ബന്ധങ്ങളിൽനിന്ന് അകന്നു നിൽക്കുവാൻ പാടില്ല. ഇതര മനുഷ്യരെ സ്വന്തം സഹോദരരായി കണ്ടു സ്നേഹിക്കുവാൻ അമ്മമാർ കുട്ടികളെ പരിശീലിപ്പിക്കേണ്ടത് ഇന്നിന്റെ ആവശ്യമാണ്.

വി. ജോൺ ക്രിസോസ്റ്റം പറയുന്നു, “കുടുംബം സമൂഹത്തിന്റെ ഒരു ചെറിയ പതിപ്പാണ്” എന്ന്. വി. പൗലോസ് ശ്ലീഹാ ക്രിസ്തീയ കുടുംബത്തെ ക്രിസ്തീയ വിവാഹത്തിന്റെ പശ്ചാത്തലത്തിൽ, ക്രിസ്തുവിന്റെ ഭൗതിക ശരീരത്തോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു. ഈ ശരീരത്തിൽ ഭർത്താവും പിതാവും ശിരസ്സും, ഭാര്യയും അമ്മയും ശരീരവും കുട്ടികളിൽ ശരീരത്തിലെ അവയവങ്ങളുമാണ്. ഈ അഗാധവും അർത്ഥപൂർണ്ണവുമായ ഐക്യത്തിൽ ‘അമ്മ – കുടുംബത്തിന്റെ ഹൃദയം’ എന്ന സ്ഥാനം നാം കണ്ടെത്തുന്നു.

മനുഷ്യവ്യക്തിയുടെ ജീവനും ജീവിതവും നിലനിർത്തുന്ന ഹൃദയംപോലെ ആത്മീയ സാമൂഹിക സാംസ്കാരിക മൂല്യങ്ങളും സ്നേഹവും സഹിഷ്ണുതയും ആത്മസമർപ്പണവും സേവനസന്നദ്ധതയും സർവ്വോപരി പ്രാർത്ഥനയുടെ ഊഷ്മളതയും ദൈവേഷ്ടത്തോടുള്ള വിധേയത്വവും കുടുംബത്തിന് പകർന്നുകൊടുക്കുന്നതിനായി സ്വയം സ്പന്ദിക്കുന്ന ഹൃദയങ്ങളായി നമുക്കു മാറാം. നന്മയുടെ ജീവരക്തം വരും തലമുറയ്ക്കു പകരാം.

## ഓർമ്മതിരുന്നാൾ

**(നവംബർ 03)**



**അഭി. പൗലോസ് മാർ പീലക്സിനോസ്**

# ഉള്ളതു പറഞ്ഞാൽ...





**അഡ്വ. വിനോദ് മാത്യു വിൽസൺ**

വക്കീലായാലും ഡോക്ടർ ആകാൻ പറ്റുമെന്ന് കഴിഞ്ഞ ദിവസം മനസ്സിലായി. കൊല്ലം ജില്ലയിൽ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിൽവച്ചു നടന്ന നിയമസഹായ ക്ലിനിക്കിൽ പലതരം കേസ് രോഗങ്ങൾ മനസിന് ബാധിച്ച്, വ്യവഹാരം നടത്താൻ ബുദ്ധിമുട്ടുന്ന കുറച്ചു രോഗികളെ പരിശോധിക്കാൻ ചാൻസ് കിട്ടി.

സാർ, ഇയാളുടെ പുരയിടത്തിൽ കാടും അഴുക്കുമാ. ഓ... സഹിക്കാൻ വയ്യ... പാമ്പും പഴുതാരയും എപ്പോഴും കേറിവരുവാ. ഒന്ന് വൃത്തിയാക്കിയിടാൻ പറയണം സാർ... ഒരു രോഗിയുടെ രോദനം.

ചുമ്മാതാ സാർ, ഇവര് അഴുക്കുവെള്ളം എന്റെ സ്ഥലത്താണ് ഒഴിക്കുന്നത്. അത് ഒഴിക്കാതിരുന്നാൽ അവിടെങ്ങും ഒന്നും വരത്തില്ല. എതിർ രോഗിയുടെ ഡിഫൻസ്. ശരിക്കും വക്കീൽ ഡോക്ടറായ ഞാൻ പെട്ടു.




സാർ, ഇവരുടെ വീട്ടിൽ ഒരു പട്ടിയുണ്ട്. രാത്രിയിൽ മുടിഞ്ഞ കുരയാണ്. കൊച്ചിന് പഠിക്കാൻ പറ്റുന്നില്ല. കുരയൊന്ന് നിർത്താൻ നടപടി എടുക്കണം സാർ (ആര് ഞാനോ? ഞാനെങ്ങനെ പട്ടിയുടെ കുര നിർത്തും. അല്ല അത് പട്ടിയുടെ ജന്മാവകാശമല്ലേ? സൂര്യനോട് നാളെ മുതൽ ഉദിക്കണ്ട എന്നു പറയാൻ ഞാൻ ആര്? ഒരുപക്ഷെ മേനക ചേച്ചി അറിഞ്ഞാൽ ചിലപ്പോൾ എന്റെ കാര്യം... നിരവധി ചിന്തകൾ തലയിൽ മിന്നിമാഞ്ഞു). ഇല്ല സാർ പട്ടി കുരയ്ക്കില്ല. പട്ടിയുണ്ടെന്ന് വച്ച് കുട്ടിക്കെന്താ സാർ? (കുരയ്ക്കാത്ത പട്ടിയെ എന്തിനാ ഇവർക്ക്).

കോടതിയിൽ കൊലക്കേസ് വാദിക്കുമ്പോൾപോലും ഇത്രയും ടെൻഷൻ വരില്ല. നിസാരമായ കാര്യമാണ്. വാശി തീർക്കാൻ, വെല്ലുവിളിക്കാൻ, ചുമ്മാ ഓരോ പരാതികൾ. ഈയിടയ്ക്ക് തമിഴ്നാട്ടിൽ പോയി. കാരറ്റ് പാടങ്ങളും മുന്തിരി വിളവുകളും കണ്ടു. തൊട്ടടുത്ത് കൃഷിചെയ്യുന്നവനു വേണ്ട സൗകര്യവും കൂടി ചെയ്തുകൊടുക്കും അപ്പുറത്ത് ഉള്ളവൻ. വെള്ളം കിട്ടാതിരിക്കാൻ വരമ്പ് മൂടി വയ്ക്കുന്ന വൃത്തികെട്ട ശീലവും, വെള്ളം കേറി വിള നശിക്കാൻ വരമ്പ് മുറിച്ച് വെയ്ക്കുന്ന അസൂയയും തമിഴ്നാട്ടിൽ ഞാൻ കണ്ടില്ല. ഭൂമിയിലെ സമ്പാദ്യത്തിന് എത്ര ആയുസ്സ് ഉണ്ട്? എനിക്ക് വളരെ പ്രിയപ്പെട്ട ഒരു പുരോഹിതൻ ഈയിടയ്ക്ക് അമേരിക്കയിൽ സഭയുടെ ആത്മീയകാര്യങ്ങളുമായി ബന്ധപ്പെട്ട് പോയി. അദ്ദേഹവുമായി സംസാരിച്ചപ്പോൾ വളരെ ഹൃദയവേദനയോടെ പറഞ്ഞ ഒരുകാര്യം സൂചിപ്പിക്കട്ടെ: പല കുടുംബങ്ങളും സാമ്പത്തികമായി വളരെ നല്ല നിലയിലാണ്. ഉന്നതമായ സ്ഥാനമാനങ്ങൾ. ഒന്നിലധികം വീടുകൾ, ബാങ്ക് ബാലൻസുകൾ, പക്ഷേ എന്തുചെയ്യാം. മക്കളെ നഷ്ടപ്പെട്ടു. അതെന്താ അച്ചാ അങ്ങനെ.. സ്നേഹവും കരുതലും കുട്ടികൾക്ക് കൊടുക്കാതെ, പ്രാർത്ഥിക്കാൻ അവരെ പഠിപ്പിക്കാതെ ഓവർ ടൈം ഡ്യൂട്ടി ചെയ്ത് കാശു കൂടുതൽ ഉണ്ടാക്കാൻ പോയപ്പോൾ ജീവിതത്തിന്റെ ആകെ സമ്പാദ്യമായ മക്കൾ വഴിപിഴച്ചു. പല മാതാപിതാക്കളും തേങ്ങുകയാണ്, നെഞ്ചുപൊട്ടി കരയുകയാണ്. ഇതൊക്കെ ചില സൂചനകൾ ആണ്. എന്നാലും മനഃസ്ഥിതി മാറ്റാൻ ആരും തയ്യാറല്ല.

ആകാശപ്പറവകളെ നോക്കി പഠിക്കാൻ സാധിക്കണം. നിറയെ കതിർമണികൾ ഉള്ള പാടത്തുനിന്നുപോലും തന്റെ കൊക്കിൽ ഒതുങ്ങുന്ന ഒരു കതിർമണി മാത്രമെ ശേഖരിക്കുകയുള്ളൂ. ഒരുത്തൻ മടിപിടിച്ച് കടൽതീരത്തു കിടന്നു. വളരെ അദ്ധ്വാനിയായ ഒരാൾ അതുവഴി കടന്നുവന്നു. ടോ, ഇങ്ങനെ മടിപിടിച്ച് കിടക്കരുത്. ഒത്തിരി കഠിനദ്ധ്വാനം ചെയ്യണം. എന്തിന്? മടിയന്റെ ചോദ്യം. ഒരു ബോട്ട് വാങ്ങുക. എന്നിട്ട് അതിന്റെ ലാഭം കൊണ്ട് അനേകം ബോട്ടുകൾ, മത്സ്യസംസ്കരണത്തിന് ഫാക്ടറി, അങ്ങനെ പലതും. എന്നിട്ടോ? വീണ്ടും മടിയന്റെ സംശയം.... എന്നിട്ടെന്താ പിന്നെ കറങ്ങുന്ന കസേരയിൽ കാറ്റുംകൊണ്ട്, ബീഡിയും വലിച്ച് ഇരുന്നാൽ പോരേ.

ഹ..ഹ..ഹാ കഷ്ടം ... അതിന്റെ പകുതി അദ്ധ്വാനം ഇല്ലാതെ താനിപ്പോൾ ചെയ്യുന്നത് എന്താണ്.



# സച്ചിനെ കണ്ടു പഠിക്കണം

ടോംസ് ആന്റണി

ഇതിഹാസതാരം സച്ചിൻ ടെൻഡുൽക്കർ ഒരിക്കൽകൂടി ലോകത്തിനു മാതൃകയാകുകയാണ്. 'തെറ്റായ സന്ദേശം നൽകുന്ന പരസ്യങ്ങളിൽ അഭിനയിക്കില്ലെന്ന്' സച്ചിൻ അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചുകൊണ്ട് അദ്ദേഹത്തിന്റെ സാമൂഹിക പ്രതിബദ്ധത വീണ്ടും തെളിയിച്ചു. ജീവിതത്തിലും ക്രിക്കറ്റിലും വിജയിക്കുവാൻ കുറുക്കുവഴികളില്ലെന്നും അദ്ദേഹം പറയുന്നു. ഇന്റർനാഷണൽ അഡ്വെർടൈസിംഗ് അസോസിയേഷൻ ഇന്ത്യാ ചാപ്റ്ററിന്റെ രജതജൂബിലി സംഗമത്തിൽ പങ്കെടുത്തുകൊണ്ട് കൊച്ചിയിൽവച്ചാണ് അദ്ദേഹം ഇങ്ങനെ പ്രഖ്യാപിച്ചത്.

കുത്തക കമ്പനിയായ പെപ്സി പോലുള്ളവയുടെ പരസ്യങ്ങളിൽ അദ്ദേഹം അഭിനയിച്ചതിനോട് ലേഖകന് വിയോജിപ്പുണ്ടെങ്കിലും താൻ വിശ്വസിക്കുന്ന മൂല്യങ്ങളിൽനിന്നു പണത്തിനുവേണ്ടിയും പ്രശസ്തിക്കുവേണ്ടിയും അണുവിട ചലിക്കാൻ അദ്ദേഹം തയ്യാറല്ല. മാന്യമായ ഇടപെടലും എളിമയും കൊണ്ട് കറതീർന്ന വ്യക്തിജീവിതത്തിന്റെ ഉടമയായ സച്ചിൻ വെല്ലുവിളികൾ നേരിടേണ്ടിവരുമ്പോൾ കുറുക്കുവഴികൾ സ്വീകരിക്കാതെ സധൈര്യം അവ ഏറ്റെടുക്കണമെന്നും ആവശ്യപ്പെടുന്നു.

അദ്ദേഹത്തിന്റെ വാക്കുകളിലേക്ക്...

"നമ്മുടെ സ്വാതന്ത്ര്യം വിലപ്പെട്ടതാണ്. പക്ഷേ ആ സ്വാതന്ത്ര്യത്തെ നാം ഒരിക്കലും ദുരുപയോഗിക്കുവാൻ പാടില്ല."

അദ്ദേഹം തുടരുന്നു: "കടമകളിൽ വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. കുടുംബത്തോടും സുഹൃത്തുക്കളോടും പരിശീലകരോടും ആരാധകരോടും സമൂഹത്തോടും പല കാര്യങ്ങൾ കൊണ്ടും ഞാൻ കടപ്പെട്ടിരിക്കുന്നു. എന്റെ കുടുംബവും സുഹൃത്തുക്കളും എപ്പോഴും എന്റെ കൂടെ ഉണ്ടായിരുന്നു. അവരാണ് എന്റെ മാനേജർമാർ."

പരസ്യചിത്രങ്ങളിൽ അഭിനയിക്കാൻ തുടങ്ങിയ കാലം ഞാൻ വളരെ ചെറുപ്പമായിരുന്നു. പലതും തിരിച്ചറിയാൻ കഴിയാത്ത പ്രായം. അച്ഛൻ എന്നോട് പറഞ്ഞു, മദ്യത്തിന്റെയും പുകവലിയുടെയും പരസ്യങ്ങളിൽ അഭിനയിക്കരുതെന്ന്. അത് ഞാനെപ്പോഴും പാലിച്ചുപോരുന്നു. ക്രിക്കറ്റിനെ ചെറുതാക്കുന്ന ഒരു പരസ്യത്തിലും ഞാൻ അഭിനയിക്കില്ല. ക്രിക്കറ്റ് പന്ത് ഞാൻ സ്റ്റേഡിയത്തിന്റെ പുറത്തേക്ക് അടിച്ചുപറത്തുന്ന ഒരു പരസ്യത്തിൽ അഭിനയിക്കാൻ പെപ്സി എന്നെ ക്ഷണിച്ചിരുന്നു. എന്നാൽ ക്രിക്കറ്റ് തന്നെക്കാൾ വലുതാണെന്നും ക്രിക്കറ്റിനെ അപമാനിക്കുന്ന ഇത്തരം പരസ്യം ചെയ്യാൻ പറ്റില്ലെന്നും പറഞ്ഞൊഴിഞ്ഞു.

സാമൂഹിക പ്രതിബദ്ധതയും മൂല്യബോധവും സമന്വയിക്കുന്ന വ്യക്തവും തെളിമയുമുള്ള വാക്കുകളാണ് സച്ചിന്റേത്. ഈ ലേഖനം സച്ചിന്റെ വാക്കുകളിൽനിന്നാരംഭിച്ചതിന് ചില കാരണങ്ങളുണ്ട്. നമ്മുടെ പല താരങ്ങളും തങ്ങളുടെ താരമൂല്യത്തെ വിറ്റുകാശാക്കുന്നവരാണ്. പണത്തിനുവേണ്ടി ഏതു പരസ്യത്തിലും അഭിനയിക്കാൻ തയ്യാറുള്ളവരാണവർ. മദ്യത്തിന്റെയും പുകവലിയുടെയും പരസ്യത്തിൽ നമ്മുടെ സൂപ്പർതാരങ്ങൾ അഭിനയിക്കുന്നു എന്നത് ഖേദകരമാണ്. നാട്ടുകാരുടെ ചങ്കും കരളും വാടിയാലെന്ത്, നമുക്കും കിട്ടണം പണം.

നമ്മുടെ താരങ്ങൾ അഭിനയിക്കുന്ന പരസ്യങ്ങളിലെ ഉല്പന്നങ്ങൾ ഉപയോഗിക്കുവാൻ പ്രേക്ഷകരോട് ആവശ്യപ്പെടുമ്പോൾ ഒരു കാര്യം ഉറപ്പിക്കാനുള്ള ബാദ്ധ്യത അവർക്കുണ്ട്. ഈ ഉല്പന്നങ്ങളിൽ മായം ചേർത്തിട്ടുണ്ടോ? ഇവ ഉപയോഗിക്കുമ്പോൾ എന്തെങ്കിലും പാർശ്വഫലം ഉണ്ടോ? ഈ പരസ്യം ചെയ്യുന്നതുവഴി പരസ്യക്കമ്പനികൾക്ക് എന്തെങ്കിലും ഹിഡൻ അജണ്ടയുണ്ടോ? ഈ ഉല്പന്നങ്ങൾ അമിതവില ഈടാക്കിയാണോ വിൽക്കുന്നത്? മറ്റെന്തെങ്കിലും ഉപഭോക്തൃ ചൂഷണം ഇതിലുണ്ടോ? എന്നിങ്ങനെയുള്ള കാര്യങ്ങളിൽ നൂറുശതമാനം ഉറപ്പുവരുത്തി 'ഇല്ല' എന്ന് ബോദ്ധ്യപ്പെടുവാൻ പരസ്യങ്ങളിൽ അഭിനയിച്ച് കോടികൾ സമ്പാദിക്കുന്ന താരങ്ങൾക്ക് കഴിയണം.

ഈ അടുത്തകാലത്ത് മാഗി ന്യൂഡിൽസിന്റെ പരസ്യത്തിൽ അഭിനയിച്ച് പുലിവാലു പിടിച്ച ഇന്ത്യൻ സൂപ്പർതാരം അമിതാഭ്ബച്ചന്റെ കാര്യവും ഇവിടെ പ്രസക്തമാണ്. താൻ അഭിനയിക്കുന്ന സമയത്ത് ഈ ഉല്പന്നങ്ങളിൽ മായമില്ലായിരുന്നു എന്നാണ് അദ്ദേഹത്തിന്റെ അവകാശവാദം. ഇത് ലാഘവത്തോടെയുള്ള ഒരു 'കൈകഴുകൽ' ആണ്. തന്റെ പേരിൽ പരസ്യം പ്രക്ഷേപിക്കുന്നത്രയും കാലം താൻ അഭിനയിച്ച പരസ്യങ്ങളിലെ ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കേണ്ട വലിയ ബാദ്ധ്യത താരങ്ങൾക്കുണ്ട് എന്ന കാര്യം വിസ്മരിക്കരുത്. മദ്യപാനത്തിന്റെയും പുകവലിയുടെയും രംഗങ്ങളിൽ അഭിനയിക്കില്ല എന്ന് പരസ്യമായി പ്രഖ്യാപിക്കുവാനും നമ്മുടെ സിനിമാതാരങ്ങൾക്ക് കഴിയണം.

ഇന്ന് മാർക്കറ്റിൽ മൂല്യമില്ലാത്ത ഏത് ഉല്പന്നങ്ങളും വലിയ താരങ്ങളുടെ താരപരിവേഷം ചൂഷണം ചെയ്ത് വലിയ മാർജിനിൽ വിൽക്കാം എന്ന ഒരു അവസ്ഥ സംജാതമായിട്ടുണ്ട്. അതുകൊണ്ടുതന്നെ നമ്മുടെ സിനിമാ - കായികതാരങ്ങൾക്കെല്ലാം പരസ്യവിപണിയിൽ വലിയ മാർക്കറ്റാണ്. താരസിംഹാസനങ്ങളിൽ വിരാജിക്കുമ്പോൾ തങ്ങളുടെ സുവർണ്ണ കാലഘട്ടത്തിൽതന്നെ ആവുന്നത്ര കോടികൾ പോരട്ടെ എന്നാണവരുടെയൊക്കെ മനസ്സിലിരുപ്പ്.

പരസ്യക്കമ്പനികളുടെ കെണിയിൽപ്പെടാതെ മൂല്യബോധത്തോടെ നിലനിൽക്കുന്ന ഒട്ടേറെ താരങ്ങൾ നമുക്കിടയിലുണ്ട് എന്നതും ഈ അവസരത്തിൽ വിസ്മരിക്കുന്നില്ല. സമൂഹത്തിൽ മൂല്യച്യുതിയും മദ്യപാനവും മായം ചേർത്ത ഉല്പന്നങ്ങളും പ്രോത്സാഹിപ്പിക്കുന്ന പരസ്യങ്ങളിൽ അഭിനയിക്കുന്ന താരങ്ങളെ നിലയ്ക്കുനിർത്താനുള്ള ബാദ്ധ്യത അവരുടെ ആരാധകർക്കും പ്രേക്ഷകർക്കും ഉണ്ട്. ബഹിഷ്ക്കരണത്തിലൂടെയും നിസ്സഹകരണത്തിലൂടെയും അവരുടെ താരപദവിതന്നെ ഇല്ലാതാക്കേണ്ടതുണ്ട്.

ഇവിടെയാണ് സച്ചിനെപ്പോലെയുള്ള ഇതിഹാസ താരങ്ങൾ കൂടുതൽ ശ്രേഷ്ഠരായിത്തീരുന്നത്. ക്രിക്കറ്റിൽ ഇത്രയൊക്കെ നേടിയ താങ്കൾക്ക് എങ്ങനെ കാലു നിലത്തുനിർത്താൻ കഴിയുന്നു എന്ന് സച്ചിനോട് അഭിമുഖം നടത്തിയ ഡക്കാൻ ഇന്ത്യാ ചെയർമാൻ പ്രസൂൽ ജോഷിയുടെ ചോദ്യത്തിന് "എനിക്ക് നടന്നു വീട്ടിൽ പോകണ്ടേ?" എന്നായിരുന്നു, സദസ്സിൽ ചിരിമുഴങ്ങവേ സച്ചിന്റെ ഉത്തരം.

സച്ചിൻ പറയുന്നതുപോലെ നമ്മുടെ താരങ്ങൾക്കും നടന്നു വീട്ടിൽ പോകുവാൻ കഴിയുന്ന നല്ല അന്തരീക്ഷം എന്നും ഉണ്ടാകട്ടെ. അവരും സച്ചിനെപ്പോലെ മൂല്യങ്ങൾ പ്രസരിപ്പിക്കട്ടെ. ●


## വിവാഹ ഒരുക്ക സെമിനാർ 2015

**സ്ഥലം: ശാന്തിനിലയം, തിരുവല്ല.**
**ഫോൺ 0469 – 2603968, 9446270259, 9895556074**

**തീയതി: നവംബർ 10,11,12 – 24,25,26**
**ഡിസംബർ 8,9,10**

**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 750 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.





# പ്രബോധനം
## തിരുവചനത്തിന്റെ പുനർവായന

മാതൃസമാജങ്ങളിലും കുടുംബകൂട്ടായ്മകളിലും വായനയ്ക്കും പഠനത്തിനും ...

### നവംബർ 1
### കൂദോശ് ഈത്തോ ഞായർ (മത്താ 16/1323)

ആരാധനക്രമ വത്സരാരംഭമാണിന്ന്. യേശുക്രിസ്തുവിന്റെ രക്ഷാകരവ്യാപാരങ്ങളെ അടിസ്ഥാനമാക്കി വർഷത്തെ ഏഴുകാലങ്ങളായി തിരിച്ചിരിക്കുന്നവെന്ന് നമുക്കറിയാം. സുബോറോ (അറിയിപ്പുകാലം) കാലത്തെ ആദ്യ രണ്ട് ഞായറാഴ്ചകൾ സഭയുടെ വിശുദ്ധീകരണവും നവീകരണവും യഥാക്രമം നമ്മുടെ ധ്യാനവിഷയമാക്കുന്നു. ആണ്ടു മുഴുവനിലുമുള്ള ക്രിസ്തീയ വിശേഷദിവസങ്ങളുടെ ക്രമീകരണത്തിന് ചരിത്രപരമായ കാരണമുണ്ട്. നീറോ, ഡയക്ലീഷൻ തുടങ്ങിയ റോമം ചക്രവർത്തിമാർ നടത്തികൊണ്ടിരുന്ന ക്രിസ്തുമതപീഡനം മഹാനായ കോൺസ്റ്റന്റയിൻ ചക്രവർത്തി നിറുത്തുകയും ഗവൺമെന്റ് അപഹരിച്ച് അശുദ്ധമാക്കിയിരുന്ന പള്ളികളെല്ലാം തിരികെ കൊടുത്തു. തദനുസരണം പള്ളികൾ തിരിച്ചെടുത്തു പുതുക്കി കൂദാശ ചെയ്ത് ഉപയോഗിച്ചു തുടങ്ങിയത്തിന്റെ സ്മരണയാണ് കൂദോശ് ഇത്തോ, ഹുദോസ് ഇത്തോ എന്നീ ഞായറാഴ്ച ആചരണങ്ങൾ.

മത്തായി 16/13-23 വാക്യങ്ങളുടെ പശ്ചാത്തലമൊരുങ്ങുന്നത് കേസറിയാ ഫിലിപ്പി(ഇന്നത്തെ ബനിയാസ്) എന്ന പട്ടണം. ഈ പട്ടണത്തിൽ ഒരുപാട് സംസ്ക്കാരത്തിലുള്ള ഒട്ടനവധി ആളുകൾ പാർത്തിരുന്നു. വിജാതീയ ദൈവങ്ങളുടെ അനേകബിംബങ്ങളുടെ നടുവിൽ നിന്നുകൊണ്ടാണ് യേശു ശിഷ്യൻമാരോട് രണ്ട് ചോദ്യങ്ങൾ ഉന്നയിക്കുന്നത്. ഞാൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്? എന്താണ് നിങ്ങളുടെ അഭിപ്രായം ? ക്രിസ്തുമതത്തിന്റെ രണ്ട് മുഖങ്ങളാണ് ഈ ചോദ്യങ്ങളിലൂടെ വെളിവാകുന്നത്. പ്രസംഗങ്ങളിലൂടെയും സാക്ഷ്യങ്ങളിലൂടെയും ജീവിതങ്ങളിലൂടെയും വെളിവാകുന്ന ക്രിസ്തു അനുഭവവും ഓരോ വ്യക്തിയുടെയും ക്രിസ്താനുഭവും യേശുക്രിസ്തുവിന് ജനസമൂഹം കല്പിച്ചു നൽകുന്ന വിശേഷണങ്ങൾ യഹൂദ വിശ്വാസത്തിലെ സമുന്നതമായ സ്ഥാനങ്ങളാണ് ഏലിയായും, ജെറമിയായും, സ്നാപകനും എല്ലാം വലിയ പ്രവാചകരായിരുന്നു. തീഷ്ണതയോടെ ദൈവവചനം പ്രഘോഷിച്ചവർ, ദൈവഹിതം നിറവേറ്റാൻ അക്ഷീണം പരിശ്രമിച്ചവർ ഒരിക്കൽ വന്നുപോയ അവർ ഇനിയും വരുമെന്നാണ്, വരണമെന്നാണ് യഹൂദർ വിശ്വാസവും പ്രതീക്ഷയും എന്തുതന്നെയായാലും അതിനെ സ്വന്തം ജീവിത്തിൽ സ്വായത്താമാക്കാനും സാധിക്കുന്നണ്ടോ എന്നതാണ് ക്രിസ്തീയതയുടെ അളവുകോൽ.

നിരന്തരം , അനുനിമിഷം ഈ ചോദ്യം നാം അഭിമുഖീകരിക്കുകയാണ് നമ്മുടെ ജീവിതത്തിലെ ഓരോ ചിന്തയും വാക്കും പ്രവർത്തിയും എല്ലാം ഈ ചോദ്യത്തിനുള്ള ഉത്തരമായി മാറുന്നു. അതിൽ സ്വീകാര്യതയും നിഷേധവുമുണ്ട് അവസരവാദപരമായി ഓരോ ഉത്തരങ്ങൾ മാറുന്ന നമ്മുക്ക് സ്ഥായിയായ ഒരു യഥാർത്ഥ ക്രിസ്താനുഭവം കൈവരിക്കുവാനോ, പങ്കുവയ്ക്കുവാനോ ആവുന്നില്ല. ആധുനിക ക്രിസ്ത്യാനിക്ക് യേശുക്രിസ്തു ചിലപ്രശ്നങ്ങളുടെ പരിഹാരം മാത്രമാണ്. ചില രോഗങ്ങളുടെ സൗഖ്യം മാത്രമാണ്. സാമ്പത്തിക ഇടപാടിൽ നട്ടം തിരിയുന്നവർക്ക് ചിലപ്പോൾ ധന സമ്പാദനത്തിനുള്ള മാന്ത്രിക വിദ്യമാത്രമാണ്. ഓരോ വ്യക്തിക്കും യേശു അവന്റേതായ അനുഭവവെളിച്ചത്തിൽ ഓരോ സവിശേഷതയായി മാറുന്നു. എന്നാൽ അവയൊക്കെ ഭൗതീകതയുടെ തലത്തിൽ ഒതുങ്ങിനിൽക്കുന്നതായി മാറുന്നു എന്നത് ആധുനിക കാലഘട്ടത്തിൽ വിശ്വാസ ജീവിതത്തിലെ അപകടം നിറഞ്ഞ വെല്ലുവിളിയാണ്.

'നീ ജീവിക്കുന്ന ദൈവത്തിന്റെ പുത്രനാണ്' പത്രോസ് ഏറ്റുപറയുമ്പോൾ യേശു അവനെ ശ്ലാഘിക്കുന്ന രീതി ചിന്തനീയമാണ്. മാംസരക്തങ്ങളല്ല സ്വർഗ്ഗസ്ഥനായപിതാവാണ് ഇത് വെളിപ്പെടുത്തി തന്നത് എന്ന യേശു പറയുമ്പോൾ ക്രിസ്തുവിനെക്കുറിച്ചുള്ള അറിവും അനുഭവവും ഒന്നും ഈ ലോകത്തിലെ അധ്വാനത്തിന്റെയോ ധനത്തിന്റയോ ഉൽപന്നമല്ല എന്നും തികച്ചും ദൈവീകദാനമാണെന്നും നാം തിരിച്ചറിയുന്നു. മാംസരക്തങ്ങളുടെ നേട്ടമല്ല

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയുടെകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.

**മെവിത മാത്യു മാന്താനത്ത് ഹൗസ്, തിരുവല്ല**

മറിച്ച് ദൈവത്തിന്റെ സമ്മാനമാണ് ഈ വിശ്വാസം. എന്തിനുവേണ്ടി? ഈ ലോകത്തിലെ ഓരോ മനുഷ്യ പുത്രരും ദൈവത്തിന്റെ പുത്രന്മാരും ക്രിസ്തുവിന്റെ സഹോദരങ്ങളും സ്വർഗ്ഗത്തിന്റെ അവകാശികളും ആക്കുന്നതിനായി അവൻ തന്നെതന്നെ പുത്രനി ലൂടെ വെളിപ്പെടുത്തുന്നു. ദൈവത്തിന്റെ ഈ രക്ഷാ കരപദ്ധതിയോട് ചേർന്നു നിന്നുകൊണ്ട് ഓരോ വ്യക്തിയും വിശുദ്ധീകരിക്കുമ്പോഴാണ് സഭയുടെ വിശുദ്ധീകരണം പൂർണ്ണമാകുന്നത്.

പത്രോസിൽ സംഭവിച്ചത് അതാണ്. പത്രോസും താൻ ഏറ്റുപറഞ്ഞ വിശ്വാസവും ഒന്നായി തീർന്നു. പത്രോസിൽ ആ വിശ്വാസം എടുത്തുകളഞ്ഞാൽ അവൻ വെറും ജഢമാണ്. സാത്താന്റെ പ്രതിരൂപമാകും. യേശു സഭയെ ഉറപ്പിച്ചിരിക്കുന്നത് വെളിപാടായി കിട്ടിയ ആത്മസാക്ഷാത്ക്കാരത്തിൽമേലാണ്. വിശ്വാസം എന്ന താക്കോൽ ദാനമായി ലഭിച്ചിരിക്കുന്ന ഭാഗ്യവാന്മാരാണ് നാം എന്ന് തിരിച്ചറിയാം. സ്വയം വിശുദ്ധീകരിച്ച് നവീകരിക്കപ്പെട്ട സഭയുടെ കെട്ടുപ ണിയിൽ പങ്കാളികളാകാം. നമ്മുടെ വിശ്വാസമാണ് സഭയുടെ വിശുദ്ധീകരണം. ആമേൻ.

**ഫാ. സെബാസ്റ്റ്യൻ കുന്നുംപുറത്ത്**

## നവംബർ 8 ഹൂദോസ് ഈത്തോ ഞായർ


ആരാധനക്രമവത്സരത്തിലെ രണ്ടാമത്തെ ഞായ റായ ഇന്ന് സഭയുടെ നവീകരണ ദിവസമായി നാം ആചരിക്കുകയാണ്. ഇന്ന് എവിടെയും ചർച്ചചെയ്യ പ്പെടുന്ന ഒരു വിഷയവും ഇതുതന്നെയാണ്. സഭയെ നവീകരിക്കുവാനായി ധാരാളം ആളുകൾ കച്ചകെട്ടി ഇറങ്ങി. ഒന്ന് ശ്രദ്ധിച്ച് വീക്ഷിച്ചാൽ നമുക്ക് കാണു വാൻ സാധിക്കും. നവീകരിച്ച് നവീകരിച്ച് ഒന്നുമി ല്ലാത്ത അവസ്ഥയിലേക്ക് കടന്നുപോകുന്നതും ദുഃഖ പൂർവം നാം വീക്ഷിക്കുന്നു. സഭയുടെ നവീകരണം ക്രിസ്തുവിന്റെ മനസ്സിലൂടെ നമുക്ക് കാണുവാൻ സാധിക്കണം.

സമാന്തര സുവിശേഷകന്മാർ എല്ലാം യേശു തന്റെ ഇഹലോക വാസത്തിന്റെ അവസാനം ചെയ്യുന്ന പ്രവർത്തിയായാണ് ദേവാലയ ശുദ്ധീകരണം വിവ രിച്ചിരിക്കുന്നത് (Mt. 21:12-13, Mk 11:15-19, Lk 19:45-28). എന്നാൽ യോഹന്നാൻ യേശുവിന്റെ പര സ്യജീവിതത്തിന്റെ ആരംഭമായിട്ടാണ് ഈ സംഭവം ചിത്രീകരിച്ചിരിക്കുന്നത്. യേശുവാണ് വരുവാനിരി ക്കുന്ന രക്ഷകൻ അതായത് യഹൂദർ പ്രതീക്ഷിച്ചി രിക്കുന്ന രക്ഷകൻ എന്ന് യോഹന്നാൻ സമർത്ഥി ക്കുവാൻ ശ്രമിക്കുകയാണിവിടെ. ഈ സംഭവം പെസഹാ തിരുനാളിന്റെ പശ്ചാത്തലത്തിലാണ് ഒരു ക്കപ്പെട്ടിരിക്കുന്നത്. ഈജിപ്തിന്റെ അടിമത്വത്തിൽ നിന്നും രക്ഷിക്കുവാൻ സംഹാരദൂതൻ കടന്നുവന്ന തുപോലെ ഇസ്രായേൽ ജനത്തിന്റെ വിമോചനത്തെ സൂചിപ്പിക്കുന്ന പെസഹാ തിരുനാളിൽ വന്ന് 'മിശി ഹായായിട്ട്' യേശുവിനെ അവതരിപ്പിക്കുന്നു. ഇത് ക്രിസ്തു സംഭവത്തിന്റെ വിമോചന മാനത്തെ സൂചി പ്പിക്കുന്നു. രണ്ടാം അദ്ധ്യായത്തിന്റെ അവസാനം ("അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു") പരി ശുദ്ധ സഭ സ്ഥാപിക്കുന്ന യേശു ("സഭ വിശ്വാസി കളുടെ സമൂഹം) അതിന്റെ അടിസ്ഥാനമായ ദേവാ ലയം എപ്രകാരമായിരിക്കണം എന്ന് പഠിപ്പിക്കുവാൻ അത് ശുദ്ധീകരിച്ച് തന്റെ ശരീരത്തോട് ഉപമിക്കുന്നു. മനുഷ്യശരീരം ദേവാലയമായി കണക്കാക്കണം എന്ന് യേശു പഠിപ്പിക്കുന്നു. ആർഷഭാരത സംസ് കാരം പഠിപ്പിക്കുന്ന അഹം ബ്രഹ്മാസ്മിയും തത്വമ സിയും വി. പൗലോസിന്റെ നിങ്ങൾ പരിശുദ്ധാത്മാ വിന്റെ ആലയമാണ് എന്നുള്ള പഠിപ്പിക്കലുകൾ ഇതി നോട് ചേർന്നു നിൽക്കുന്നു.

പിതാവിന്റെ ഭവനത്തെ കച്ചവടസ്ഥലമാക്കുന്നതി നെതിരെയാണ് യേശു പ്രതികരിക്കുന്നത്. ദേവാല യത്തിനും ചന്തയ്ക്കും തികച്ചും വ്യത്യസ്തമായ സംസ്കാരമാണുള്ളത്. ദേവാലയം നിസ്വാർത്ഥമായ സമർപ്പണത്തിന്റെ സംസ്കാരമാണ് ഉണർത്തുന്നത്. എന്നാൽ ഇന്ന് ഈ ദേവാലയം എപ്രകാരമാണ് സൂക്ഷിക്കപ്പെടുക എന്ന് നാം നാം ചിന്തിക്കണം. മഷിപുരണ്ട നോട്ടുകൾ, കീറിയ നോട്ടുകൾ, നേർച്ച കൾകൊണ്ട് അനുഗ്രഹങ്ങൾക്ക് വിലപറഞ്ഞ് കച്ച വടമുറപ്പിക്കുന്ന സംസ്കാരം (100 മെഴുകുതിരി കത്തിച്ചേക്കാം, ഇന്നത് വേണം) തികച്ചും വിലപേശി കഴുത്തറുക്കുന്ന ഉപഭോഗ സംസ്കാരം അഥവാ ചന്തസംസ്കാരം. സമയവും ലോകവും തമ്മിൽ അനിവാര്യമായി ഉണ്ടായിരിക്കേണ്ട അന്തരം ക്രിസ്തു പഠിപ്പിക്കുന്നു. ഇന്ന് ദേവാലയങ്ങളിൽ ക്ലോക്ക് ഒരു സ്റ്റാറ്റസിന്റെ ഭാഗമായി മാറ്റപ്പെടുമ്പോൾ, വെറും ഒരു ഷോ ഓഫ് ആകുമ്പോൾ നാം ചിന്തി ക്കണം, ഒരു ശുദ്ധീകരണത്തിന് സമയമായി എന്ന്.


വീണ്ടും ശുദ്ധീകരിച്ച ദേവാലയത്തെ യേശു തന്റെ ശരീരത്തോട് ഉപമിക്കുന്നു. ശുദ്ധീകരിക്കപ്പെട്ട ദേവാലയം കണക്കെ നമ്മുടെ ശരീരമായിരിക്കണം എന്ന് യേശു പഠിപ്പിക്കുന്നു. പാപത്തിന്റെ കേദാര മായി നമ്മുടെ ശരീരങ്ങൾ മാറ്റപ്പെട്ടു പോകുമ്പോൾ, ലാഭക്കൊതിയിൽ ശരീരങ്ങൾപോലും കച്ചവടം ചെയ്യ പ്പെടുമ്പോൾ, ശാരീരിക സുഖങ്ങൾക്കുവേണ്ടി ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുമ്പോൾ, വിശുദ്ധി നഷ്ടപ്പെടുത്തുമ്പോൾ നാം ഓർക്കണം

**ഉപകാരസ്മരണ**



**ഷെറിൻ കല്ലിശ്ശേരി**

**ഉപകാരസ്മരണ**



**ഷെറിൻ കല്ലിശ്ശേരി**

ദൈവത്തിന് വസിക്കേണ്ട, അന്ത്യനാളിൽ ഉയർപ്പിക്കപ്പെടേണ്ട, ദേവാലയം കണക്കെ സൂക്ഷിക്കപ്പെടേണ്ട, ഒന്നാണ് നാം നഷ്ടപ്പെടുത്തുന്നത് എന്ന്.

ലോകത്തിന്റെ വഴിയെ നാം നടക്കുമ്പോൾ ദേവാലയം ശുദ്ധീകരിച്ച ക്രിസ്തുവിനെ നാം ഓർക്കണം. ഇടവകത്തിരുനാളുകൾ വർണാഭമാകുമ്പോൾ, ലക്ഷങ്ങൾ ആകാശ നിറക്കാഴ്ചകൾക്കായി ഉപയോഗിക്കുമ്പോൾ, കുടുംബപ്പേരുകൾ എഴുതിയ തിരുസ്വരൂപങ്ങളും കൽവിളക്കുകളും പ്രസിദ്ധിക്കായി ഉയരുമ്പോൾ, ആത്മീയതയെ ഭൗതികത മറികടക്കുമ്പോൾ ശുദ്ധീകരണത്തിന് സമയമായി എന്ന് നാം തിരിച്ചറിയണം. ചിന്തിക്കാം, പ്രാർത്ഥിക്കാം.

**ഫാ. ഓസ്റ്റിൻ തെക്കേതിൽ**

## നവംബർ 15 സ്കറിയയോടുള്ള അറിയിപ്പ്

മഹാനായ ഹെറോദോസ് പാലസ്തീന ഭരിച്ചുകൊണ്ടിരുന്ന അവസരത്തിലാണ് യോഹന്നാൻ ജനിക്കുന്നത്. യഹൂദ മതസ്ഥരും പുരോഹിത കുടുംബത്തിൽനിന്നുള്ളവരുമായ സഖറിയ – എലിസബത്ത് ദമ്പതികളുടെ പുത്രനായിരുന്നു യോഹന്നാൻ. സഖറിയായും എലിസബത്തും പ്രമാണങ്ങളും കുറ്റമറ്റ വിധം പാലിക്കുന്നവരും നീതിനിഷ്ഠരുമായിരുന്നു എന്ന് വി. ലൂക്കാ 1:6 ൽ പറയുന്നു. ദൈവം അബ്രഹാമിനോട് പറയുന്നു, "നീ എന്റെ മുമ്പിൽ വ്യാപിരിക്കുക. കുറ്റമറ്റവനായി വർത്തിക്കുക" (ഉത്പത്തി 17:1).

സഖറിയായും എലിസബത്തും ദൈവത്തിനേറ്റം പ്രിയങ്കരരായിരുന്നു. എന്നിട്ടും അവർക്ക് സന്താന സൗഭാഗ്യം നൽകിയില്ല. സന്താനമില്ലായ്മ ദൈവശാപമാണെന്ന് യഹൂദ സമൂഹം കരുതിയിരുന്നു. മക്കളില്ലാത്ത ദമ്പതികളെ, പ്രത്യേകിച്ച് സ്ത്രീകളെ, ദൈവം ശപിച്ചവരെന്ന് ആരോപിച്ച് സമൂഹം നിന്ദിച്ചു. "മനുഷ്യരുടെ ഇടയിൽ എലിസബത്തിന് വലിയ അപമാനമായിരുന്നു" എന്ന് വി. ലൂക്കാ 1:25 ൽ പറയുന്നുണ്ട്. സഖറിയാ പ്രായം ചെന്നവനും എലിസബത്ത് ഗർഭം ധരിക്കാൻ പ്രായം കവിഞ്ഞവളും ആയിരുന്നു. എങ്കിലും പ്രതീക്ഷ കൈവിടാതെ സഖറിയ സന്താനലബ്ധിക്കായി ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. മാനുഷിക ബുദ്ധിപ്രകാരം സംഭവിക്കാൻ യാതൊരു സാദ്ധ്യതയുമില്ലാത്ത സാഹചര്യത്തിലും ദൈവത്തിലുള്ള ആഴമേറിയ വിശ്വാസത്തിൽ പ്രതീക്ഷ കൈവിടാതെ ജീവിച്ച സഖറിയായുടെ ജീവിതം നമുക്ക് വലിയ മാതൃകയാണ്.

സഹിക്കുന്ന നീതിനിഷ്ഠരിലൂടെയുള്ള രക്ഷാകര പ്രവൃത്തികൾ സഖറിയ – എലിസബത്ത് ദമ്പതികളിലൂടെയാണ് നിറവേറ്റപ്പെടുന്നത്. സകല ജനപദങ്ങളുടെയും രക്ഷയ്ക്കുവേണ്ടി ക്രിസ്തു കുരിശിൽ ബലിയായി സമർപ്പിച്ചു. പരിത്യാഗത്തിന്റെയും പരിഹാരത്തിന്റെയും ജീവിതം നയിച്ചുകൊണ്ട് ദൈവനീതിയെ പ്രതി സഹനം ഏറ്റെടുക്കുന്നവർ നീതിനിഷ്ഠരാണ്. ദൈവത്തിന്റെ നീതിയിൽ പങ്കുചേർന്നുകൊണ്ടുള്ള ജീവിതമാണ് സഖറിയാ – എലിസബത്ത് ദമ്പതിമാരുടേത്. നീതിനിഷ്ഠനായ ജോബിന്റെ സഹനം പഴയനിയമം നമ്മെ ഓർമ്മിപ്പിക്കുന്നു.

കർത്താവിന്റെ ബലിപീഠത്തിൽ ധൂപം അർപ്പിച്ചുകൊണ്ടിരുന്ന വേളയിലാണ് 'പുത്രൻ ജനിക്കുമെന്ന' സന്തോഷവാർത്ത സഖറിയ കർത്താവിന്റെ ദൂതനായ ഗബ്രിയേലിൽനിന്നു കേട്ടത്. പരി. മറിയത്തിനും ഗബ്രിയേൽ ദൂതൻ തന്നെയാണ് യേശുവിന്റെ ജനനത്തെപ്പറ്റിയുള്ള മംഗളവാർത്ത അറിയിക്കുന്നത്. ഒരേ ദൂതന്റെ ഇടപെടൽ ദൈവികമായ രക്ഷാകര പ്രവൃത്തിയുടെ തുടർച്ചയെയാണ് സൂചിപ്പിക്കുന്നത്. ദൈവദൂതനായ ഗബ്രിയേൽ ബലിപീഠത്തിന്റെ വലതുവശത്താണ് പ്രത്യക്ഷപ്പെടുന്നത്. ഇത് സൂചിപ്പിക്കുന്നത് ദൂതന് ദൈവസന്നിധിയിലുള്ള അധികാരത്തെയും ദൂത് നൽകാൻ ദൈവം പ്രത്യേകമായി നിയോഗിച്ചിരിക്കുന്നതിനെയുമാണ്.

ദൂതനെ കണ്ട് സഖറിയ അസ്വസ്ഥനാവുകയും ഭയചകിതനാവുകയും ചെയ്തു. വി. വചനത്തിലുടനീളം ദൈവികമായ വെളിപ്പെടുത്തലിൽ മനുഷ്യന്റെ സ്വാഭാവിക പ്രതികരണം ഭയമാണ്. 'ഭയപ്പെടേണ്ട' എന്ന ദൈവികവചനത്താൽ സഖറിയയെ മാലാഖ ആശ്വസിപ്പിക്കുകയാണ്.

"നിന്റെ ഭാര്യ എലിസബത്തിൽനിന്ന് ഒരു പുത്രൻ ജനിക്കും" (ലൂക്കാ 1:13). ഇപ്രകാരം ദൈവദൂതൻ സഖറിയയോട് പറയുന്നത്, അസാദ്ധ്യമെന്ന് അവർ കരുതിയിരുന്നത് സാദ്ധ്യമാകും എന്നോർപ്പിച്ചുകൊണ്ട് സഖറിയായുടെ വിശ്വാസത്തെ ഉണർത്താനാണ്. ദൈവം വാഗ്ദാനം ചെയ്തതിനെ ഉറപ്പാക്കുന്നതിനുവേണ്ടിക്കൂടിയാണ് ജനിക്കുന്ന പുത്രന് 'യോഹന്നാൻ' എന്ന പേര് നൽകണം എന്ന് ദൈവദൂതൻ നിർദ്ദേശിക്കുന്നത്. പേരിടുന്നത് എപ്പോഴും പിതാവിന്റെ അവകാശവും അധികാരവും ആണ്. ജനിക്കാനിരിക്കുന്ന പുത്രൻ രക്ഷാകര രഹസ്യങ്ങളിൽ പങ്കുവഹിക്കുവാനുള്ളവനാണെന്ന് ഇവിടെ ഓർമ്മിപ്പിക്കുകയാണ്.


15 മുതൽ 17 വരെയുള്ള വാക്യങ്ങളിൽ യോഹന്നാന്റെ സ്ഥാനവും ദൗത്യവും വിശദമാക്കുകയാണ്. പ്രവാചകനെക്കാൾ വലിയവനാണെന്നും സ്ത്രീകളിൽനിന്നും ജനിച്ചവരിൽ യോഹന്നാനെക്കാൾ വലി

**ഉപകാരസ്മരണ**



**ജേക്കബ്
കല്ലിശ്ശേരി**

**ഉപകാരസ്മരണ**



**കാതറിൻ
കല്ലിശ്ശേരി**

യവനില്ലെന്നും അവന്റെ ദൗത്യത്തെ അടിസ്ഥാന മാക്കി യേശുതന്നെ സാക്ഷ്യപ്പെടുത്തുന്നുമുണ്ട് (ലൂക്കാ. 7:26-28).

വിശ്വാസികളുടെ പിതാവായ അബ്രഹാത്തെ പ്പോലെ സഖറിയായും ദൈവദൂതന്റെ വാഗ്ദാന ത്തിനു വിശദീകരണം ആവശ്യപ്പെടുന്നു. സഖറിയാ യുടെ ചോദ്യം അവന്റെ അവിശ്വാസത്തിന്റെ അടയാ ളമായി ദൂതൻ ചൂണ്ടിക്കാണിക്കുന്നുണ്ട്. സഖറിയാ യുടെ ചോദ്യത്തിനു മറുപടിയായി തന്റെ പേരും സ്ഥാനവും ദൗത്യവും ദൂതൻ വിശദീകരിക്കുന്നത് സഖറിയായ്ക്കുള്ള അടയാളം തന്നെയാണ്.

ധൂപാർപ്പണം കഴിഞ്ഞ് പുറത്തിറങ്ങി വരുന്ന സഖ റിയായെ മൂകനായിട്ടാണ് നാം കാണുന്നത്. ലോക ത്തിന്റെ വാർത്തകളൊന്നും കേൾക്കാതെയും അമ്പേ ഷിക്കാതെയും രക്ഷാകര രഹസ്യങ്ങളെ ആഴത്തിൽ ഗ്രഹിക്കുവാൻ ഉള്ള സൂചന സഖറിയായ്ക്ക് ലഭിക്കു കയായിരുന്നു എന്ന് സഖറിയ വായ് തുറന്നശേഷം ആലപിച്ച 'സ്തോത്രഗാനം' നമ്മെ ഓർമ്മിപ്പിക്കുന്നു.

സഖറിയാ വീട്ടിലെത്തുകയും ദൈവത്തിൻവാക്ക് പ്രകാരം എലിസബത്ത് ഗർഭിണി ആവുകയും ചെയ്തു. തങ്ങളുടെ ജീവിതത്തിൽ സംഭവിച്ച വലിയ അത്ഭുതത്തെ ഓർത്ത് ദൈവത്തെ സദാ മഹത്വപ്പെ ടുത്തിക്കൊണ്ട് സഖറിയായും എലിസബത്തും ജീവിച്ചു എന്ന് വചനം പറയുന്നു.

വിശ്വാസജീവിതത്തിന് സജീവ മാതൃകകളാണ് സഖറിയായും എലിസബത്തും. നിസാരമായ ആഗ്രഹ നഷ്ടങ്ങൾക്ക് മുൻപിൽപോലും വിശ്വാസം പരിത്യജിക്കുവാൻ നമുക്ക് മടിയില്ല.

ദൈവത്തിന്റെ സമയത്ത് അവിടുന്ന് പ്രവർത്തന നിരതനാകുമെന്നും നമുക്ക് വിശ്വസിക്കാം. കുഞ്ഞു ങ്ങൾ ഇല്ലാത്ത അവസ്ഥ ദൈവശാപമോ ശിക്ഷയോ അല്ല. മറിച്ച് അവരുടെ സ്നേഹവും ശുശ്രൂഷയും വിശാലമാക്കാനുള്ള ദൈവത്തിന്റെ വഴികളാണ്. സുദീർഘവും നിരന്തരവുമായ പ്രാർത്ഥനയോടുകൂടി വേണം ദൈവദാനമായ കുഞ്ഞുങ്ങളെ സ്വീകരിക്കേ ണ്ടത് എന്ന് സഖറിയ - എലിസബത്ത് ദമ്പതികൾ നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവികമായ പ്രവർത്തന ങ്ങൾക്കായി നമ്മെത്തന്നെ വിട്ടുകൊടുക്കുവാൻ നമുക്ക് പ്രാർത്ഥനാപൂർവ്വം ആഗ്രഹിക്കുകയും ഒരു ങ്ങുകയും ചെയ്യാം.

**ഫാ. ജോസഫ് കരിപ്പായിൽ**

## 2014 നവംബർ 22

### പരി. ദൈവമാതാവിനോടുള്ള അറിയിപ്പ് ലൂക്കാ 1:26-38

സഭാവത്സരത്തിലെ ആദ്യകാലമായ വചനിപ്പ് കാലത്തിലൂടെയാണ് നാം കടന്നുപൊയ്ക്കൊണ്ടിരി ക്കുന്നത്. ഈ കാലഘട്ടത്തിലെ നാലാമത്തെ ഞാ യറാഴ്ചയിലൂടെ കടന്നുപോകുമ്പോൾ സഭാ മാതാവ് നമുക്ക് വിചിന്തനത്തിനായി നൽകുന്ന വേദഭാഗം വി. ലൂക്കാ എഴുതിയ സുവിശേഷം ഒന്നാം അദ്ധ്യായം ഇരുപത്തിയാറ് മുതൽ മുപ്പത്തിയെട്ട് (1:26-38) വരെ യുള്ള തിരുവചനങ്ങളാണ്. ലോക പാപങ്ങൾ നീക്കുന്ന ദൈവകുഞ്ഞാടിന് ജനിക്കുവാൻ ഇടം തേടി പരി. അമ്മയുടെ അനുവാദത്തിനായി ഗബ്രി യേൽ മാലാഖ കടന്നുവരുന്നതും, "ഇതാ കർത്താ വിന്റെ ദാസി, നിന്റെ വചനം എന്നിൽ ഭവിക്കട്ടെ" എന്ന് പറഞ്ഞ് പരി. അമ്മ സമർപ്പണം നടത്തുന്ന തുമാണ് ഈ വേദഭാഗം.

ആദി മാതാപിതാക്കളുടെ പാപത്തിന് പരിഹാരം ചെയ്യാൻ ഉത്പത്തിയിലെ വാഗ്ദാനം ചെയ്യപ്പെട്ടതും പ്രവാചകന്മാരിലൂടെ ഉറപ്പിക്കപ്പെട്ടതുമായ രക്ഷകന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പാണ് നാം ശ്രവിച്ച ത്. യഹൂദ പാരമ്പര്യങ്ങൾക്കുതന്നെ വിരുദ്ധമായി ട്ടാണ് ഈ അഭിവാദനം സംഭവിക്കുക. സ്ത്രീകൾക്ക് കൂടുതൽ പ്രാധാന്യം നൽകാതിരുന്ന ഒരു പാരമ്പ ര്യത്തിൽ ഇതാ ദൈവത്തിന്റെ ദൂതൻ ഒരു പെൺകു ട്ടിയുടെ അനുവാദത്തിനായി കാത്തുനിൽക്കുന്നു. ലോകം കാതോർത്തിരുന്ന സദ്വാർത്ത ആദ്യമായി കേട്ടത് മറിയമാണ്.

ദൈവകൃപ നിറഞ്ഞവളേ, സ്വസ്തി എന്ന് അഭി വാദനം ചെയ്തുകൊണ്ടാണ് ദൂതൻ മറിയത്തിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുക. കായിരേ എന്ന ഗ്രീക്ക് പദമാണ് ഇവിടെ സ്വസ്തി എന്ന് വിവർത്തനം ചെയ്തിരിക്കുന്നത്. എന്നാൽ ഈ പദത്തിന്റെ വാച്യാർത്ഥം ആനന്ദിക്കുക എന്നതാണ്. ദൈവം മനു ഷ്യകുലത്തിന് യേശുവിലൂടെ നൽകുന്ന രക്ഷയിൽ സന്തോഷിക്കുവാനുള്ള ക്ഷണമായി ഈ അഭിവാ ദന ക്രിയയെ മനസ്സിലാക്കാം. മാലാഖയുടെ അഭി വാദ്യം സെഫാനിയ 3:14-17 -ലെ പ്രവചനവുമായി ബന്ധമുള്ളതാണ്. എന്നാൽ ദൂതന്റെ അഭിവാദനം കേട്ടപ്പോൾ സന്തോഷിക്കുന്നതിനു പകരം അസ്വസ്ഥ യാകുകയാണ് മറിയം ചെയ്യുന്നത്. കാരണം ദൈവിക വെളിപ്പാടുകൾ സ്വീകരിക്കും എന്നതിന്റെ അർത്ഥം അറിഞ്ഞുകൊണ്ട് സഹനങ്ങളുടെ മടിയി ലേക്ക് ചാടുക എന്നുതന്നെയാണെന്ന് പരി. മറിയം മനസ്സിലാക്കിയിരുന്നു എന്നുവേണം നാം ചിന്തി ക്കാൻ. ദൈവമാതാവാകാനുള്ള ക്ഷണം സ്വീകരിച്ചത് മുതൽ പ്രയാസങ്ങൾ അവളുടെ ജീവിതത്തിൽ ഒഴി യാതെ നിന്നു. ഭർത്താവിനാൽ തെറ്റിദ്ധരിക്കപ്പെടു ക, കടിഞ്ഞൂൽ പുത്രന് പുൽത്തൊഴുത്ത് ഈറ്റില്ല മാക്കുക, പ്രിയപുത്രന്റെ കുരിശുമരണത്തിന് മൂക സാക്ഷിയാകുക.... മറിയം അസ്വസ്ഥയായത് കാരണം കൂടാതെയായിരുന്നില്ല എന്ന് സാരം.

ഓരോ ദൈവവിളിയും അസ്വസ്ഥമാകാനുള്ള വിളികൂടിയാണ്. ആരോഗ്യവതികളും സൗന്ദര്യധാ മങ്ങളുമായിരുന്ന കൊച്ചുത്രേസ്യായും അൽഫോൻ സാമ്മയും ദൈവവിളി കിട്ടിയ നാൾമുതൽ സഹന ത്തിന്റെ തീച്ചൂളയിൽ ഉരുകി. ദൈവവിളി സമ്മാനിച്ച അസ്വസ്ഥതയെ ദൈവഹിതമാക്കി സന്തോഷപൂർവ്വം സ്വീകരിച്ചപ്പോൾ അവർ വിശുദ്ധരായി. സമർപ്പിത ജീവിതത്തിൽ മാത്രമല്ല, കുടുംബജീവിതത്തിലേ ക്കുള്ള വിളിയും അസ്വസ്ഥതയുടെ കുരിശു ചുമക്കാ നുള്ള വിളിയാണ്. ജീവിതപങ്കാളിയുടെ രോഗമാകാം, കുറവുകളുമാകാം, മദ്യപാനമാകാം, മക്കളെക്കുറി ച്ചുള്ള പരിദേവനമാകാം... ഈ അസ്വസ്ഥതയുടെ കുരിശ് രക്ഷാകരമാണ്. സകല തലമുറകളും പ്രകീർ ത്തിക്കുന്ന അമ്മയായി മറിയം മാറിയത് വ്യാകുല


സമുദ്രങ്ങൾ നീന്തിക്കടന്നപ്പോഴാണ്. എന്നാൽ നാമിന്ന് ഒരു 'മരവിപ്പ്' സംസ്കാരത്തിലാണ് ജീവിക്കുന്നത്. ശാരീരിക വേദനകളെ മരുന്നുകൾകൊണ്ടും, മാനസിക വേദനകളെ മദ്യംകൊണ്ടും മയക്കുമരുന്ന് കൊണ്ടും, അങ്ങനെ മറ്റ് പല അധാർമ്മിക മാർഗ്ഗങ്ങൾ കൊണ്ടും നാമതിനെ മറികടക്കാൻ ശ്രമിക്കുമ്പോൾ നാം മനസ്സിലാക്കണം വിശുദ്ധിയുടെ പടവുകളെയാണ് നാം തള്ളിക്കളയുക എന്ന്.

ഈ അസ്വസ്ഥതയെ പരി. അമ്മ ഒരു ചോദ്യം കൊണ്ട് നേരിടുകയാണ്: "ഇതെങ്ങനെ സംഭവിക്കും, ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ." സാമൂഹിക പശ്ചാത്തലം ഇവിടെ പ്രതിധ്വനിച്ച് നിൽക്കുന്നുണ്ട്. അസാധാരണത്വം നിഴലിക്കുന്നു, എന്നാൽ ദൂതന്റെ വചനം പരിശുദ്ധാത്മാവ് നിന്റെ മേൽ വരും എന്ന വചനത്തിന് മുമ്പിൽ മാതാവ് അടിയറവ് പറയുന്നു.

പ്രിയമുള്ളവരെ, ഇവിടുത്തെ ചോദ്യം നമ്മുടെ ജീവിത അസ്വസ്ഥതകൾക്ക് പരിശുദ്ധാത്മാവ് ഉത്തരമാകുന്നുണ്ടോ എന്നാണ്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്ക് നമ്മുടെ ജീവിതങ്ങളെ അടിയറവ് വയ്ക്കുവാൻ നമുക്ക് സാധിക്കുന്നുണ്ടോ എന്നാണ്. ഈ അടിയറവിലാണ് ക്രിസ്തീയത പിറക്കുന്നത് എന്ന് നാം മനസ്സിലാക്കണം. ലോകം മുഴുവൻ തനിക്കെതിര് നിന്നാലും പരിശുദ്ധാത്മാവിന്റെ നിറവുണ്ടെങ്കിൽ തനിക്കൊന്നും സംഭവിക്കില്ല എന്ന് അമ്മ വിശ്വസിക്കുന്നു. പൂർണ്ണ സമർപ്പണം നടത്തുന്നു. ക്രിസ്തീയ ജീവിതത്തിൽ എന്ത് പ്രയാസങ്ങളുണ്ടായാലും അതിന് പരിശുദ്ധാത്മാവ് ഉത്തരമാണ് എന്ന് പരി. അമ്മ നമ്മെ പഠിപ്പിക്കുന്നു.

പ്രിയമുള്ളവരെ, നമുക്കും നടത്താം ഇപ്രകാരം ഒരു സമർപ്പണം. നമുക്കും ജീവിക്കാം ധന്യമായ ഒരു ക്രിസ്തീയ ജീവിതം. നമുക്ക് വിട്ടുകൊടുക്കാം നമ്മുടെ ജീവിതം അവന്റെ ഇഷ്ടം നിറവേറുവാൻ. ഇപ്രകാരം ദൈവസന്നിധിയിൽ കൃപ കണ്ടെത്തിക്കൊണ്ട് നമുക്കും ജീവിക്കാം ഈ ലോകത്തിൽ കൃപനിറഞ്ഞ ജീവിതം. ക്രിസ്തുവിനെ ലോകത്തിനു നൽകുന്ന കൃപ നിറഞ്ഞ ജീവിതം.

*ഫാ. ഓസ്റ്റിൻ തെക്കേതിൽ*



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, പായിപ്പാട്**

## നവംബർ 29 ഞായർ ലൂക്ക് 1:39-56

ദൈവത്തിന്റെ കരുണയും സ്നേഹവും പരിശുദ്ധാത്മാവിന്റെ അഭിഷേകവും ലഭിച്ച രണ്ട് അമ്മമാരുടെ കൂടിക്കാഴ്ചയാണ് ഇന്നത്തെ നമ്മുടെ ചിന്താവിഷയം. ഗബ്രിയേൽ ദൈവദൂതൻ വഴി ദൈവത്തിന്റെ അറിയിപ്പു ലഭിച്ച മറിയം തന്റെ ചാർച്ചക്കാരിയായ എലിസബേത്തിനു ശുശ്രൂഷ ചെയ്യുവാനായി സഖറിയായുടെ ഭവനത്തിലേക്ക് യാത്ര തിരിക്കുന്നു. ഇവരുടെ സംഗമം നാം കാണുന്നു. പരിശുദ്ധാത്മാവിന്റെ വലിയ പ്രവർത്തനത്തിനു വേദിയാകുന്നു.

1. പരിശുദ്ധാത്മാവിന്റെ നിറവിനാൽ നയിക്കപ്പെടുന്ന വ്യക്തികളുടെ കൂട്ടായ്മ എന്നുപറയുന്നത് വളരെ സ്വാഭാവികമായി സംഭവിക്കുന്ന ഒന്നാണ് എന്ന് സുവിശേഷം നമ്മെ പഠിപ്പിക്കുന്നു. പരിശുദ്ധാത്മാവ് ഐക്യത്തിന്റെ ദാതാവാണ്. ആത്മനിറവുള്ള വ്യക്തികൾക്ക് തന്റെ സഹോദരങ്ങളെ കണ്ടില്ലെന്നു നടിക്കാനാവില്ല. മറിയവും എലിസബത്തും കണ്ടുമുട്ടുമ്പോൾ ഒരു ചെറിയ സഭാകൂട്ടായ്മയാണ് അവിടെ നടക്കുന്നത്. പരിശുദ്ധാത്മാവ് ഒരു വ്യക്തിയുടെ മേൽ ആവസിച്ചു കഴിയുമ്പോൾ വരുന്ന വലിയ ഒരു മാറ്റമാണ് ഇന്നത്തെ സുവിശേഷത്തിലൂടെ നമുക്ക് വെളിവായി കിട്ടുന്നത്. പരിശുദ്ധാത്മാവ് ശുശ്രൂഷയുടെ, സ്വയം എളിമപ്പെടുത്തലിന്റെ ആത്മാവാണ്. പരിശുദ്ധ കന്യാമറിയം പരിശുദ്ധാത്മാവിനെ സ്വീകരിച്ചു കഴിഞ്ഞപ്പോൾ ഈ ശുശ്രൂഷാമനോഭാവത്താൽ നിറഞ്ഞു. എലിസബത്തിനടുത്തേക്ക് തിടുക്കത്തിൽ യാത്ര ചെയ്യുകയാണ്. മാമ്മോദീസായിലൂടെയും മൂറോനഭിഷേകത്തിലൂടെയും നാം സ്വീകരിച്ച ഈ ആത്മാവിനെ നമ്മുടെ ശുശ്രൂഷാ മനോഭാവത്തിലൂടെ നാം വളർത്തുന്നുണ്ടോ? ഇത് ഒരു ചോദ്യചിഹ്നമായി നമ്മുടെ മുൻപിൽ നിൽക്കുന്നുണ്ട്. ഒരു നിറവ് നമുക്ക് അനുഭവപ്പെടുന്നുണ്ടെങ്കിൽ അത് മറ്റുള്ളവരുമായി നാം പങ്കുവയ്ക്കുവാൻ തയ്യാറാകണം. കാരണം ദൈവാനുഭവം, പരിശുദ്ധാത്മാനുഭവം പങ്കുവയ്ക്കുമ്പോൾ അത് ഒരിക്കലും കുറയുകയല്ല, മറിച്ച് ഇരട്ടിയായി വർദ്ധിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടാണ് പരിശുദ്ധാത്മാവിനാൽ നിറഞ്ഞ അമ്മയുടെ അഭിവാദനം കേട്ടപ്പോൾ എലിസബത്തിന്റെ ഉദരത്തിൽ, ആത്മാവിനാൽ നിറഞ്ഞു കുതിച്ചു ചാടിയത്.

നമ്മുടെ ചുറ്റുപാടുകളിൽ പരിശുദ്ധാത്മാവിനെ നൽകുവാൻ നമുക്കു കിട്ടിയ അനുഭവം പങ്കുവച്ചു നൽകുവാൻ നമുക്കു സാധിക്കണം.

2. രണ്ടാമതായി ദൈവത്തിന്റെ സ്നേഹവും കരുണയും കൃപയും ലഭിച്ച മനുഷ്യർക്ക് ദൈവത്തെ സ്തുതിക്കാതിരിക്കാനാവില്ല. ഈ സത്യം ഇന്നത്തെ സുവിശേഷത്തിൽ മറിയത്തിന്റെ സ്തോത്രഗീതത്തിലൂടെ നാം തിരിച്ചറിയുന്നു. നാമൊക്കെ വിശുദ്ധ കുർബ്ബാനയിലും പ്രാർത്ഥനകളിലും ചെയ്യുന്നതെന്താണ്? വി. കുർബാന നന്ദിയുടെ ബലിയാണ്, ലഭിച്ച അനുഗ്രഹങ്ങൾക്കും കൃപകൾക്കും നാം ദൈവത്തിനു നന്ദി അർപ്പിക്കുകയാണ് വി. കുർബാനയിലൂടെ. പ്രിയപ്പെട്ട സഹോദരങ്ങളെ നാം ചിന്തി


ക്കേണ്ട വലിയ പ്രാധാന്യമുള്ള ഒരു വസ്തുതയാണിത്. നമുക്ക് ലഭിച്ച നന്മകൾക്ക് നാം ദൈവത്തോട് നന്ദിയുള്ളവരാണോ? വി. പൗലോസ് ശ്ലീഹാ തന്റെ ലേഖനത്തിൽ ഓർപ്പിക്കുന്നതുപോലെ 'ദാനമായി ലഭിച്ചതല്ലാതെ നമ്മുടെ ജീവിതത്തിൽ ഒന്നുമില്ല. പിന്നെ ദാനമല്ല എന്ന രീതിയിൽ എന്തിനാണ് അഹങ്കരിക്കുന്നത്? ജീവിതത്തിൽ നമുക്കുള്ളതെല്ലാം ദൈവത്തിന്റ ദാനമാണ്. ആ ദാനത്തിന്, ജീവിതമെന്ന ദാനത്തിന്, എന്നും നമ്മുടെ പ്രവൃത്തികൾ വഴി സ്തോത്ര ഗീതമാലപിക്കാൻ നമുക്ക് കഴിയണം.

3. മൂന്നാമതായി ഇന്നത്തെ സുവിശേഷഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നത് ഓരോ ക്രൈസ്തവന്റെയും നിയോഗമായ സുവിശേഷ പ്രഘോഷണമാണ്. നാം അനുഭവിച്ചറിഞ്ഞ രക്ഷയുടെ സന്ദേശം മറ്റുള്ളവരെ അറിയിക്കുവാനുള്ള ഒരു 'തിടുക്കം' നാമെല്ലാവരും നമ്മുടെ ജീവിതത്തിൽ കാണിക്കണം. ആയിരിക്കുന്ന ഇടങ്ങളിൽ നിന്ന്, വേദനയും കഷ്ടപ്പാടുകളും അനുഭവിച്ച് സുവിശേഷം പങ്കിടുവാൻ നാം യാത്രയാവണം. ഇത് ചിലപ്പോൾ നമ്മുടെ കുടുംബത്തിലാവട്ടെ, ജോലിസ്ഥലങ്ങളിലാവട്ടെ, അന്യനാട്ടിലാവട്ടെ, എവിടെയാണെങ്കിലും അറിഞ്ഞ സുവിശേഷത്തെ നാം അറിയിക്കണം. അതിന് മറിയം നമുക്ക് ഒരു മാതൃകയായിരിക്കണം.

പ്രിയപ്പെട്ടവരേ, പരിശുദ്ധാത്മാവെന്ന ഐക്യത്തിന്റെ ആത്മാവിനാൽ നിറഞ്ഞ്, ദൈവത്തിൽനിന്ന് ലഭിച്ച നന്മകൾക്ക് ദൈവത്ത് സ്തുതിച്ച്, സ്വീകരിച്ച ക്രിസ്തുവിനെ പ്രഘോഷിച്ച്, പുതിയ സുവിശേഷങ്ങളായി നമുക്ക് മാറാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**ഫാ. എബി കിഴക്കേക്കുറ്റ് OFM**


**Matrimonial**



മലങ്കര കത്തോലിക്ക യുവതി **Simmy Joykutty (age26/163) MCA ,D/O T.C Joykutty & Mariam, N-42/JC-1/29/07, CIDCO, Pawan Nagar, Nasik, Maharashtra-422008**.ഇപ്പോൾ കേന്ദ്രീയ വിദ്യാലയത്തിൽ അദ്ധ്യാപികയായി ജോലി ചെയ്യുന്നു. അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു.
Contact: 9823249522


## ഇടയശബ്ദം (5 – ാം പേജ് തുടർച്ച)

ആയിരുന്നു, പരിശുദ്ധാത്മാവിന്റെ ഈ കാലഘട്ടത്തിലെ വെളിപ്പെടുത്തലിനുവേണ്ടി കാത്തിരിക്കുകയായിരുന്നു. സിനഡിന്റെ നടുമദ്ധ്യത്തിൽ ലിസ്യുവിലെ മാർട്ടിൻ കുടുംബത്തെ വിശുദ്ധ പദവിയിലേക്കുയർത്തി, കുടുംബത്തോടുള്ള ദൈവത്തിന്റെ വാത്സല്യവും കരുതലും പ്രകടിപ്പിക്കുകയുണ്ടായി. വി. കൊച്ചുത്രേസ്യ പുണ്യവതിയുടെ മാതാപിതാക്കളായ സെലിഗ്വിരിനും ലൂയിമാർട്ടിനും അൾത്താര വണക്കത്തിലേക്ക് ഉയർത്തപ്പെട്ടു. ഒരു കുടുംബം ഇതിലധികമായി അനുഗ്രഹിക്കപ്പെടുന്നതെങ്ങനെ? ഒരു കുടുംബത്തിലെ മക്കളെല്ലാവരും സന്യാസാന്തസ്സിൽ പ്രവേശിക്കുക; അവരിൽ ഒരാൾ വിശുദ്ധയും പ്രേഷിതമദ്ധ്യസ്ഥയും വേദപാരംഗതയുമായിത്തീരുക; ആ ദാമ്പത്യവല്ലിയെതന്നെ – മാതാപിതാക്കളെ – സ്വർഗത്തിൽ നടുവാൻ ദൈവം തിരുമാനസ്സാകുക; എത്ര ചേതോഹരമായ അനുഭവം!! പണ്ടെങ്ങോ സംഭവിച്ചതല്ല, കേവലം ഒരു നൂറ്റാണ്ടു മുൻപ് ഫ്രാൻസിലാണ് ഈ കുടുംബ വിശുദ്ധി അരങ്ങേറിയത്. വിശുദ്ധ ജീവിതം നയിക്കുവാൻ ആധുനിക കുടുംബങ്ങൾക്കുള്ള ആഹ്വാനമായി ഇതിനെ കാണേണ്ടിയിരിക്കുന്നു. മക്കൾ അഭിമാനത്തോടെ ഓർക്കുന്ന മാതാപിതാക്കളും, മാതാപിതാക്കൾ ആനന്ദത്തോടെ ദർശിക്കുന്ന മക്കളും – ഇതാണ് കുടുംബം; ഇതാണ് ഭൂമിയിലെ സ്വർഗ്ഗം. ഇന്ന് മക്കളെക്കുറിച്ച് സങ്കടപ്പെടുന്ന മാതാപിതാക്കളാണേറെ. മാതാപിതാക്കളെക്കുറിച്ച് അപമാനഭാരമേൽക്കുന്ന കുഞ്ഞുങ്ങൾ നിരവധി! ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാകണം. തന്റെ മാതാപിതാക്കൾ ദൈവം തന്ന വലിയ ദാനമാണെന്നും, തൊട്ടാവാടി സ്വഭാവക്കാരിയായ താൻ തെറ്റിപ്പോകാതിരുന്നത് യഥാസമയം അവർ നൽകിയ തിരുത്തലുകൾകൊണ്ടാണെന്നും, അവർ അരുത് എന്ന് പറഞ്ഞത് അക്ഷരംപ്രതി അനുസരിച്ചിരുന്നു എന്നും കൊച്ചുത്രേസ്യ പുണ്യവതി തന്റെ ബാല്യകാല സ്മരണ അയവിറക്കുമ്പോൾ, വിശുദ്ധിക്ക് സാധാരണ കാര്യങ്ങൾ മാത്രം ചെയ്താൽ മതിയെന്നും, അതുമാത്രമാണ് വിശുദ്ധിയിലേക്കുള്ള കുറുക്കുവഴി (little way) എന്നും പഠിപ്പിക്കുന്നത് ഒരു വേദപാരംഗത (മല്പാൻ) ആണെന്നുകൂടി ഓർക്കുക.


തന്റെ ഭർത്താവിനെപ്പറ്റി സെലി പറയുന്നത് ശ്രദ്ധേയമാണ്: "എന്നെ ഏറെ മനസ്സിലാക്കിയിരുന്ന എന്റെ ഭർത്താവ്; എന്നെ സ്നേഹപൂർവ്വം ആശ്വസിപ്പിച്ച എന്റെ ഭർത്താവ്; എന്നെ സ്നേഹിച്ചു വളർത്തിയ എന്റെ ഭർത്താവ്." ത്യാഗത്തിന്റെ ഫലമാണ് വിശുദ്ധി. നമ്മുടെ കുടുംബങ്ങൾ കുടുംബബന്ധങ്ങളിൽ ഏറെ ശ്രദ്ധിക്കേണ്ടതാണ്. അത് കാലഘട്ടം നമ്മോടാവശ്യപ്പെടുന്നു; സഭ നിരന്തരം നമ്മെ ഓർമ്മിപ്പിക്കുന്നു; ചുറ്റും നടക്കുന്ന സംഭവങ്ങൾ നമ്മെ ചിന്തിപ്പിക്കുന്നു. പരസ്പരം മനസ്സിലാക്കണം. മറ്റാര് മനസ്സിലാക്കിയാലും ഇല്ലെങ്കിലും ശരി, ഭർത്താവ് ഭാര്യയെ, ഭാര്യ ഭർത്താവിനെ മനസ്സിലാക്കിയാൽ ആ ഭവനം സ്വർഗ്ഗതുല്യമാകും. ഭാര്യാ

ഭർത്താക്കന്മാർ പരസ്പരം ആശ്വസിപ്പിക്കണം. ഇണയും തുണയുമാകുന്നത് അങ്ങനെയാണല്ലോ. സ്നേഹം നൽകൂ, സ്നേഹത്തിൽ വളരൂ. നഷ്ടസ്വർഗ്ഗം ഭൂമിയിൽ പണിയുവാനാണ് കുടുംബം സ്ഥാപിതമായത്. നിസ്സാരവും ബാലിശവുമായ കാര്യങ്ങളിൽ കുടുംബങ്ങൾ തകരുന്ന കാഴ്ച നമ്മെ ഞെട്ടിപ്പിക്കുന്നു. അല്പം ത്യാഗമെടുത്ത് കുടുംബത്തെ ബലപ്പെടുത്തണമെന്നും നിലനിർത്തണമെന്നും പറയേണ്ട മാതാപിതാക്കൾ ചിലപ്പോൾ എരിതീയിൽ എണ്ണ ഒഴിക്കുന്നവിധം സംസാരിക്കുകയും പെരുമാറുകയും ചെയ്യുന്ന കാഴ്ച ദയനീയമത്രേ. തന്റെ കുട്ടിയുടെ തന്നിഷ്ടത്തിനും താൻപോരിമയ്ക്കും കൂട്ടുനിന്ന്, അവരുടെ കുടുംബജീവിതം തകർക്കുന്നതിൽ പങ്കാളികളാകുന്നത് ദുഃഖകരമല്ലേ? വളർത്തുദോഷങ്ങളും ശിക്ഷണരാഹിത്യവും മാതാപിതാക്കന്മാരുടെ ഔദ്ധത്യവും അക്ഷമയും അവിവേകവും അത്യാഗ്രവുമല്ലേ പല കുടുംബബന്ധങ്ങളും തകരാനുള്ള കാരണം എന്ന് ശാന്തമായി ചിന്തിക്കണം. പക്വമായ തീരുമാനമെടുക്കുവാൻ അവരെ സഹായിക്കുവാൻ മാതാപിതാക്കന്മാർക്ക് കഴിയണം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പ് ചൂടിലാണ് കേരളം. വർഗ്ഗീയമായും ജാതീയമായും മതപരമായും ചേരിതിരിവുകൾ ശക്തമാകുന്ന ഒരു കാലഘട്ടത്തിലൂടെയാണ് കടന്നുപോവുക. നിലനിൽക്കുന്ന മൂല്യങ്ങളിൽ അടിത്തറ പണിയുന്നതിനാകണം രാഷ്ട്രീയ പാർട്ടികളും അവരുടെ പോഷകസംഘടനകളും ശ്രദ്ധിക്കേണ്ടത്. ത്രിതല പഞ്ചായത്തുകളിൽ രാഷ്ട്രീയം പാടെ ഒഴിച്ചുനിർത്തണമെന്ന അഭിപ്രായം ഏറെ സ്വീകാര്യമാണ്. ഒരു പ്രദേശത്തിന്റെ ആവശ്യങ്ങളും വികസനവും മുന്നിൽ കണ്ടുകൊണ്ട് പ്രദേശവാസികളായ സമാദരണീയരും സമർത്ഥരും നിസ്വാർത്ഥരും ആയ ജനസേവകർ തെരഞ്ഞെടുക്കപ്പെടണം. സാമൂഹ്യപ്രതിബദ്ധത നോമിനേഷൻ കൊടുക്കുമ്പോൾ മാത്രം പോര. സാമാന്യ ജനങ്ങളുടെ ജീവിതത്തെ ക്രിയാത്മകമായി സഹായിക്കുന്നതിൽ നേതൃത്വം നൽകാൻ കഴിവുള്ളവരാകണം തെരഞ്ഞെടുക്കപ്പെടേണ്ടത്. പാവപ്പെട്ടവന്റെ കുടിലുകൾ സന്ദർശിക്കുവാനും, കിടപ്പാടമില്ലാത്തവർക്ക് അടിയന്തിരമായി പാർപ്പിടം നൽകാനും, കിടപ്പുരോഗികൾക്ക് ആശ്വാസപ്രദമായ പദ്ധതികൾ ക്രമീകരിക്കുവാനും, റോഡുകൾ സഞ്ചാരയോഗ്യമാക്കുവാനും മറ്റും സത്വര നടപടികളെടുക്കുവാൻ പ്രതിജ്ഞാബദ്ധതയും പ്രതിബദ്ധതയുമുള്ള, കരുണയുടെ മുഖമുള്ളവരും വികസന മനസ്സുള്ളവരും ആകണം വിജയപഥത്തിലെത്തേണ്ടത്. പണത്തിന്റെയും മതത്തിന്റെയും കൈയൂക്കിന്റെയും പിൻബലത്തിൽ വോട്ടു നേടുന്നവരായിരിക്കരുത് തെരഞ്ഞെടുക്കപ്പെടേണ്ടത്. മൂല്യബോധവും സ്വഭാവശുദ്ധിയുമുള്ളവരെ സമ്മതിദായകർ തിരിച്ചറിയണം. ജനശക്തി പ്രകടമാക്കുന്ന ഇടവേളകളാണ് തെരഞ്ഞെടുപ്പുകൾ.

സുറിയാനി സഭയുടെ അഭിമാനവും മലങ്കരസഭയുടെ എഴുത്തച്ഛനും ആയുസ്സിന്റെ പകുതിയിലേറെക്കാലം തന്റെ സാന്നിദ്ധ്യംകൊണ്ട് തിരുവല്ല നഗരത്തിന്റെ ആത്മീയജ്യോതിസ്സുമായിരുന്ന കണിയാമ്പറമ്പിൽ കുര്യൻ ആർച്ച് കോർ എപ്പിസ്കോപ്പയുടെ നൂറ്റാണ്ടിനപ്പുറം കടന്ന ജീവിതയാത്ര അവസാനിച്ച് സ്വർഗ്ഗത്തിലേക്ക് യാത്രയായി. തിരുവല്ല ഭദ്രാസനത്തിന്റെ ചിരകാല സുഹൃത്തായിരുന്ന അച്ചന് നിറകണ്ണുകളോടെ യാത്രാമൊഴി ചൊല്ലുന്നു. സുറിയാനിയിലും മലയാളത്തിലും ഇംഗ്ലീഷിലും ഒരുപോലെ പാണ്ഡിത്യവും വൈദഗ്ദ്ധ്യവും ഉണ്ടായിരുന്ന അച്ചൻ യാക്കോബായ സഭയ്ക്കു മാത്രമല്ല സർവ്വർക്കും സമാദരണീയനായിരുന്നു. തിരുവല്ല ഭദ്രാസനത്തിലെ എല്ലാ പിതാക്കന്മാരോടും അടുപ്പവും വാത്സല്യവും കാണിച്ചിട്ടുള്ള വന്ദ്യഗുരു ശ്രേഷ്ഠനായിരുന്നു ബഹു. അച്ചൻ. "ഈ കഴുതയെക്കൊണ്ട് കർത്താവിനാവശ്യമുണ്ട്" എന്ന ചുവരെഴുത്താണ് (ഫലകം) ഭവനത്തിൽ കടന്നുചെല്ലുമ്പോൾ ആദ്യം ശ്രദ്ധയിൽപ്പെടുന്നത്. ആർസിലെ വികാരിയെ പ്രൊഫസർമാർ കഴുതയെന്ന് വിളിച്ചിരുന്നു. ആ കഴുതയെയും ദൈവം തന്റെ കൈയ്യിലെ വൈദഗ്ദ്ധ്യമുള്ള ഉപകരണമാക്കി; ലോകം ആദരിക്കുന്ന വൈദിക മാതൃകയാക്കി. എളിമകൊണ്ടും പാണ്ഡിത്യംകൊണ്ടും കോർ എപ്പിസ്കോപ്പ തന്നെത്തന്നെ കഴുതയെന്ന് സംബുദ്ധി ചെയ്തു. പരിശുദ്ധ അമ്മയാകട്ടെ ആ അരുമശിഷ്യനെ ഈ കാലഘട്ടത്തിലെ അതിശ്രേഷ്ഠ ഗുരുവാക്കി മാറ്റി. സഭയിലെ ഭിന്നത അദ്ദേഹത്തെ ഏറെ ആകുലനാക്കിയിരുന്നു. അദ്ദേഹം പറയാറുണ്ടായിരുന്ന ഒരു സാദൃശ്യശ്ലോക്തി എന്നെ ഏറെ ചിന്തിപ്പിച്ചിരുന്നു. തന്റെ കാഴ്ചപ്പാടിനും വിശ്വാസത്തിനും എതിരായ സർവ്വതിനെയും നശിപ്പിക്കുന്ന സ്വഭാവം ഉണ്ടായിരുന്ന സാവൂൾ പൗലോസായി രൂപാന്തരം പ്രാപിച്ചപ്പോൾ തന്റേതിനെ മുറുകെ പിടിക്കുമ്പോഴും മറ്റുള്ളതിനെ ഇല്ലായ്മ ചെയ്യാൻ ഒരുമ്പെട്ടില്ല. ശ്രദ്ധേയമായ ഒരു ദർശനം; തന്റെ നിലപാടിനു നല്ല വിശദീകരണം. ആ പാവന സ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികൾ.

●



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**തോമസ് അയിരൂർ**



# അവസരങ്ങൾ പ്രയോജനപ്പെടുത്തുക



**ബിനു കണ്ണന്താനം**
പേഴ്സണാലിറ്റി ഡെവലപ്മെന്റ് ട്രെയ്നർ

**അ**വസരം ഒരിക്കലേ വാതിലിൽ മുട്ടുകയുള്ളൂ. അപ്പോൾ ത്തന്നെ അത് പ്രയോജനപ്പെടുത്തണം. ഇതാണ് നാട്ടുചൊല്ല്. എന്റെ അഭിപ്രായത്തിൽ അവസരം ഒരിക്കലും നമ്മുടെ വാതിലിൽ വന്ന് മുട്ടുകയില്ല നാം അവസരങ്ങളുടെ വാതിലിൽ ചെന്ന് മുട്ടണം. അവ നമുക്ക് ചുറ്റും ധാരാളമുണ്ട്. മാറ്റം കാംക്ഷിക്കുന്നവർ കമഴ്ത്തിവച്ച കുടം പോലെയാകരുത്. എല്ലാം എന്നിലുണ്ട് ഇനി കൂടുതലായി ഒന്നും ആവശ്യമില്ല എന്നു കരുതുന്ന വിഡ്ഢികൾ സൂര്യനു താഴെയുള്ള ഏതുവിഷയത്തെപ്പറ്റി അഭിപ്രായം പറയുകയും എന്തു നേട്ടത്തിന്റെ പിന്നിലും ഞാനാണെന്ന വകാശപ്പെടുന്ന എട്ടുകാലി മമ്മൂഞ്ഞുകൾ ഉള്ള പോലെയുള്ള ഭോഷന്മാരുടെ മുമ്പിൽ മൗനം ഭജിക്കുകയാണ് ഉത്തമന് ഉത്തമം. ഇവരോട് തർക്കത്തിലേർപ്പെടുന്നതിലും നല്ലത് കുഞ്ഞുനഷ്ടപ്പെട്ട പെൺകരടിയെ നേരിടുന്നതാണ്.

ജീവിതവിജയി പുതിയ പഠനാനുഭവങ്ങളും പ്രവൃത്തിമേഖലകളും തെരയുന്നവരായിരിക്കും. അവർ അവസരങ്ങൾ തേടിപ്പിടിക്കുന്നു. അവസരങ്ങൾ ആലിപ്പഴം പോലെയാണ്. വീണു കിട്ടുമ്പോഴെ പെറുക്കിയെടുക്കണം. അല്ലെങ്കിൽ അവ അലിഞ്ഞുപോകും.

അസാദ്ധ്യമെന്ന് മുദ്രകുത്തപ്പെട്ടേക്കാവുന്ന കാര്യങ്ങളോടുള്ള സമീപനരീതിയാണ് മനുഷ്യനെ സാധാരണക്കാർ, അസാധാരാണക്കാർ എന്ന് തരം തിരിക്കുന്നത്. ഒരുവന്റെ മഹത്വം അളക്കപ്പെടുന്നത് അയാൾ അതിജീവിച്ച പ്രതിസന്ധികളുടെ വലിപ്പം വച്ചാണ്. അല്ലാതെ കാറ്റും കോളും തിരമാലകളും ഒന്നുമില്ലാത്ത സമുദ്രത്തിലൂടെ എത്രദൂരം സഞ്ചരിച്ചു എന്നതിന്റെ അടിസ്ഥാനത്തിലല്ല.

ഒരു വ്യക്തിയുടെ വിജയപരാജയത്തിന്റെ കാതൽ അവന്റെ ചിന്താഗതികളാണ്. വിശുദ്ധബൈബിൾ പഠിപ്പിക്കുന്നു നിന്റെ ചിന്ത എന്താണോ നീ അതായിത്തീരും. ശ്രീബുദ്ധൻ പഠിപ്പിക്കുന്നു നീ എന്തായിത്തീരുന്നുവോ അത് നിന്റെ ചിന്തയുടെ ഫലമാണ്.

ഒരു അമേരിക്കൻ ഷൂസ് നിർമ്മാണ കമ്പനി അവരുടെ ഷൂസ് മാർക്കറ്റു ചെയ്യുവാൻ ഒരു മാർക്കറ്റിംഗ് മാനേജരെ ആഫ്രിക്കയിലേയ്ക്കു വിട്ടു. ഇദ്ദേഹം ആഫ്രിക്കയിലെ പല സ്ഥലങ്ങളിലും പോയി. പല ആൾക്കാരെയും കണ്ട് സംസാരിച്ചതിനു ശേഷം നിരാശനായി തന്റെ ബോസിനെ വിളിച്ചു പറഞ്ഞു. സാർ ഇവിടെ നമ്മുടെ ഷൂസ് മാർക്കറ്റ് ചെയ്യുവാൻ ഒരു സാദ്ധ്യതയും കാണുന്നില്ല. കാരണം ഈ നാട്ടിൽ ആരും ഷൂസ് ഉപയോഗിക്കുന്നില്ല. അതുകൊണ്ട് ഞാൻ തിരിച്ചുപോരുകയാണ്. അദ്ദേഹം തിരിച്ചുപോന്നു. പക്ഷേ കമ്പനി അവരുടെ ശ്രമം ഉപേക്ഷിച്ചില്ല. മറ്റൊരു മാർക്കറ്റിംഗ് മാനേജരെ ആഫ്രിക്കയിലേയ്ക്ക് വിട്ടു. ഇദ്ദേഹം തന്റെ മുൻഗാമി ചെയ്തതുപോലെ പല സ്ഥലങ്ങളിൽ പോയി. പലയാൾക്കാരെ കണ്ടു. സംസാരിച്ച ശേഷം വളരെ സന്തോഷവാനായി തന്റെ ബോസിനെ വിളിച്ചു പറഞ്ഞു; സാർ, നമ്മുടെ കൈയിൽ സ്റ്റോക്കുള്ള മുഴുവൻ ഷൂസുകളും എത്രയും വേഗം ഇവിടെ എത്തിക്കുക. നമുക്കിവിടെ ഇഷ്ടം പോലെ ഷൂസ് മാർക്കറ്റ് ചെയ്യുവാൻ സാധിക്കും. ഇതു കേട്ട ബോസ് അമ്പരന്നുപോയി. അദ്ദേഹം ചിന്തിച്ചു; ആദ്യം പോയ ആൾ പറഞ്ഞു യാതൊരുവിധ സാധ്യതയും ഇല്ലായെന്ന്. ഇയാൾ പറയുന്നു, വളരെയേറെ സാദ്ധ്യതയെന്ന്. ബോസ് രണ്ടാമനോടു ചോദി

ച്ചു എന്തു സാധ്യതകളാണ് താന വിടെ കാണുന്നതെന്ന്. രണ്ടാമൻ പറഞ്ഞു; സാർ, നമുക്കിവിടെ ഒരു മത്സരമേയില്ല. ഈ നാട്ടിൽ ആരും ഷൂസ് വിൽപ്പന നടത്തുന്നില്ല. അതു കൊണ്ട് ബിസിനസിൽ നമുക്കാരും എതിരാളികളായില്ല. ഷൂസ് ഉപയോ ഗിച്ചാലുള്ള പ്രയോജനത്തെപ്പറ്റി ഇന്നാട്ടുകാരെ ഒന്നു ബോധവത്ക്കരി ച്ചാൽ നമുക്ക് ഇഷ്ടം പോലെ ബിസി നസ് ലഭിക്കും.


ഇവിടെ ഒരേ കമ്പനിയിൽ ഒരേ ജോലി ചെയ്യുന്ന ഒരേ വിദ്യാഭ്യാസ മുള്ള രണ്ടു വ്യക്തികളെയാണ് നാം കാണുന്നത്. പക്ഷേ ഇവരുടെ ചിന്താ ഗതികൾ വ്യത്യസ്തമായിരുന്നു. കമ്പ നിയിൽ തിരിച്ചെത്തുന്ന ഈ രണ്ടു വ്യക്തികളെയും മേലധികാരികൾ എങ്ങനെയാവാം സ്വീകരിക്കുക. ആദ്യം പോയി വന്നയാളിന് കമ്പനി ഒരു "താങ്ക് യൂ" കാർഡ് കൊടുക്കും. ഇന്നു വരെ ചെയത സേവനത്തിനു നന്ദി ഇനി തന്റെ സേവനം കമ്പനിക്ക് ആവശ്യമില്ല. നമ്മുടെ ഒത്തിരി ചെറുപ്പക്കാർ ഒത്തിരി പ്രതീക്ഷ യോടെ ഉന്നത ശമ്പളം കിട്ടുന്ന ജോലിയിലേയ്ക്ക് മറുനാടുകളി ലൊക്കെ പോയിച്ചേരും ചെറുപ്രായ ത്തിലെ ഉന്നത ശമ്പളമൊക്കെ കിട്ടുമ്പോൾ ജീവിതം ആഡംബരമാ ക്കും ഒരു ദിവസം അപ്രതീക്ഷിത മായി "താങ്ക് യൂ" കാർഡ് കിട്ടു മ്പോൾ ചില്ലു കൊട്ടാരം പോലെ ഇവർ തകരുന്നത് നിത്യ കാഴ്ചയാ ണ്.

രണ്ടാമനെ കമ്പനി പ്രമോഷനും പാരിതോഷികവും അവാർഡും മറ്റും കൊടുത്ത് ആദരിക്കും. ഇനിയുള്ള ഗവൺമെന്റ് ജോലിയൊന്നും ആരും കാര്യമായി പ്രതീക്ഷിക്കേണ്ട. പ്രൈ വറ്റ് സെക്ടറുകളിലാണ് ഇനിയും ജോലി സാദ്ധ്യതകൾ. അവിടെ റിസൽറ്റാണ് വേണ്ടത്. ന്യായീകരണ മല്ല. കഴിവുള്ളവരെ എത്ര വളർ ത്താമോ അത്രയും വളർത്തും കഴി വില്ലാത്തവർ കറിവേപ്പില പോലെ പുറംതള്ളപ്പെടും.

ഒരു പോസിറ്റീവ് ചിന്താഗതി യുടെ വക്താക്കളാണോ നിങ്ങൾ വിജയം എപ്പോഴും നിങ്ങൾക്കൊപ്പം കാണും തീർച്ച.

# തേൻപോൾ മധുരം

**പ്രൊഫ. മാത്യു ഉലകുംതറ**



ജോൺപോൾ ദ്വിതീയനാം പുണ്യതാതാ
തേൻപോൽ മധുരം ഭവാന്റെ നാമം
പാറമട വിട്ടുയർന്നവനേ
പാറമേൽ പള്ളിയേ കാത്തവനേ
(ജോൺപോൾ..........)

പോളണ്ടിൽ പാഴിരുൾ വീണകാലം
മോളിലാകാശത്തുയർന്ന്പൊങ്ങി
സാത്താനുയർത്തിയ കൂരിരുട്ടിൽ
(ജോൺപോൾ..........)

ഭൂമിക്കുചുറ്റും പറന്നവനേ
ഭൂമിയേചുംബിച്ചുയർത്തിയോനേ
യേശുവിൻ ദിവ്യസഭയ്ക്കുവന്ന
വീഴ്ച്ചകൾ ഏറ്റുപറഞ്ഞവനേ
(ജോൺപോൾ...........)

പത്രോസിൻ ശ്രേഷ്ഠസിംഹാസനത്തിൽ
കർത്തൃശുശ്രൂഷയ്ക്കിരുത്തിയപോൽ
പുണ്യവാന്മാരുടെ പൂജ്യപീഠം
തന്നു ഭവാനെയുയർത്തിയീശോ
(ജോൺപോൾ...........)

ചീറിവരും വെടിയുണ്ടമേലും
കാരുണ്യമാരി ചൊരിഞ്ഞവനേ
വിണ്ണിലീ ഞങ്ങൾ വന്നെത്തുവോളം
ദണ്ഡങ്ങളിൽത്തുണയേകീടേണം
(ജോൺപോൾ...........)




## മികച്ച അദ്ധ്യാപകനുള്ള ദേശീയ അവാർഡ്

ഇരവിപേരൂർ സെന്റ് ആൻസ് ഇടവകാംഗം ഡോ.വറുഗീസ്. പി. പീറ്റർ 2015 സെപ്റ്റംബർ 5-ാം തീയതി അദ്ധ്യാപകദിനത്തിൽ രാഷ്ട്രപതി പ്രണബ് മുഖർജിയിൽനിന്നും മികച്ച അദ്ധ്യാപകനുള്ള ദേശീയ അവാർഡ് സ്വീകരിച്ചു. പത്തനംതിട്ട റവന്യുജില്ലയിൽ കുമ്പനാട് ഗവൺമെന്റ് ബോയ്സ് സ്കൂളിൽ പ്രഥമാദ്ധ്യാപകനായിരുന്നു. തിരുവല്ല അതിരൂപതാ




പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയും അതിരൂപത കാറ്റക്കിസം എക്സിക്യൂട്ടീവ് കമ്മറ്റി അംഗവും ആയിരുന്നു. ഇപ്പോൾ ചെങ്ങരൂർ മാർ സേവേറിയോസ് ട്രെയിനിംഗ് കോളജിൽ ലക്ചററായി പ്രവർത്തിക്കുന്നു. പുറമറ്റം പുത്തൻകയ്യാലക്കൽ കുടുംബാംഗം. തിരുവല്ലാ അതിരൂപതയിൽ സേവനമനുഷ്ടിക്കുന്ന വറുഗീസ് മാളിയേക്കലച്ചന്റെ സഹോദരി ശോശാമ്മ എം.റ്റി. (മാരാമൺ എൽ.എഫ്.എൽ.പി. സ്കൂൾ അദ്ധ്യാപിക) സഹധർമ്മിണിയാണ്

## നേട്ടം




രാജീവ്ഗാന്ധി യൂണിവേഴ്സിറ്റി നേഴ്സിംഗ് കോളജ് കർണ്ണാടക സ്റ്റേറ്റ് അത്‌ലറ്റിക് മീറ്റിൽ 100 മീറ്റർ ഓട്ട മത്സരത്തിൽ വെള്ളിമെഡൽ നേടിയ കുമാരി ജൂബിന കെ മാത്യൂ (Jubina K. Mathew),കുഴിക്കാലായിൽ.സിയോൺ മെഡിക്കൽ കോളജ് Nursing I st year വിദ്യാർത്ഥിനിയാണ്.മണ്ണടിശാല സെന്റ് ജോസഫ് മലങ്കര കത്തോലിക്കാ ചർച്ച് അംഗമാണ്. ഇരുവെള്ളിപ്ര സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂൾ ലാബ് അസിസ്റ്റന്റ് മാത്യു. കെ. റ്റി. കുഴിക്കാലയുടെ മകളാണ്.

## Scholarship ലഭിച്ചു

കോട്ടയം.മലയാളി യുവാവിന് ഒരുകോടിരൂപയുടെ വിദേശ **Scholarship** കോട്ടയം അരിപ്പറമ്പ് പാതയിൽ മൈക്കിൾ ജേക്കബ് മാത്യുവിനാണ് **Scholarship** ലഭിച്ചത്. ഇന്റലിജെൻഡ് റോബോട്ടിക്സ് ആൻഡ് കൊഡീഷൻ ലാബ് എന്ന വിഷയത്തിൽ ഇഗ്ലണ്ടിലെ ബർമിങ്ഹു സർവകലാശാലയിലാണ് ഗവേഷണം. യന്ത്രമനുഷ്യന്റെ കഴിവുകൾ വികസിപ്പിക്കാൻ ലോകമെങ്ങും ഗവേഷണം നടത്തുകയാണ്. ഇതിനായുള്ള ബോറിസ്ദാ റോബോട്ടിലാണ് മൈക്കിൾ ഗവേഷണം നടത്തുക. ഈ വർഷം **Scholarship** ലഭിച്ചവരിലെ ഏകമലയാളിയാണ് 26 കാരനായ മൈക്കിൾ. വിജയപുരം സർവ്വീസ് സഹകരണ ബാങ്ക് മുൻ സെക്രട്ടറി **P.A.Mathew** ന്റെയും. പുതുപ്പള്ളി റബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ **Scientific Assistent, Sherly Jacob** ന്റെയും മകനാണ്. സഹോദരി മേരി സാറാ മാത്യു പോണ്ടിച്ചേരി **BSC Nursing** വിദ്യാർത്ഥിനിയാണ്.





**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചുകൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ചുങ്കപ്പാറ സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാ പള്ളിയിൽ വച്ച് നടത്തപ്പെട്ട മദ്ധ്യസ്ഥ പ്രാർത്ഥനയിൽ ലഭിച്ച അനുഗ്രഹത്തിന് ഉപകാരസ്മരണ**

**ജിൻസി റെയിച്ചൽ തോമസ്**
**കോട്ടയിൽ**





# തിരുവല്ല അതിരൂപത ബൈബിൾ കലോത്സവം



മലങ്കര സുറിയാനി കത്തോലിക്കാ സഭ ബൈബിൾ കലോത്സവം ഒക്ടോബർ 22-ാം തീയതി വ്യാഴാഴ്ച്ച ശാന്തിനിലയത്തിൽ വെച്ച് നടത്തപ്പെട്ടു. അതിരൂപതാ മതബോധന ഡയറക്ടർ ബഹു.ഡേവിഡ് വടക്കുംമുറിയിലച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ മലങ്കര സുറിയാനി കത്തോലിക്കസഭ സാധാരണ കോടതി അദ്ധ്യക്ഷൻ റവ.ഡോ. വർഗീസ് മനയ്ക്കലേട്ട് അച്ചൻ കലോത്സവം ഉദ്ഘാടനം ചെയ്തു. അതിരൂപതയുടെ 9 വൈദികജില്ലകളിൽനിന്നുള്ള 700-ൽ അധികം കുട്ടികൾ ബൈബിൾ കലോത്സവത്തിൽ പങ്കെടുത്തു. തിരുവല്ല അതിരൂപത വികാരി ജനറൽ ബഹു. മോൺ.ആന്റണി ചെത്തിപ്പുഴ അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമാപനസമ്മേളനത്തിൽ തിരുവല്ല അതിരൂപതാ അദ്ധ്യക്ഷൻ ആർച്ച് ബിഷപ്പ് തോമസ് മാർ കൂറിലോസ് പിതാവ് സമ്മാനദാനം നിർവഹിച്ചു. ബെസ്റ്റ് ഡിസ്ട്രിക്റ്റ് അവാർഡുകൾ യഥാക്രമം മല്ലപ്പള്ളി, തിരുവല്ല, കുമളി എന്നീ മേഖലകൾ കരസ്ഥമാക്കി. ഏറ്റവും കൂടുതൽ പോയിന്റുകൾ കരസ്ഥമാക്കിയ ഇടവകകൾ യഥാക്രമം കത്തീഡ്രൽ, ബാലഗ്രാം, ആനിക്കാട് എന്നിവയാണ്.










85

# പുനരൈക്യവാർഷികവും സഭാസംഗമവും










റാന്നി ചെല്ലക്കാട്,പൂഴിക്കുന്ന് കോയിക്കൽ വീട്ടിൽ **John K. Joseph**-ന്റെയും, **Mini John Joseph**-ന്റെയും മകൻ **Kevin K. Joseph**-ന്റെ ആദ്യകുർബാന സ്വീകരണം 17/9/2015 ൽ പൂഴിക്കുന്ന് **Sacred Heart Malankara Syrian Catholic Church**ൽ വെച്ച് **Rev. Fr. Mathew Vazhayil**- ന്റെ മുഖ്യകാർമികത്വത്തിൽ നടത്തപ്പെട്ടു.

## നിത്യതയിൽ 50 വർഷങ്ങൾ



**ഫാ. സഖറിയാസ് പടിഞ്ഞാറെക്കുറ്റ്**
**അമയന്നൂർ**

ജനനം – 1900 പൗരോഹിത്യം – 1926 മരണം – 1965

ആചാര്യേശാ മിശിഹാ കൂദാശകളർപ്പിച്ചോ
രാചാര്യൻമാർക്കേകുക പുണ്യം നാഥാ സ്തോത്രം.

കുടുംബാംഗങ്ങൾ

## ഒന്നാം ചരമവാർഷികം
## 6 – 11 – 2015



**കെ. ജെ. ജോൺ**
**കാട്ടുങ്ങൽ**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്ത് "

സന്തപ്ത കുടുംബാംഗങ്ങൾ

Date of Publication: 28-10-2015 **AIKYADEEPAM MONTHLY** **REG. NO. G/KL/TLA/40/2015-17**
Price ₹ 10/- Marygiri, Tiruvalla, Kerala. Ph: 0469-2600626. Fax: 0469-2600822 **R.N.I. 35982/80**
**November 2015**




കൈലാത്തുമലയിൽ സെബാസ്റ്റ്യൻ തോമസിന്റെയും ജെസ്സി സെബാസ്റ്റ്യന്റെയും മകൻ **ജസ്റ്റിൻ തോമസ് സെബാസ്റ്റ്യനും,** കാവുംഭാഗം തൈപ്പറമ്പിൽ ആലച്ചേരിൽ വർഗീസ് ഏബ്രഹാമിന്റെയും ഷീബ ഏബ്രഹാമിന്റെയും മകൾ **അയ്ഡാ. എസ്. ഏബ്രഹാമും** തമ്മിലുള്ള വിവാഹം സെപ്റ്റംബർ 10-ാം തീയതി **അഭി. ഏബ്രഹാം മാർ ജൂലിയോസ് മെത്രാപ്പോലീത്തയുടെ** മുഖ്യ കാർമ്മീകത്വത്തിൽ സെന്റ്. ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് നടത്തപ്പെട്ടു.



*Wedding*

**Arun**
with
**Rachel**

ഇരട്ടപ്ലാമൂട്ടിൽ ഇ.വി. വർഗീസിന്റെയും ഏലിയാമ്മ വർഗീസിന്റെയും മകൻ **അരുൺ വർഗീസും,** തഴവ, കുറ്റിക്കാട്ട് ജേക്കബ് ഉമ്മന്റെയും സാറാമ്മ ജേക്കബിന്റെയും മകൾ **റെയ്ച്ചൽ ജേക്കബും** തമ്മിലുള്ള വിവാഹം **അഭി. ഫിലിപ്പോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പായുടെ** മുഖ്യ കാർമികത്വത്തിൽ തിരുവല്ല സെന്റ്. ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് നടത്തപ്പെട്ടു.

*Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Dona Press, Kottayam. Kerala, Chief Editor : Fr. Varghese Chamakalayil*